കേരള സർക്കാർ

# എറണാകുളം ജില്ലാപഞ്ചായത്ത്

2016-17

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(ഡി.പി.)2204/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി :23/12/2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എറണാകുളം ജില്ലാ പഞ്ചായത്ത്

.
സർ,

വിഷയം : എറണാകുളം ജില്ലാപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറണാകുളം ജില്ലാപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം അറിയിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ജില്ലാപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം.)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(ഡി.പി.)2204/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി :23/12/2017

## എറണാകുളം ജില്ലാപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലാപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 10.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ജില്ലാപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 63 ഓഡിറ്റ് എൻക്വയറികൾ നൽകിയതിൽ 37 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ധന്യ ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.11.2017 മുതൽ 30.11.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അജിതൻ റ്റി.എൻ.<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.മൈക്കിൾ കെ.എ.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പോളി റ്റി.ഒ.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ജോമോൾ എം.ജോണി<br>അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. റഷീദ് സി.എം.<br>അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ. ഹരീഷ് ബാബു<br>അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീ ശ്രീജിത്ത് സി.ഡി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ഷൈബി ഇ.ഡി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബബിത ബി.കുമാർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാജീവ് ആർ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ആശ സനിൽ | 01.04.2016 മുതൽ<br>31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | അഡ്വ.ബി.എ.അബ്ദുൾ മുത്തലിബ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺസ് | | |
| വികസന കാര്യം | ശ്രീമതി.ഡോളി കുര്യാക്കോസ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| ക്ഷേമകാര്യം | ശ്രീമതി സി.കെ.റസിയ | 01.04.2016 മുതൽ<br>31.03.2017 വരെ |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | ശ്രീമതി ജാൻസി ജോർജ്ജ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| പൊതുമരാമത്ത് | ശ്രീ. അയ്യപ്പൻകുട്ടി | 01.04.2016 മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.കെ.കെ.അബ്ദുൾ റഷീദ് | 01.04.2016 മുതൽ<br>31.03.2017 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി വി.ഡി.ജലജാമണി | 01.04.2016 | 31.03.2017 |
| ഡെപ്യൂട്ടി ഡയറക്ടർ(കൃഷി) | ശ്രീ ജോൺസൺ ജോസഫ് | 01.04.2016 | 31.03.2017 |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | ഡോ.പ്രമുദ ദേവി | 01.04.2016 | 31.05.2016 |
| | ശ്രീ.ദേവരാജൻ പരമേശ്വരൻ | 01.06.2016 | 31.07.2016 |
| | ശ്രീ.വിജ്ജു ജോർജ്ജ് | 01.08.2016 | 28.08.2016 |
| | ശ്രീ.ജയചന്ദ്ര കമ്മത്ത് | 29.08.2016 | 31.03.2017 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | ശ്രീമതി ഷൈലജ | 01.04.2016 | 31.03.2017 |
| ഡെപ്യൂട്ടി ഡയറക്ടർ, | ശ്രീ ഷൈൻ മോൻ | 01.04.2016 | 06.10.2016 |

| | | | |
|---|---|---|---|
| പൊതു വിദ്യാഭ്യാസം | ശ്രീമതി.ലൗലി സൈമൺ | 06.10.2016 | 10.11.2016 |
| | ശ്രീ. സി.എ.സന്തോഷ് | 10.11.2016 | 31.03.2017 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | ശ്രീ.എ.എൻ.അബ്ദുൾസത്താർ | 01.04.2016 | 31.03.2017 |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | ശ്രീമതി.ശാലിനി ഗോപിനാഥ് | 01.04.2016 | 19.04.2016 |
| | ശ്രീ.റാഫി പോൾ (ഇൻ ചാർജ്) | 20.04.2016 | 01.07.2016 |
| | ശ്രീ.ജോസ് ജേക്കബ് | 02.07.2016 | 31.03.2017 |
| ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ശ്രീ.കെ.കെ.വിനയൻ | 01.04.2016 | 31.07.2016 |
| | ശ്രീമതി. പ്രീതി വിൽസൺ | 01.08.2016 | 31.03.2017 |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) | ഡോ. പി.എസ്. റോസമ്മ | 01.04.2016 | 31.03.2017 |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി (ആയുർവേദം) | ഡോ. സി.ജി. സജീവ് കുമാർ | 01.04.2016 | 31.03.2017 |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി (ഹോമിയോ) | ഡോ. ലീനാ റാണി | 01.04.2016 | 04.08.2016 |
| | ഡോ. ശക്തി കുമാർ പൈ | 05.08.2016 | 14.10.2016 |
| | ഡോ. സോമസുന്ദരി | 14.10.2016 | 31.03.2017 |
| പ്രൊജക്ട് ഓഫീസർ, ദാരിദ്ര ലഘൂകരണ യൂണിറ്റ് | ശ്രീ കെ.വി.അബ്ദുൾ അസീസ് | 01.04.2016 | 17.08.2016 |
| | ശ്രീ.ബിൻസ് സി. തോമസ് | 18.08.2016 | 31.03.2017 |
| മാനേജർ, ജില്ലാ ഇൻഡസ്ട്രീസ് സെന്റർ | ശ്രീ ബിജു കെ. എബ്രഹാം | 01.04.2016 | 31.03.2017 |
| ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീ | ശ്രീമതി ടാനി തോമസ് | 01.04.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ബജറ്റ് അപാകതകളും നിർദ്ദേശങ്ങളും | 2-1 |
| 13 | ജില്ലാപഞ്ചായത്തിന്റെ ഫാമുകളിൽ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിലെ പോരായ്മകൾ | 2-2 |
| 14 | തൈകൾ വിൽപ്പന- മുഴുവൻ തുകയും ലഭ്യമായില്ല | 2-3 |
| 15 | അങ്കമാലി മുയൽ വളർത്തൽ കേന്ദ്രം വികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല | 2-4 |
| | ഭാഗം -3 | |
| 16 | ഇന്റർലോക്ക് കട്ട വിരിക്കലിന് അധിക നിരക്ക് നൽകി | 3-1 |
| 17 | ബില്ലിൽ ടെണ്ടർ കുറവ് വരുത്തിയതിൽ അപാകത | 3-2 |
| 18 | മെറ്റലിന്റെ വോയിഡിനുള്ള കുറവ് വരുത്തിയില്ല. | 3-3 |
| 19 | ഫോം വർക്കിന് അധിക നിരക്ക് നൽകി. | 3-4 |
| 20 | റോഡ് വർക്ക് സീൽ കോട്ട് - അധിക നിരക്ക് നൽകിയത് | 3-5 |
| 21 | അധിക അളവിൽ മെറ്റലിംഗ് നടത്തിയത് അംഗീകരിക്കുന്നില്ല | 3-6 |
| 22 | പ്രവൃത്തി ആകെ മൂല്യത്തിനേക്കാൾ തുക ചെലവഴിച്ച | 3-7 |
| 23 | കെ എ ഡി -പാടം റോഡ് നിർമ്മാണം C.C 1:3:6 എന്ന ഇനത്തിന് അധിക നിരക്ക് നൽകി. | 3-8 |
| 24 | പുന്നേപ്പടി-തൃക്കളത്തൂർ റോഡ് നിർമ്മാണം -രണ്ട് ഇനങ്ങൾക്ക് അധിക നിരക്ക് നൽകി | 3-9 |
| 25 | ആദായ നികുതി ഈടാക്കിയതിൽ കുറവ് | 3-10 |
| 26 | കൺവീനർ പ്രവൃത്തി - ഓവർ ഹെഡ് നൽകിയെങ്കിലും ടാക്സ് ഈടാക്കിയില്ല. | 3-11 |
| 27 | വാറ്റ് ഈടാക്കിയതിൽ കുറവ് | 3-12 |
| 28 | ജില്ലാപഞ്ചായത്ത് വിതരണം ചെയ്ത ബിറ്റുമിന്റെ വില ബില്ലിൽ കുറവ് ചെയ്തില്ല | 3-13 |
| 29 | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം- രൂ. 46,848 അധികം നൽകി | 3-14 |
| 30 | ബിറ്റുമിൻ നൽകിയത് സംബന്ധിച്ച് | 3-15 |
| 31 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 3-16 |
| 32 | കരിങ്കോഴി ഗ്രാമം പദ്ധതി – അനുവദനീയമായതിലും | 3-17 |

| | | |
|---|---|---|
| | അധികം ധനസഹായം നൽകി | |
| 33 | ക്ഷീരവർദ്ധിനി പദ്ധതി - ധനസഹായം കൈപ്പറ്റിയയാൾ പശുവിനെ വാങ്ങിയില്ല | 3-18 |
| 34 | സി.ഡി.എസ്. കൾക്ക് മാർക്കറ്റിംഗ് കിയോസ്കുകൾ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം ചെയ്തു | 3-19 |
| 35 | കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കൽ-അപാകതകൾ | 3-20 |
| 36 | സുഭിക്ഷ -പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തു | 3-21 |
| 37 | പി.എം.എ.വൈ ഭവനപദ്ധതി – വിഹിതം നൽകൽ -അപാകതകൾ | 3-22 |
| 38 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം പദ്ധതി – തുടർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നില്ല | 3-23 |
| 39 | ഡെപ്പോസിറ്റ് വർക്ക് – ചെലവു രേഖകൾ ഹാജരാക്കിയില്ല | 3-24 |
| 40 | കൊയ്ത്ത് മെതിയന്ത്രത്തിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല | 3-25 |
| 41 | കൊയ്ത്ത്മെതിയന്ത്രം വാങ്ങൽ - ടെണ്ടറിംഗ് നടപടിയിലെ അപാകത മൂലം അധികം തുക നൽകി. | 3-26 |
| 42 | എസ്.സി. വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരിപഠനം -അപാകതകൾ | 3-27 |
| 43 | ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല | 3-28 |
| 44 | ജില്ലാ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ | 3-29 |
| 45 | ഓപ്പറേഷൻ തീയറ്റർ - നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-30 |
| 46 | സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ഒക്കൽ – വാഹനവാടക നൽകിയതിൽ അപാകത | 3-31 |
| 47 | ജില്ലാ ആയുർവ്വേദ ആശുപത്രി – സമയബന്ധിതമായി മരുന്ന് ലഭിക്കുന്നില്ല | 3-32 |
| 48 | ഖനനം ചെയ്ത മണ്ണ് ലേലം ചെയ്തില്ല – ഇതര അപാകതകൾ | 3-33 |
| 49 | കമ്പി ആവശ്യമായതിലും അധിക അളവിൽ ഉപയോഗിച്ചത് | 3-34 |
| 50 | തനത് ഫണ്ട് ചെലവ് രേഖകളിലെ അപാകതകൾ | 3-35 |
| 51 | ഡ്രൈ റബിൾ മേസണറി - തെറ്റായ അളവു രേഖപ്പെടുത്തി അധിക തുക നൽകി. | 3-36 |
| 52 | അധിക അളവ് പ്രവൃത്തിക്ക് ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു. | 3-37 |
| 53 | എക്സ്ട്രാ ഐറ്റത്തിന് ടെണ്ടർ കുറവ് ബാധകമാക്കിയില്ല - 7194 രൂപ നഷ്ടം | 3-38 |

| | | |
|---|---|---|
| | ഭാഗം 4 | |
| 54 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 55 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 56 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 57 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 58 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 59 | ഓഡിറ്റ് റിക്കവറി | 4-6 |
| 60 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 63 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 64 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 65 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| 66 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |
| 67 | ജില്ലാപഞ്ചായത്ത് വിഭാവനം ചെയ്ത പദ്ധതികൾ | അനുബന്ധം 5 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിലെ 1-ാം നമ്പർ തീരുമാനം പ്രകാരം ജില്ലാ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 212,12,47,109 | 212,01,36,109 |
| വാർഷിക കണക്ക് പ്രകാരം | 66,69,28,625 | 62,63,20,459 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 21.06.2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13,85,10,046 |
| വരവ് | 66,69,28,625 |
| ആകെ | 80,54,38,671 |
| ചെലവ് | 62,63,20,459 |
| നീക്കിയിരിപ്പ് | 17,91,18,212 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 32,83,09,301 | 19,00,03,788 | 57.87 |
| വികസനഫണ്ട് - (എസ്.സി.പി.) | 13,25,15,760 | 9,90,11,940 | 74.72 |
| വികസനഫണ്ട് - (ടി..എസ്.പി.) | 63,15,471 | 38,15,000 | 60.4 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 40,44,45,093 | 20,51,64,472 | 50.73 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 7,42,58,574 | 5,10,49,578 | 68.75 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (*) | | |
| 884 | 1176214211 | 482 | 569037175 | 383 | 19 | 54.52 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 55 | 37 | 138285045 | 105662849 | 76.41 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 746 | 396 | 789842289 | 259675561 | 32.87 |
| പ്രൊജക്ട് ഓഫീസർ - ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 3 | 3 | 94023081 | 94023081 | 100 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 25 | 11 | 28057853 | 16981134 | 60.52 |
| സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം) | 3 | 3 | 10500000 | 10500000 | 100 |
| സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (അലോപ്പതി ) | 9 | 9 | 12364286 | 12343887 | 99.84 |
| സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ ) | 1 | 1 | 1000000 | 1000000 | 100 |
| ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | 1 | 1 | 4264281 | 4264281 | 100 |
| ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 7 | 5 | 22250829 | 17181908 | 77.22 |
| മാനേജർ ജില്ലാ ഇൻഡസ്ട്രീസ് സെൻറർ | 1 | 1 | 115885 | 115885 | 100 |
| ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം | 4 | 4 | 7619648 | 7617991 | 99.98 |
| ഡെപ്യൂട്ടി ഡയറക്ടർ (ഡയറി) | 1 | 1 | 25000000 | 25000000 | 100 |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 2 | 2 | 17947326 | 707321 | 3.94 |
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | 2 | 2 | 8605188 | 8603325 | 99.98 |
| ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീ | 6 | 6 | 7947500 | 5409952 | 68.07 |
| ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം | 1 | 0 | 600000 | - | - |

| | | | | | |
|---|---|---|---|---|---|
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം | 17 | 0 | 7791000 | - | - |
| ആകെ | 884 | 482 | 1176214211 | 569087175 | 48.38 |

ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം), എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം, ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം എന്നിവർ ഒരു പ്രൊജക്ട് പോലും നടപ്പിലാക്കിയില്ല. ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

തനത് വരുമാനത്തിൽ തൻ വർഷം മുൻവർഷത്തേക്കാൾ 54.96% വർദ്ധനവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | 17195772 | 28655683 | (+)11459911 | (+)66.64 |
| മറ്റുവരവുകൾ | 1569206 | 423037 | (-)1146169 | 73.04 |
| ആകെ | 18764978 | 29078720 | 10313742 | 54.96 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7525/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 അഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ പ്രധാന രജിസ്റ്ററായ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. ആയതിനാൽ ധനകാര്യ പത്രിക പ്രകാരമുള്ള ഇൻവെസ്റ്റ്മെന്റുകൾ കൃത്യമായി പരിശോധിക്കുവാൻ കഴിയുന്നില്ല. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. ആസ്തി രജിസ്റ്ററും കൃത്യമായി എഴുതുന്നില്ല. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തി വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.16മുതൽ 28.12.16 വരെ | 2015-16 | 18/എ 4/2017/ ആർ.പി. എ. ഒ. തീയതി 18.4.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.03.16 മുതൽ 20.4.16 വരെ | 2014-15 & 2015-16 | എൽ.ബി.എ.എച്ച്.ക്യൂ./ 8 എ/24/33/ 16-17/ തീയതി.24.5.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് - അപാകതകളും നിർദ്ദേശങ്ങളും

എറണാകുളം ജില്ലാപഞ്ചായത്ത് 29.02.2016 ൽ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകരിച്ച 2016-17 ലെ ബജറ്റ് പരിശോധിച്ചതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് നിയമം 1994 സെക്ഷൻ 214 ( 3 ) പ്രകാരം ബജറ്റ് വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ തുകകളിൽ നിന്നുള്ള വ്യതിയാനത്തോടൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. മേൽ ബജറ്റിൽ 'മറ്റിനങ്ങൾ' എന്ന ഇനത്തിൽ പല ഹെഡ്ഡിലും പ്രതീക്ഷിച്ചിരിക്കുന്ന തുകയുടെ ഇത്തരത്തിലുള്ള വിശദീകരണങ്ങളോ കുറിപ്പുകളോ ഇല്ല.

ഉദാ:- നികുതിയേതര വരവുകൾ എന്ന സബ് ഹെഡ്ഡിലെ 'മറ്റിനങ്ങൾ' എന്ന ഇനത്തിൽ നിന്നും 2,00,00,000 രൂപയും കേന്ദ്ര-സംസ്ഥാന ധനസഹായം എന്ന സബ് ഹെഡ്ഡിലെ മറ്റിനങ്ങൾ എന്ന ഇനത്തിൽ നിന്നും 3,30,00,000 രൂപയും സംസ്ഥാന സർക്കാരിൽ നിന്നുള്ള നോൺ പ്ലാൻ ഗ്രാന്റുകൾ എന്ന സബ്ഹെഡ്ഡിലെ മറ്റിനങ്ങൾ എന്ന ഇനത്തിൽ നിന്നും 5,39,09,240 രൂപയും പ്രതീക്ഷിച്ചതായി കാണുന്നു. പ്രസ്തുത ഇനങ്ങളെ കുറിച്ച് വിശദീകരണം നൽകേണ്ടതാണ്.

2) ജനാധിപത്യ ജലസഭ എന്ന പദ്ധതി നടപ്പാക്കുന്നതിനായി 82 കോടി രൂപ 'കാഷ് മുഖേന' എന്ന ഹെഡ്ഡിൽ പ്രതീക്ഷിച്ചിരിക്കുന്നു. ഈ വിഷയത്തിന്റെ സർവ്വെ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്കായി 2016-17 ൽ പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല. വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് നടത്തിയ ഒരു മീറ്റിംഗിന്റെ വൗച്ചർ മാത്രമാണുള്ളത്. ആയതിന്റെ മിനിട്ട്സും പരിശോധനക്കായി ലഭ്യമാക്കിയില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന എല്ലാ ഗ്രാമ പഞ്ചായത്തിലും ഒരു കോടി രൂപയുടെ ജലസംരക്ഷണ, നീർത്തട സംരക്ഷണ പദ്ധതികൾ നടപ്പാക്കുമെന്നതാണ് പദ്ധതി. ജില്ലാ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിലെ ഒന്നാണിത്. ജലസംരക്ഷണം ആണ് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കാൻ പോകുന്ന ഏറ്റവും മഹനീയമായ ദൗത്യം എന്ന ആമുഖത്തോടെ ഏറ്റവും ആദ്യ സ്ഥാനത്ത് രേഖപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ നാമ മാത്രമായ പ്രവർത്തനം മാത്രമാണ് നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ പോരായ്മ ഇതിൽ നിന്ന് വ്യക്തമാണ്.

3) 1.6 കോടി രൂപ ചെലവ് ചെയ്ത് കോതമംഗലം മുനിസിപ്പാലിറ്റിയിൽ ലഭ്യമായിട്ടുള്ള സ്ഥലത്ത് മൃഗ സംരക്ഷണ മേഖലയിലെ രാജ്യത്തെ ഏറ്റവും വലിയ മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി നിർമ്മിക്കുക എന്നതായിരുന്നു ബജറ്റ് ലക്ഷ്യം. 2016-17 ൽ വിവിധ സ്ഥാപനങ്ങൾ 11 ലക്ഷത്തോളം രൂപ വിഹിതമായി നൽകിയതായും കാണുന്നു. ആയതിന്റെ നിർമ്മാണവും ആരംഭിക്കാൻ സാധിച്ചില്ല.

4) 3.03 കോടി ചെലവ് ചെയ്ത് ജില്ലാ പഞ്ചായത്തിന്റെ ഓരോ ഡിവിഷനിലും ജലാശയങ്ങളും കിണറുകളും നീർസ്രോതസ്സുകളും ശുചീകരിച്ച് സംരക്ഷിക്കുക എന്ന പ്രൊജക്ട് ജലസമ്പന്ന ജില്ല

(Water rich district) പേരിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. 320700401 എന്ന ഹെഡ്ഡിൽ ഈ ഇനത്തിന് വേണ്ടി ജില്ലയിലെ വിവിധ നഗരസഭകളിൽ നിന്ന് 17.01.2015 മുതൽ നാളിത് വരെ 87,30,000 രൂപ വിഹിതമായി ലഭിച്ചതായി കാണുന്നു. 320700403 എന്ന ഹെഡ്ഡിൽ 2,48,35,780 രൂപ 11.11.2014 മുതൽ നാളിത് വരെ പഞ്ചായത്തുകളിൽ നിന്ന് വിഹിതമായി ലഭിച്ചിട്ടുണ്ട്. മൂന്ന് വർഷം കഴിഞ്ഞിട്ടും 314/17,323/17,324/17 എന്നീ പ്രൊജക്ടുകളിലായി 35 ലക്ഷത്തോളം രൂപയുടെ പ്രവർത്തനങ്ങൾ മാത്രമാണ് നടപ്പിലാക്കാനായത്. (10 ശതമാനം മാത്രം)

5) ജില്ലാ പഞ്ചായത്ത് 2016-17 ൽ വിഭാവനം ചെയ്ത ചില പ്രധാനപ്പെട്ട പദ്ധതികൾ അനുബന്ധം 5ൽ ചേർക്കുന്നു. പ്രസ്തുത പദ്ധതികളുടെ 2016-17 ലെയോ 2017-18 ൽ നാളിത് വരെയോ ഉള്ള ചെലവുകൾ പദ്ധതികൾ നടപ്പാക്കുന്നതിന് മുൻപ് എന്തെങ്കിലും പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയത് എന്നിവ ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി (നം.19) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതികളുടെ പ്രവർത്തനവും വിലയിരുത്താൻ കഴിഞ്ഞില്ല.

പദ്ധതികൾ നടപ്പാക്കാൻ സാധിച്ചില്ല എന്നത് ബജറ്റ് വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെയാണ് തയ്യാറാക്കിയത് എന്ന് വ്യക്തമാക്കുന്നു. ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ മേൽ പദ്ധതികളെല്ലാം തന്നെ മികച്ചതും പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്രദവും വിവിധ തലത്തിലുള്ള വിവര സമാഹരണത്തിന് ഉതകുന്നതും ആയിരുന്നു. എന്നാൽ പദ്ധതികളുടെ നിർവഹണത്തിലാണ് പരാജയപ്പെട്ടിരിക്കുന്നത്.

മേൽ അപാകതകളുടെ വെളിച്ചത്തിൽ ബജറ്റിനനുസരിച്ച് സമയബന്ധിതമായി പദ്ധതി നിർവഹണം നടത്തുന്നതിന് സർക്കാർ 02.12.2016 ൽ അംഗീകരിച്ച ജി.ഒ.(ആർ.ടി.)3291/2016 /ത.സ്വ.ഭ.വ പ്രകാരം നൽകിയ നിർദ്ദേശങ്ങൾ പാലിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയിട്ടാണ് മേൽ ഉത്തരവെങ്കിലും ചില പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ (ചുവടെ ചേർക്കുന്നവ) ജില്ലാപഞ്ചായത്തുകൾക്കും നടപ്പിലാക്കാവുന്നതാണ്.

(1) ബജറ്റ് അവതരിപ്പിക്കേണ്ടത് ഒരു നിശ്ചിത ഫോർമാറ്റിലാണ്. ജില്ലാ പഞ്ചായത്ത് ബജറ്റിൽ അടുത്ത വർഷത്തെ ബജറ്റ് പ്രൊപ്പോസൽ മാത്രമാണ് ഉണ്ടായിരുന്നത്. അടുത്ത വർഷത്തെ ബജറ്റ് പ്രൊപ്പോസൽ, തൻ വർഷത്തെ പുതുക്കിയ ബജറ്റ്, മുൻ വർഷത്തെ യഥാർത്ഥ ചെലവ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. ഈ താരതമ്യ പഠനം ബജറ്റ് തയ്യാറാക്കുന്നവരെ സഹായിക്കും. തുടർന്നുള്ള ബജറ്റ് തയ്യാറാക്കുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(2) മേൽ ബജറ്റ് പെർഫോർമെൻസ് ബജറ്റ്, ജൻഡർ ബജറ്റ് തുടങ്ങിയ രീതിയിൽ കൂടിയും തയ്യാറാക്കുന്നത് നിർവഹണത്തിന്റെ നിരീക്ഷണത്തിനും കാര്യക്ഷമത വർദ്ധനവിനും അഭികാമ്യമായിരിക്കും. ഉത്തരവിന്റെ 3.1.4, 3.1.5 എന്നീ ചാപ്റ്ററുകളിൽ ആയത് വിശദീകരിക്കുന്നുണ്ട്.

(3) നികുതിയേതര വരവ് കൃത്യമായി ലഭ്യമാകുന്നുണ്ടോ എന്നത് നിരീക്ഷിച്ച് ആവശ്യമെങ്കിൽ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തേണ്ട ചുമതല ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്കാണ്.

(4) വളരെ പ്രധാനപ്പെട്ടതും ജില്ലാ പഞ്ചായത്തിൽ കൃത്യമായി നടക്കാത്തതുമായ പ്രവർത്തനം ബജറ്റ് റിവ്യൂ ആണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിമാസ റിവ്യൂ നടത്തണമെന്ന് ഉത്തരവിന്റെ 4.3 ൽ സൂചിപ്പിക്കുന്നുണ്ട്. അത്തരത്തിലുള്ള പ്രത്യേക അവലോകനങ്ങൾ നടത്തിയതായി രേഖകളില്ല.ഭരണ സമിതി മിനിട്സിൽ ഒരു അവലോകനയോഗത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചേർത്തിട്ടില്ല. വിഭവ സമാഹരണം, ചെലവ് നിയന്ത്രണം, സാമ്പത്തിക, ഭൗതിക ലക്ഷ്യങ്ങൾ നിറവേറൽ, തുടങ്ങിയവ പരിശോധിക്കപ്പെടേണ്ടത് ഇത്തരം അവലോകനങ്ങളിലാണ്. ബജറ്റ് വഴിതെറ്റിപ്പോകുന്നില്ല എന്നുറപ്പിക്കാനുള്ള ഒരു നിയന്ത്രണ സംവിധാനം (budgetary controll) കൂടിയാണ് ഇത്തരം അവലോകനങ്ങൾ.

(5) ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ അവലോകന യോഗങ്ങളിൽ ചർച്ച ചെയ്യാവുന്നതാണ്.

(എ) നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഓരോ മാസവും ഒരു നിശ്ചിത തിയതിക്കുള്ളിൽ ആ മാസത്തെ പ്രോഗ്രസ്സ് റിപ്പോർട്ടും പൂർത്തീകരിച്ച പ്രൊജക്ടുകളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റുകളും ലഭ്യമാക്കാൻ ആവശ്യപ്പെടാവുന്നതാണ്.

(ബി) സെക്രട്ടറി മേൽ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(സി) ഓരോ മാസവും ഒരു നിശ്ചിത തിയതിയിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം ചേർന്ന് മേൽ റിപ്പോർട്ടും അതുവരെയുള്ള ബജറ്റ് വരവ്- ചെലവുകളും, യഥാർത്ഥ വരവ് – ചെലവുകളും പരിശോധിക്കേണ്ടതാണ്.

(ഡി) തുടർന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണ സമിതിയോഗത്തിൽ പ്രസ്തുത റിപ്പോർട്ട് അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതും അതിന് ശേഷം പ്രസിഡന്റ് എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തി പോരായ്മകൾ പരിഹരിക്കേണ്ടതുമാണ്.

(ഇ) പദ്ധതികളുടെ നിർവഹണ കാര്യങ്ങൾക്ക് മാത്രമായി ഒന്നോ അതിലധികമോ ജീവനക്കാരെ പ്ലാൻ കോർഡിനേറ്റർമാരായി നിയമിക്കാവുന്നതും അവരെ മറ്റു ജോലികൾ പരമാവധി ഏൽപ്പിക്കാതിരിക്കുന്നതും നന്നായിരിക്കും.

(എഫ്) മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഗുണഭോക്താക്കളുടെ ലിസ്റ്റ് യഥാസമയം ലഭിക്കാത്തത് പദ്ധതി വൈകാൻ ഇടയാകുന്നുണ്ട്. ജില്ലാ പഞ്ചായത്ത് ബജറ്റ് പാസ്സാക്കിയാൽ എത്രയും വേഗം ഓരോ പദ്ധതിയെയും കുറിച്ചുള്ള വിശദവിവരങ്ങൾ, മുൻഗണന ഘടകങ്ങൾ, പ്രതീക്ഷിക്കുന്ന ചെലവ്, പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം, ആവശ്യമായ മറ്റു വിവരങ്ങൾ പ്രസ്തുത വിവരങ്ങളും രേഖകളും ഏത് തിയതിക്കകം ജില്ലാ പഞ്ചായത്തിൽ ലഭ്യമാക്കണം തുടങ്ങിയ സംഗതികൾ തദ്ദേശ സ്ഥാപനങ്ങളെ അറിയിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കി സൂക്ഷിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്ത് നിർവഹണ ഉദ്യോഗസ്ഥരും മെമ്പർമാരും പരമാവധി ഗ്രാമസഭകളിൽ പങ്കെടുത്ത് പദ്ധതികളെക്കുറിച്ച് വിശദീകരിക്കുന്നത് വിജയകരമായ നിർവ്വഹണത്തിന് സഹായിക്കും.

(ജി) പദ്ധതി നിർവഹണ കലണ്ടർ തയ്യാറാക്കാവുന്നതും ആയത് മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാവുന്നതുമാണ്.

രാജീവ് ഗാന്ധി സശക്തീകരൺ അവാർഡ്, സ്വരാജ് ട്രോഫി, ആരോഗ്യകേരളം അവാർഡ് തുടങ്ങി ധാരാളം അംഗീകാരങ്ങൾ പല ഘട്ടങ്ങളിലായി എറണാകുളം ജില്ലാ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. നൂതനവും മാതൃകാ പരവുമായ പ്രൊജക്ടുകൾ നടപ്പാക്കിയതിനാലാണ് പ്രസ്തുത അ ഗീകാരങ്ങൾ ലഭിച്ചത്. വ്യവസ്ഥാപിതമായ രീതിയിൽ ബജറ്റ് പ്ലാനിംഗും നിർവ്വഹണവും നടപ്പാക്കി മികച്ച പ്രവർത്തനം തുടരേണ്ടതാണ്.

## 2-2 ജില്ലാപഞ്ചായത്തിന്റെ ഫാമുകളിൽ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിലെ പോരായ്മകൾ

1) സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ഒക്കൽ

സ്ഥാപനത്തിലെ ക്യാഷ് ബുക്ക് കൃത്യമായ രീതിയിൽ പരിപാലിക്കുന്നില്ല. ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവയുടെ നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തുന്നില്ല. ബാങ്ക് പാസ് ബുക്ക് (അക്കൌണ്ട് നമ്പർ 67220628629, എസ് ബി ഐ, പെരുമ്പാവൂർ) പ്രകാരം 18.11.2017 ൽ 648339.50/- രൂപ ബാലൻസ് ഉണ്ട്. ഏതൊക്കെ ദിവസങ്ങളിലെ വിൽപ്പനയിൽ നിന്നുള്ള വരവ് ആണ് പാസ്ബുക്കിലുള്ളതെന്ന് വ്യക്തമല്ല. ഈ തുക ജില്ലാപഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

2) ജില്ലാപഞ്ചായത്തിനു കീഴിലുള്ള ഫാമുകളിൽ വിവിധ കൃഷി ഭവനുകളിലേക്ക് തൈകൾ, ഗ്രോബാഗ് എന്നിവയുടെ വിൽപ്പനയിൽ നിന്നുള്ള വരവ് നേരിട്ട് അക്കൗണ്ടിലേക്കായതിനാൽ (ഓൺലൈൻ) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. കൃഷിഭവനുകളിലേക്കുള്ള ഗ്രോബാഗ്, തൈകൾ എന്നിവയുടെ വില കൃത്യമായി അക്കൗണ്ടിലെത്തുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. ഓരോ കൃഷി ഭവനുകളുടെയും ലെഡ്ജർ സൂക്ഷിച്ച് ഈ അപാകത പരിഹരിക്കേണ്ടതാണ്. മാത്രമല്ല, ഇൻവോയ്സ് രജിസ്റ്ററിൽ രസീത് നമ്പർ എഴുതി സൂക്ഷിക്കാത്തതിനാൽ വിൽപ്പനയിലൂടെ ലഭിക്കുന്ന മുഴുവൻ തുകയും വരവ് വന്നിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താനും കഴിയില്ല.

## **2-3** <u>തൈകൾ വിൽപ്പന-മുഴുവൻ തുകയും ലഭ്യമായില്ല</u>

നേര്യമംഗലത്തുള്ള ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും 05-03-2016 ലെ ഇൻവോയ്സ് നമ്പർ 113/15-16 പ്രകാരം കൃഷി ഓഫീസർ, കൃഷി ഭവൻ, ആവോലിക്ക് 394 കുള്ളൻ തെങ്ങിൻ തൈകൾ രൂ. 75/- നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. ആയതിന് 29,550 രൂപ ലഭിക്കേണ്ടതാണെങ്കിലും ഗുണഭോക്തൃവിഹിതമായ 40 രൂപ നിരക്കിൽ 15,760 രൂപ മാത്രമാണ് 18-11-2017 ലെ രശീതി നമ്പർ 14/13455 പ്രകാരം ലഭ്യമായിട്ടുള്ളത്. ബാക്കിയുള്ള 13,790 രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 50 തീയതി 21-11-2017) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ 13,790 രൂപ കൃഷി ഓഫീസർ, ആവോലി ഗ്രാമപഞ്ചായത്ത് എന്നവരിൽ നിന്നോ നേര്യമംഗലം ഫാം സൂപ്രണ്ടിൽ നിന്നോ ഈടാക്കി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## **2-4** <u>അങ്കമാലി മുയൽ വളർത്തൽ കേന്ദ്രം -വികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.</u>

അങ്കമാലിയിലെ മുയൽ വളർത്തൽ കേന്ദ്രത്തിൽ (Rabbit breeding farm) നടത്തിയ ഭൗതിക പരിശോധയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമാണ് അങ്കമാലി മുയൽ വളർത്തൽ കേന്ദ്രം. പന്നി വളർത്തൽ കേന്ദ്രമായാണ് ഇത് ആരംഭിച്ചത്. നല്ല വരുമാനമുള്ള സ്ഥാപനമായിരുന്നുവെങ്കിലും പരിസരവാസികളുടെ എതിർപ്പ് മൂലം മുയൽ വളർത്തൽ കേന്ദ്രമായി മാറ്റുകയായിരുന്നു. 33.77 സെന്റ് സ്ഥലമാണ് പ്രസ്തുത സ്ഥാപനത്തിന് ഉള്ളത്. നിലവിൽ 175 ഓളം മുയലുകൾ (പ്രധാന മൃഗവും കുഞ്ഞുങ്ങളും അടക്കം) ഫാമിലുണ്ട്. പരിമിതമായ സൗകര്യങ്ങളാണ് നിലവിൽ ഫാമിൽ ഉള്ളത്. മുയലുകളെ സൂക്ഷിക്കാനുള്ള കൂടുകൾ നാശോന്മുഖമായ അവസ്ഥയിലാണ്. ആയതിന്റെ പുനർനിർമ്മാണം ജില്ലാ പഞ്ചായത്തിന് പരിഗണിക്കാവുന്ന വിഷയമാണ്. പന്നി വളർത്തൽ കേന്ദ്രത്തിന്റെ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും ഫാമിലുണ്ട്. മേൽ കെട്ടിട അവശിഷ്ടങ്ങൾ പൂർണ്ണമായും നീക്കി പ്രസ്തുത സ്ഥലത്ത് കാട വളർത്തൽ കേന്ദ്രം നിർമ്മിക്കാനുള്ള പദ്ധതി മൃഗ സംരക്ഷണ വകുപ്പ് തയ്യാറാക്കിയിരുന്നു. ആയതിന്റെ നടത്തിപ്പ് ചുമതല ജില്ലാ പഞ്ചായത്തിന്റെ മരാമത്ത് വിഭാഗത്തെ ഏൽപ്പിക്കുകയും ആയതിനായി 28,29,000 രൂപ വകുപ്പ് ജില്ലാ പഞ്ചായത്തിന് നൽകുകയും ചെയ്തു. (ഡി.ഡി നം.074570 തി. 23.03.2016). ജില്ലാ പഞ്ചായത്ത് 647/16 എന്ന നമ്പറിൽ 2016-17 ൽ പ്രൊജക്ട് രൂപീകരിച്ചെങ്കിലും പ്രവൃത്തി തുടങ്ങിയിട്ടില്ല. S0894/17 എന്ന നമ്പറിൽ 2017-18 ൽ രൂപീകരിച്ച സ്പിൽ ഓവർ പ്രൊജക്ട് ഇതു വരെ ആരംഭിച്ചിട്ടില്ല. തുക ലഭിച്ച് ഒന്നര വർഷത്തിന് ശേഷവും കാട വളർത്തൽ കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല എന്നുള്ളത് പദ്ധതി നിർവ്വഹണത്തിലെ അലസതയാണ് സൂചിപ്പിക്കുന്നത്. മേൽ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി മൃഗ സംരക്ഷണ വകുപ്പ് 2016-17ൽ 6,00,000 രൂപ (5,00,000 രൂപ പേരന്റ് സ്റ്റോക്ക്, തീറ്റ എന്നിവക്കും 1,00,000 രൂപ ഓപ്പറേഷണൽ ചെലവുകൾക്കും) അനുവദിച്ചെങ്കിലും നിർമ്മാണം പോലും ആരംഭിക്കാത്ത സാഹചര്യത്തിൽ ആയത് തിരിച്ചടക്കേണ്ടിവന്നു.

ജില്ലാ പഞ്ചായത്ത് 2014-15 ൽ 10,00,000 രൂപ ചെലവ് ചെയ്ത് നിർമ്മിച്ച ഒരു കെട്ടിടം (റാബിറ്റ് ഷെഡ്) വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ ഉപയോഗിക്കപ്പെടാത്ത അവസ്ഥയിലാണ്.

ഈ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ഉപയോഗപ്രദമാക്കേണ്ടതാണ്. പന്നി വളർത്തൽ കേന്ദ്രം നിലനിന്ന സമയത്തെ ഒരു കെട്ടിടം ഇപ്പോഴും നല്ല നിലയിലാണ്. ആയത് മുയൽ വളർത്തൽ കേന്ദ്രത്തിനോ കാടവളർത്തൽ കേന്ദ്രത്തിനോ ഉപയോഗിക്കാവുന്നതാണ്. പരിമിതമായ സൗകര്യങ്ങൾക്കുള്ളിലും മുയൽ വളർത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു എന്നതും അതുവഴി പൊതു ജനങ്ങൾക്ക് ചെലവ് കുറഞ്ഞ നിരക്കിൽ മുയലുകളെ നൽകാൻ കഴിയുന്നു എന്നതും അഭിനന്ദനാർഹമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇന്റർലോക്ക് കട്ട വിരിക്കലിന് അധിക നിരക്ക് നൽകി

1) പോയാലി – നിരപ്പ് റോഡ് നിർമ്മാണം.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0317/17 |
| അടങ്കൽ | 15,00,000 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനിയർ (എൽ എസ് ജി ഡി) |
| അളവ് പുസ്തകം | 317/15-16 |
| കരാറുകാരൻ | നജീബ് ഇ. ജി. (എസ്റ്റിമേറ്റിനേക്കാൾ 5.6% കുറവ് നിരക്ക്) |
| ചെലവ് വിവരങ്ങൾ | ചെക്ക് നമ്പർ 579480/ 08.04.16 =1190489<br>ചെക്ക് നമ്പർ 583190/ 23.12.16 = 133508 |

പായിപ്ര ഗ്രാമപഞ്ചായത്തിലെ പോയാലി - നിരപ്പ് റോഡ് നിർമ്മിക്കുന്നതിനാണ് മേൽ പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. ഈ പ്രോജക്ടിൽ ഇനം 8 ആയി കോൺക്രീറ്റ് ഇന്റർലോക്ക് കട്ടവിരിക്കൽ എന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. എന്നാൽ Providing and laying 100mm thick factory made cement concrete interlocking paver block M40 grade including 75mm thick compacted bed of 6mm metal എന്നതിന് നൽകാവുന്ന നിരക്ക് 1118.10/$m^2$ ആണ്. ഈ നിരക്കാണ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർ അംഗീകരിച്ച് നൽകിയിട്ടുള്ളത്. അതിനു പകരം ഒരു എം$^2$ ന് 1151.52 രൂപ എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ അളവ് | നൽകിയ നിരക്ക്, തുക | നൽകാവുന്ന നിരക്ക്, തുക | അധികം നൽകിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1116.10 $m^2$ | 1116.10$m^2$ x 1152.52 = 1286328 | 1118.10/$m^2$ x 1116.10$m^2$ = 1247911.41 | 36266/- (എസ്റ്റിമേറ്റിനേക്കാൾ 5.6% കുറവ്) |

അധിക നിരക്ക് നൽകിയിട്ടുള്ളതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.11) മറുപടിയിൽ ഇന്റർലോക്കിംഗ് കട്ടക്ക് കൺവെയൻസ് കൂടി ഉൾപ്പെടുത്തി പുതുക്കിയ നിരക്ക് തയ്യാറാക്കി നൽകിയിട്ടുണ്ട്. എന്നാൽ ജില്ലയിൽ എല്ലാ പ്രവൃത്തികൾക്കും കൺവെയൻസ് ഉൾപ്പെടാത്ത നിരക്കാണ് അംഗീകരിച്ച് നൽകിയിട്ടുള്ളത്. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല.അധികം നൽകിയ തുകയായ 36266/- രൂപ കരാറുകാരനിൽ നിന്നോ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

2) ശബരിപ്പാടം-കൊള്ളിമുഗൾ റോഡ്- ഇന്റർലോക്ക് കട്ട വിരിക്കൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0235/17 |
| അടങ്കൽ | 10,00,000 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനിയർ (എൽ. എസ്.ജി.ഡി) |
| അളവ് പുസ്തകം | 464/15-16, |
| കരാറുകാരൻ | കുര്യാക്കോസ് ജോൺ (എസ്റ്റിമേറ്റ് കുറവ് 14.01%) |
| ചെലവ് വിവരങ്ങൾ | ഡി ഡി നമ്പർ 583145 / 23.12.16 = 799212 |

വാഴക്കുളം ഗ്രാമപഞ്ചായത്തിലെ ശബരിപ്പാടം-കൊള്ളിമുഗൾ റോഡ് നിർമ്മിക്കുന്നതിനാണ് മേൽ പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. ഈ പ്രോജക്ടിൽ ഇനം 2 ആയി ചെയ്തിട്ടുള്ള കോൺക്രീറ്റ് ഇന്റർലോക്ക് കട്ട വിരിയ്ക്കൽ എന്ന പ്രവൃത്തിയ്ക്ക് അധിക നിരക്കാണ് നൽകിയിട്ടുള്ളത്. Providing and laying 100 mm thick factory made cement concrete interlocking paver block M40 grade including 75mm thick compacted bed of 6mm metal എന്നതിന് നൽകാവുന്ന നിരക്ക് 1118.10/$m^2$ ആണ്. ഈ നിരക്കാണ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർ അംഗീകരിച്ച് നൽകിയിട്ടുള്ളത്. 75mm thick compacted bed of 6mm metal എന്നതിന് പകരം 100mm thick compacted bed of 6mm metal – ന്റെ നിരക്കായ എം$^2$ ന് 1178/$m^2$ എന്ന നിരക്കാണ് കട്ട വിരിയ്ക്കൽ എന്ന പ്രവൃത്തിയ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നൽകിയ നിരക്ക് | ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകാവുന്ന നിരക്ക് | അധികം |
|---|---|---|---|
| 1178/$m^2$ | 651 x 1178/ $m^2$ = 766878 | 1118.10/$m^2$ x 651$m^2$ = 727883 | 33532/- രൂപ {(38995 – 5463 (- 14.01% tender below)} |

അധിക നിരക്ക് നൽകിയിട്ടുള്ളതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ അധികം നൽകിയ തുകയായ 33532/- രൂപ കരാറുകാരനിൽ നിന്നോ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 ബില്ലിൽ ടെണ്ടർ കുറവ് വരുത്തിയതിൽ അപാകത - അധിക തുക നൽകി

ക്ഷേത്രം കടമക്കുടി ജെട്ടി റോഡ് - (കടമക്കുടി ഗ്രാമപഞ്ചായത്ത്) പ്രവൃത്തിയുടെ ബില്ല് തയ്യാറാക്കിയതിൽ ക്വാട്ട് ചെയ്ത നിരക്കായ എസ്റ്റിമേറ്റിനേക്കാൾ 1.5% കുറവ് പ്രകാരം കണക്കുകൂട്ടിയപ്പോൾ വന്ന പിശക് മൂലം കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം /പേര് | 633/17, ക്ഷേത്രം കടമക്കുടി ജെട്ടി റോഡ്- കടമക്കുടി ഗ്രാമ പഞ്ചായത്ത് | |
| കരാറുകാരന്റെ പേര് | ശ്രീ പി.വി. തോമാസ്<br>(എസ്റ്റിമേറ്റിനേക്കാൾ 1.5 % കുറവ് നിരക്കിൽ) | |
| അളവു പുസ്തകം | 188/15-16 | |
| ബിൽ നം./തീയതി | 29/16-17/ 22.10.2016 (1405420/- ) | |
| കരാറുകാരന് നൽകിയ തുക | 1321094/- | |
| | അളവു പുസ്തകം പ്രകാരം നൽകിയത് | നൽകാവുന്നത് |
| ആകെ പ്രവൃത്തി മൂല്യം | 1405631 | 1405631.00 |
| (-) ടെണ്ടർ കുറവ് @1.5 % | 211 | 21084.46 |
| ആകെ | 1405420 | 1384546.54 |
| (-)vat @ 4% | 56217 | 55382.00 |
| (-) IT @ 1% | 14055 | 13845.00 |
| (-)kcwwf @1% | 14054 | 13845.00 |
| ആകെ | 1321094 | 1301474.54 |
| അധികം നൽകിയ തുക | 19619.00 (1321094-1301475) | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.5) മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അധികം നൽകിയ തുക 19619.00 രൂപ കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 മെറ്റലിന്റെ വോയിഡിനുള്ള കുറവ് വരുത്തിയില്ല.

CPWD 16.7.2 ( table 16-12) പ്രകാരം ലൂസ് സ്റ്റോൺ സ്റ്റാക്ക് ചെയ്യുമ്പോൾ, അളവിൽ നിന്നും 7.5 % voids ന്റെ അളവ് കുറവ് വരുത്തണം. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികളിൽ സ്റ്റോൺ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5 % voids ന്റെ അളവ് കുറവ് വരുത്തിയില്ല.

1).

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | S0288/17, തോട്ടാശ്ശേരി-ബൈപ്പാസ് ലൈൻ റോഡ് നിർമ്മാണം, ആയവന (ഫയൽനം. A1-421/16 ) |
| കരാറുകാരൻ | ശ്രീ. സജീവ് സ്റ്റീഫൻ |
| അളവു പുസ്തകം | 635/ 15-16 |
| ചെലവ് | ബിൽ നം.273/22.3.2017=1088767/- |
| സ്റ്റോൺ സ്റ്റാക്ക് ചെയ്തതിന്റെ വിവരം | 53 mm to 22.4 mm stone aggregate ( ഇനം 1) |
| ആകെ സ്റ്റാക്ക് ചെയ്ത അളവ് | $33.03m^3$ |
| നൽകിയത് | $32.43m^3 \times 1960.10/ m^3$ =63566/- |
| അനുവദിക്കാവുന്ന അളവ് | $30.55m^3$ ($33.03m^3$ – 2.4775 (7.5% of $33.03m^3$ ) |
| നൽകാവുന്ന തുക | $30.55m^3 \times 1960.10/ m^3$ = 59881/- |
| അധികം നൽകിയ തുക | 2887/- രൂപ {3685/-( 63566 –59881) – 798 (- 21.66% tender below) } |

2)

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | S 0581/17, കാട്ടാശ്ശേരി സേവ്യർ റോഡ് എളങ്കുന്നപ്പുഴ |
| കരാറുകാരൻ | ശ്രീ. ഷാജി |
| അളവു പുസ്തകം | 561/ 15-16 |
| ചെലവ് | 362/ 31.3.2017 = 369568/- (gross 536404/-) |
| സ്റ്റോൺ സ്റ്റാക്ക് ചെയ്തതിന്റെ വിവരം | 53 mm to 22.4 mm stone aggregate (ഇനം 1) |
| ആകെ സ്റ്റാക്ക് ചെയ്ത അളവ് | $42.377m^3$ |
| നൽകിയത് | $42.30m^3 \times 1882.70/ m^3$ = 79638.21/- |
| അനുവദിക്കാവുന്ന അളവ് | $42.377m^3$ – 3.19 ( 7.5% of $42.377m^3$ ) = $39.19m^3$ |
| നൽകാവുന്ന തുക | $39.19m^3 \times 1882.70/ m^3$ = 73783/- |
| അധികം നൽകിയ തുക | 5597/- രൂപ {5855/-( 79638.21 –73783) – 258 (-44% tender below) } |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22) മറുപടിയൊന്നും നൽകിയില്ല. ഓഡിറ്റ് എൻക്വയറി നം. 27 നുള്ള മറുപടിയിൽ തുക തിരിച്ചടക്കുന്നതിന് കരാറുകാരന് കത്ത്

നൽകിയതായി അറിയിച്ചിട്ടുണ്ട്. ആകെ അധികം നൽകിയ തുകയായ 8484/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-4 ഫോം വർക്കിന് അധിക നിരക്ക് നൽകി.

ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രൊജക്റ്റുകളിൽ Form work (കാന) ചെയ്തിട്ടുള്ളതിന് അധിക നിരക്കാണ് നൽകിയിട്ടുള്ളത്. കാനയുടെ ഫോം വർക്കിന് നൽകേണ്ട നിരക്ക് CPWD 4.3.1 പ്രകാരം ഒരു ചതുരശ്ര മീറ്ററിന് 284.40/- രൂപയാണ് . എന്നാൽ CPWD 4.3.2 പ്രകാരമുള്ള $522/m^2$ രൂപയാണ് നൽകിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രൊജക്റ്റ് നം. പേര് | S0510/17പുന്നക്കത്താഴം വേളൂർ ചർച്ച് റോഡ് - വടവുകോട് (ഫയൽനം. A1-470/16 ) |
| കരാറുകാരൻ | ശ്രീ. മാത്യൂ വർഗ്ഗീസ് (18.2 % below) |
| അളവു പുസ്തകം | 250/ 15-16 |
| ചെലവ് | 54/ 16-17/18.11.2016 = 408061/- |
| നൽകിയത് | $143.00m^2 \times 522.30/ m^2$ = 74688/- |
| നൽകാവുന്ന തുക | $143.00m^2 \times 284.40/ m^2$ = 40669.20/- |
| അധികം നൽകിയ തുക | 29528/- രൂപ {34019 - (74688 – 40669.20) –4491 (13.20% tender below) } |

2)

| | |
|---|---|
| പ്രൊജക്റ്റ് നം. പേര് | S0086/17, തളിക്കാട്ട്കാവ്- ഉക്കപാലം, ആയവന (ഫയൽനം. A1-212/16 ) |
| കരാറുകാരൻ | ശ്രീ കെ കെ ഷാജി |
| അളവു പുസ്തകം | 331/ 15-16 |
| ചെലവ് | 579692/ 08.04.16 = 894623/- (ടെണ്ടർ കുറവ്. 13.20%) |
| നൽകിയത് | $169.57m^2 \times 522/ m^2$ = 88515/- |
| നൽകാവുന്ന തുക | $169.57m^2 \times 284.40/ m^2$ = 48226/- |

| | |
|---|---|
| അധികം നൽകിയ തുക | 34971/- രൂപ {40289/-(88515 –48226) – 5318 (-13.20% tender below) } |

3) തളിക്കാട്ട്കാവ് - ഋക്കപാലം റോഡ് നിർമ്മാണം എന്ന പ്രോജക്ടിൽ ഡ്രെയിനേജിന്റെ സൈഡ് കെട്ടിന് ഇനം 5 ആയി ചെയ്തിട്ടുള്ള C C Form work ചെയ്തിട്ടുള്ളതിൽ അധിക നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 1:3:6 cement concrete ഉപയോഗിച്ച് 30x(0.2+0.15)/2x0.60 മീറ്റർ നീളത്തിൽ കാനയുടെ സൈഡ് നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കാന നിർമ്മിച്ചത് ചുവടെ ചേർക്കും പ്രകാരമാണ്.

1:3:6 കാനയുടെ സൈഡ് ഭിത്തി

2x16 x 0.4+0.1/2 = 9.60

2x18 x 0.4+0.3/2 x1+0.6/2 =10.08 (19.809x6226.30/$m^3$) =123336.78/-

ഇപ്രകാരം എസ്റ്റിമേറ്റിന്റെ ഇരട്ടി വീതിയിൽ കാന നിർമ്മിച്ചതിന്റെ കാരണം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

ഇക്കാര്യങ്ങളിൽ നൽകിയ ഓഡിറ്റ് എൻക്വയറികളിൽ (നം. 48) മറുപടിയൊന്നും നൽകിയില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 34 ന് ലഭിച്ച മറുപടിയിൽ ഉയരമുള്ള സംരക്ഷണ ഭിത്തിയാണെന്നും ആയതിനാലാണ് അധിക നിരക്ക് നൽകിയതെന്നും വിശദീകരിച്ചു. എന്നാൽ ഫയൽ പരിശോധിച്ചതിൽ കാനയുടെ സൈഡ് കെട്ടുന്നതിനു വേണ്ടിയാണ് ഫോം വർക്ക് ചെയ്തിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുകയായ 64499/- രൂപ (29528+34971) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5 റോഡ് വർക്ക് സീൽ കോട്ട് - അധിക നിരക്ക് നൽകിയത്

ജില്ലാപഞ്ചായത്തിൽ നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികളിൽ CPWD MD 16.41 പ്രകാരമുള്ള Pre Mix seal coat : Providing and laying seal coat of premixed 6.7 mm aggregate (passing 11.2 mm sieve and retained on 2.36 sieve) using 6.5 kg of bitumin of grade VG-30 per sq.m. road surface including antistripping agent, rolling and finishing with road roller all complete എന്നയിനം പ്രവൃത്തിക്ക് 108.60/$m^2$ എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ കാൽക്കുലേഷൻ പിശക് മൂലം ഈയിനം പ്രവൃത്തിക്ക് സോഫ്റ്റ്‌വെയറിൽ അധിക നിരക്കാണ് ഉൾപ്പെട്ടിരുന്നത് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയറുടെ 27.08.2016 ലെ റിവൈസ്ഡ് സർക്കുലർ നം.DB3/6512(B)/13/CE/LSGD പ്രകാരം ഈ അപാകത ക്രമീകരിച്ചിട്ടുണ്ട്. അതനുസരിച്ച് ഈയിനം പ്രവൃത്തിക്ക് അനുവദിച്ചിരിക്കുന്ന നിരക്ക് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഉൾപ്പെടെ 67.01/$m^2$ രൂപയാണ്. (കോസ്റ്റ് ഇൻഡക്സ് @0.4476 ഉൾപ്പെടെ 85.07/$m^2$).

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.53) ലഭ്യമാക്കിയ മറുപടിയിൽ ഇ-ടെണ്ടറിൽ കരാറുകാർ ഐറ്റം റേറ്റാണ് ക്വോട്ട് ചെയ്യുന്നത് എന്നും എഗ്രിമെന്റിൽ ഏർപ്പെട്ട് കഴിഞ്ഞാൽ കോൺട്രാക്ടറുടെ അനുമതിയില്ലാതെ റേറ്റ് മാറ്റാൻ കഴിയുന്നതല്ല എന്നും അറിയിച്ചിട്ടുണ്ട്. ഫലത്തിൽ, 2016-17 വർഷം പഞ്ചായത്ത് നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളിൽ ഈയിനത്തിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള അധിക നിരക്ക് നൽകിയതുമൂലം കരാറുകാർക്ക് അധിക തുക നൽകാനിടയായിട്ടുണ്ട്. എല്ലാ ടാറിംഗ് പ്രവൃത്തികളിലും ഈയിനത്തിന്റെ തെറ്റായ നിരക്ക് ഉൾപ്പെട്ടിരിക്കുന്നതിനാൽ ഈയിനത്തിലുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല.

ആയതിനാൽ, 2016-17 വർഷം പഞ്ചായത്ത് നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളിൽ സീൽ കോട്ടിംഗ് ഇനത്തിന് അധിക നിരക്ക് നൽകിയത് മൂലം കരാറുകാർക്ക് അധികം നൽകിയ തുക

എത്രയെന്ന് കണക്കാക്കി ആയത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-6 അധിക അളവിൽ മെറ്റലിംഗ് നടത്തിയത് അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രൊജക്ട് നം. പേര് | S0041/17, ജെറുസലേം ചാപ്പൽ- മരോട്ടിക്കടവ് റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ്, രായമംഗലം (ഫയൽനം. A2-229/16 ) |
| കരാറുകാരൻ | ശ്രീ. കെ. പി. പൌലോസ് |
| അളവു പുസ്തകം | 440/15-16 |
| ചെലവ് | 302/16-17, 29.3.2017 =1251801/- (ടെണ്ടർ കുറവ്. 11.25%) |

രായമംഗലം ഗ്രാമപഞ്ചായത്തിലെ ജെറുസലേം ചാപ്പൽ-മരോട്ടിക്കടവ് റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് എന്ന പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകളുണ്ട്. ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരം CPWD 16.31.2.1 അനുസരിച്ച് Providing and applying tack coat using hot straight run bitumen grade VG-30,എന്ന പ്രവൃത്തി 2025 m2 ഏരിയ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിരുന്നത്. അളവ് പുസ്തകം അനുസരിച്ച് 2025 m2 ആണ് ടാർ ചെയ്തതെങ്കിലും 2015m2ൽ ലിമിറ്റ് ചെയ്താണ് തുക നൽകിയത്.എന്നാൽ മെറ്റലിംഗ് പ്രവൃത്തിക്ക് 2216 m2 ഏരിയയ്ക്കാണ് തുക നല്കിയിട്ടുള്ളത്. ടാറിംഗ് പ്രവൃത്തിയുടെ അളവായ 2025m2 ൽ കൂടുതൽ അളവിൽ മെറ്റലിംഗ് പ്രവൃത്തി നടത്തിയത് അംഗീകരിക്കുന്നില്ല. ഈ പ്രവൃത്തി നേരിട്ട് പരിശോധിച്ചതിലും ടാറിംഗിനേക്കാൾ കൂടുതൽ അളവ് മെറ്റലിംഗ് നടത്തിയതായി കണ്ടില്ല. ഈ പ്രവൃത്തിയിൽ കരാറുകാരന് താഴെപ്പറയും പ്രകാരം 24748 രൂപ അധികം നൽകിയിട്ടുണ്ട്.

| ഇനം | $2025m^2$ ന് ആവശ്യമായ അളവ് | $2126m^2$ചെയ്ത അളവ് | അധികം ചെയ്ത അളവ് | നിരക്ക് $m^3$ | അധികം നൽകിയ തുക |
|---|---|---|---|---|---|
| CPWD 16.3.3(Supplying and stacking 53mm to 22.4mm metal | 2025 x 0.094/ $m^3$ = 190.40$m^3$ | 199.84$m^3$ | 9.44 $m^3$ | 1960.10 | 18503 |
| CPWD 16.3.7(Supplying and stacking Screening 11.2mm metal | 2025x 0.02/$m^3$ = 40.50$m^3$ | 42.52$m^3$ | 2.02 $m^3$ | 2129.40 | 4301 |
| CPWD 16.3.9(Supplying and stacking Good earth | 2025 x 0.009/$m^3$ = 18.225$m^3$ | 19.13$m^3$ | 0.905 $m^3$ | 464.50 | 420 |
| CPWD 16.4(Laying | 151.875$m^3$ | 159.45$m^3$ | 7.575 $m^3$ | 615.30 | 4661 |

| | | | | | |
|---|---|---|---|---|---|
| spreading compacting stone aggregate of specified sizes to WBM specificationin uniform thickness hand picking rolling with power roller.. | | | | | |
| ആകെ | | | | | 27885 |
| ആകെ: ടെണ്ടർ കുറവ് 11.25% | | | | | 3137 |
| ആകെ | | | | | 24748 |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക 24748/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 പ്രവൃത്തിയുടെ ആകെ മൂല്യത്തിനേക്കാൾ തുക ചെലവഴിച്ചു

അഴിച്ചാൽ പാലവും റോഡും നിർമ്മാണം, (ചെല്ലാനം പഞ്ചായത്ത്) പ്രൊജക്ടിലെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യത്തിനേക്കാൾ അധിക തുക ചെലവഴിച്ചിട്ടുണ്ട്. അളവു പുസ്തകം 741/15-16 പേജ് 9 പ്രകാരം 841606.61 രൂപയാണ് ആകെ പ്രവൃത്തിമൂല്യം. എന്നാൽ അടുത്ത പേജിൽ 884600.68 രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് തുക നൽകിയത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം /പേര് | S0341/17, അഴിച്ചാൽ പാലവും റോഡും നിർമ്മാണം |
| കരാറുകാരന്റെ പേര് | ശ്രീ ലിഫിൻ ജോസഫ് (എസ്റ്റിമേറ്റ് നിരക്ക്) |
| അളവു പുസ്തകം | 450/14-15, 741/ 15-16 |
| ഫയൽ നം. | A3/ 1051/13 |
| ചെലവ് വിവരം (ബിൽ നം./ തുക | 738/14-15/ 12.3.2015 = 368258/-<br>280/ 15-16/ 13.1.2016 = 304025/-<br>442/ 17-18 = 212318/-<br>ആകെ = 884601/- |
| ആകെ പ്രവൃത്തി മൂല്യം | 841606/- |
| അധികം നൽകിയ തുക | 42995/- |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക 42995/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-8 കെ എ ഡി-പാടം റോഡ് നിർമ്മാണം CC 1:3:6എന്ന ഇനത്തിൽ അധിക നിരക്ക് നൽകി.

കെ എ ഡി-പാടം റോഡ് നിർമ്മാണം പ്രവൃത്തിയിൽ ഡ്രെയിനേജ് നിർമ്മിച്ചതിന് എക്സ്ട്രാ ഇനം 2 ആയി ചെയ്തിട്ടുള്ള 1:3:6 cement concrete ന് അധിക നിരക്കാണ് നൽകിയിട്ടുള്ളത്. പ്ലിന്ത് ലെവൽ വരെയുള്ള 1:3:6 cement concreteന് നൽകാവുന്ന നിരക്ക് CPWD 4.1.6

പ്രകാരം ഒരു ഘനമീറ്ററിന് 6763.90/- രൂപയാണ്. എന്നാൽ CPWD 4.2.6 പ്രകാരം നിരക്കായ ഒരു ഘനമീറ്ററിന് 8187.90/- രൂപയാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഡ്രയിനേജ് – സൈഡ് കെട്ടിന് നൽകിയ അളവ് | | |
|---|---|---|
| വലത് ഭാഗം | 52.5x0.15x0.90 | $7.08m^3$ |
| ഇടത് ഭാഗം | 52.5x0.2x0.90 | $9.45m^3$ |
| ആകെ | | $16.53m^3$ |

.

| | |
|---|---|
| പ്രൊജക്ട് നം. പേര് | S0071/17,കെ എ ഡി-പാടം റോഡ് നിർമ്മാണം,പായിപ്ര (ഫയൽനം. A1-226/16 ) |
| കരാറുകാരൻ | ശ്രീ എൻ എ സുബൈർ (ടെണ്ടർ കുറവ് 16.70%) |
| അളവു പുസ്തകം | 831/ 14-15 |
| ചെലവ് വിവരം (ബിൽ നം, തുക) | 306/ 16-17,29.3.2017 = 731778/- |
| നൽകിയത് | 22.686m3 × 8187.90/ m3 = 185751/- |
| നൽകാവുന്ന തുക | 22.686m3 × 6763.90/ m3 = 153446/- |
| അധികം നൽകിയ തുക | 26910/- രൂപ {32305/- ( 185751 – 153446) – 5395 (- 16.70%)} |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 33) മറുപടിയിൽ ഉയർന്ന ട്രാഫിക്കുള്ള റോഡിനോട് ചേർന്ന് നിൽക്കുന്നതിനാൽ ഒരു റീട്ടെയിനിംഗ് വാൾ എന്ന നിലയിലും കൂടാതെ സൈഡ് ഭിത്തിക്ക് വീതി കൂട്ടുതലാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഫയലിലും എസ്റ്റിമേറ്റിലും ഇത് സാധാരണ കാന എന്ന നിലയിലാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മാത്രമല്ല വീതി അനുസരിച്ചല്ല നിരക്ക് കണക്കാക്കേണ്ടത് മറിച്ച് ഉയരം കണക്കാക്കിയാണ് നിരക്ക് നല്കിയത് ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക 26910/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-9 പൂന്നേപ്പടി-തൃക്കളത്തൂർ റോഡ് നിർമ്മാണം- രണ്ട് ഇനങ്ങൾക്ക് അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0229/17 |
| അടങ്കൽ | 10,00,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനിയർ (എൽ എസ് ജി ഡി) |
| അളവ് പുസ്തകം | 905/14-15 |
| കരാറുകാരൻ | അലി പി എ (എസ്റ്റിമേറ്റിനേക്കാൾ 20.11% കുറവ് ) |
| ചെലവ് വിവരങ്ങൾ | ബിൽ നമ്പർ 359/16-17/ 31.3.2017 = 598661 |

പായിപ്ര ഗ്രാമപഞ്ചായത്തിലെ പൂന്നേപ്പടി -തൃക്കളത്തൂർ റോഡ് നിർമ്മിക്കുന്നതിനാണ്

മേൽ പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. ഈ പ്രോജക്ടിൽ താഴെപ്പറയുന്ന ഇനങ്ങൾക്ക് അധിക നിരക്കാണ് നൽകിയിട്ടുള്ളത്.

| ഇനം | നൽകിയ നിരക്ക് | ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകാവുന്ന നിരക്ക് | അധികം |
|---|---|---|---|---|
| 2cm premix carpet surfacing with 1.8 cum and 0.90 cum of stone chippings of 13.2mm size and 11.2mm size respectively. DSR Code 16.32.2 | 195.41/ m2 | 2432.79m2 x 195.41= 475391 | 2432.79m2 x 192.60/ m2 = 468555 | 6836 |
| Providing and laying seal coat over prepared surface of road with bitumen ...DSR Code 16.41 | 110.46/ m2 | 2432.79 m2 x110.46= 268725.98 | 2432.79m2 x108.60= 264201 | 4525 |
| ആകെ = 11363/- (എസ്റ്റിമേറ്റ് കുറവ് 20.11%) 11363 – 2285 = 9078/- | | | | |

അധിക നിരക്ക് നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (31/17, 16.11.17) മറുപടിയിൽ തുക തിരിച്ചടക്കുന്നതിന് കരാറുകാരന് കത്തയച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുകയായ 9078/- രൂപ കരാറുകാരനിൽ നിന്നോ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-10 ആദായ നികുതി ഈടാക്കിയതിൽ കുറവ്

1961 ലെ ആദായനികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം വ്യക്തിയോ അവിഭക്ത ഹിന്ദു കുടുംബാംഗമോ അല്ലാത്ത കരാറുകാരിൽ നിന്നും 2 % നിരക്കിലാണ് ആദായ നികുതി ഈടാക്കേണ്ടത്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികളിൽ ആദായ നികുതി 2 % നിരക്കിൽ ഈടാക്കാതിരിക്കുകയോ കുറവ് ഈടാക്കുകയോ ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | എസ്. 191/17/ ശ്രീമൂലനഗരം തൃക്കാണിക്കാവ് കുട്ടമന റോഡ് നിർമ്മാണം |
| അടങ്കൽ | രൂ. 10,00,000 |
| കരാറുകാരൻ | മെസ്സേഴ്സ് റയാൻ കൺസ്ട്രക്ഷൻസ് |
| അളവുപുസ്തകം | 825/15-16 |
| ട്രഷറി ബിൽ | 801748/- രൂപ (ചെലവ് വിവരം ലഭ്യമല്ല) |

ഈ പ്രവൃത്തി 11-01-2016 ൽ ഇ-ടെണ്ടർ നടത്തിയതിൽ 17.11% കുറവിൽ റയാൻ കൺസ്ട്രക്ഷൻസിനാണ് നൽകിയത്. ഇതിന്റെ ഫൈനൽ ബിൽ നൽകിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 967243 |
| ടെണ്ടർ കുറവ് @ 17.11% | 165495 |
| ആകെ | 801748 |
| വാറ്റ് @ 4% | 32070 |
| ക്ഷേമനിധി വിഹിതം @ 1% | 8017 |
| ആദായനികുതി @ 1% | 8018 |
| ഫൈൻ | 16558 |
| കരാറുകാർക്ക് നൽകിയത് | 737085 |

ആദായനികുതിയിനത്തിൽ 16036 രൂപ കുറവ് ചെയ്യേണ്ടതിന് പകരം ഫൈനൽ ബില്ലിൽ നിന്നും 1% നിരക്കിൽ 8018 രൂപ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.2 ) മറുപടിയിൽ തുക ഈടാക്കി അടവാക്കാമെന്നറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 8018/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-11 കൺവീനർ പ്രവൃത്തി - ഓവർ ഹെഡ് നൽകിയെങ്കിലും ടാക്സ് ഈടാക്കിയില്ല.

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പല്ലാരിമംഗലം GVHSS ലെ വാട്ടർ ടാങ്ക് മാറ്റിവെയ്ക്കൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഓവർഹെഡ് 7.5% ഉൾപ്പെട്ട നിരക്കാണ് തയ്യാറാക്കിയിട്ടുള്ളത്. ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തിമൂല്യത്തിനോടൊപ്പം 6% നികുതികളും കൂട്ടിയെടുത്താണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. ജി.ഒ.പി. 30/2016/ഫിൻ / 29.2.2016 പ്രകാരം ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഓവർഹെഡ് ഉൾപ്പെടുത്തി നൽകുകയാണെങ്കിൽ നികുതികൾ കൺവീനറാണ് വഹിക്കേണ്ടത്. എന്നാൽ മേൽ പ്രവൃത്തിയിൽ ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം ടാക്സുകൾക്കുള്ള തുക കൂട്ടിയെടുത്ത് നൽകിയതിനാൽ അധിക ചെലവ് വന്നിട്ടുണ്ട്. പഞ്ചായത്ത് ബിൽ തയ്യാറാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | തുക |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 135568 |
| vat @ 5% | + 6778 |
| കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം @ 1% | + 1356 |
| total | 143702 |
| (-) സ്ക്രാപ്പ് വാല്യൂ | 6960 |
| ആകെ | 136742 |
| + service tax | 14235 |
| Total | 150977/- limited to150000/- |

നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. പേര് | S0868/17, പല്ലാരിമംഗലം GVHSS |

| | |
|---|---|
| | ലെ വാട്ടർ ടാങ്ക് മാറ്റിവെയ്ക്കൽ |
| കൺവീനറുടെ പേര് | ശ്രീമതി സവിത |
| അളവു പുസ്തകം | 640 /15-16 |
| ചെലവ് | 342/ 31.3.2017 തുക =150000/- |
| ആകെ പ്രവൃത്തി മൂല്യം | 135568 .00 |
| (-) vat @ 5% | 6778 |
| (-) ആദായ നികുതി @ 2% | 2711 |
| (-) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം @1% | 1356 |
| ആകെ | 124723 |
| (-) സ്ക്രാപ്പ് വാല്യൂ | 6960 |
| കൺവീനർക്ക് നൽകേണ്ട തുക | 117763/- |
| നൽകിയ തുക | 111661/- |
| സർവ്വീസ് ടാക്സിനായി ആവശ്യമായ തുക @10.5 % = 14235 /- | (ഫൈനൽ ബിൽ പ്രകാരം 27493 രൂപ റിട്ടെൻഷൻ ചെയ്തിട്ടുണ്ട്). |

ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും 27493/- രൂപ റിട്ടെൻഷൻ ചെയ്തിട്ടുണ്ട്. റിട്ടെൻഷനായി 14235 /- രൂപയ്ക്കു പകരം 27493/- രൂപ പിടിച്ചതിന്റെ കാരണം വ്യക്തമല്ല. റിട്ടെൻഷൻ തുക പിന്നീട് തിരികെ നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 13 ) മറുപടിയിൽ റിട്ടെൻഷൻതുക നൽകിയില്ലെന്നും, കൺവീനർക്ക് നൽകുവാനുള്ള തുകയിൽ നിന്നും തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 വാറ്റ് ഈടാക്കിയതിൽ കുറവ്

താഴെപറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട വാറ്റ് ഈടാക്കാതിരിക്കുകയോ കുറവ് ഈടാക്കുകയോചെയ്തിട്ടുണ്ട്. കരാറുകാരൻ ശ്രീ. വിൽസൺ തോമസ് ഏറ്റെടുത്ത് പൂർത്തീകരിച്ച പ്രവൃത്തികളാണിവ.

| ക്രമ നം. | പ്രോജക്ട് നം. പേര് | പ്രവൃത്തി മൂല്യം | വാറ്റ് @4% | ഈടാക്കിയത് | കുറവ് | ട്രഷറി ബിൽ | തീയതി | അളവ് പുസ്തകം |
|---|---|---|---|---|---|---|---|---|
| 1 | 139/17 ദേശം പുറയാർ റോഡ് റീ-ടാറിംഗ് & കലുങ്ക് നിർമ്മാണം, ചെങ്ങമനാട് | 1969999 | 78800 | - | 78800 | 42/ 16-17 | 17.11.16 | 806/ 15-16 |
| 2 | 141/17 ദേശം-കുന്നംപുറം ടെമ്പിൾ റോഡ്, ചെങ്ങമനാട് | 698218 | 27929 | 20573 | 7356 | 43/ 16-17 | 17.11.16 | 885/ 14-15 |
| ആകെ | | | | | 86156 | | | |

മേൽപ്പറഞ്ഞ പ്രകാരം കരാറുകാരനിൽ നിന്നും നിയമാനുസൃതമായ വാറ്റ് ഈടാക്കാതിരുന്നതിന്

വിശദീകരണം ആവശ്യപ്പെട്ട് ൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 32 ) ക്ക് മറുപടിയായി 31.3.2015 ലെ 631 നമ്പർ ചലാൻ പ്രകാരം 150164/- രൂപ അടച്ചതിൽ 87060/- രൂപ അധികം അടച്ചത് ഈ ബില്ലുകളിൽ ക്രമീകരിച്ചതായി അറിയിച്ചു. എന്നാൽ മേൽ ചലാൻ ആരുടെ പേരിൽ / ടിൻനമ്പരിൽ അടച്ചതാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഈ തുക ഈ കോൺട്രാക്ടർ അടച്ചതാണ് എന്നും ടി തുക അധികമായി അടച്ചതാണ് (മറ്റ് പ്രവൃത്തികൾക്കല്ല) എന്നും തെളിയിക്കുന്ന യാതൊരു രേഖകളുമില്ല. ആയതിനാൽ വാറ്റ് ഇനത്തിൽ 86156 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

## 3-13 ജില്ലാ പഞ്ചായത്ത് വിതരണം ചെയ്ത ബിറ്റുമിന്റെ വില ബില്ലിൽ കുറവ് ചെയ്തില്ല

ജില്ലാ പഞ്ചായത്ത് വിതരണം ചെയ്ത ബിറ്റുമിന്റെ വില ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്തില്ല. എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം ബിറ്റുമിൻ പഞ്ചായത്ത് സപ്ലൈ ചെയ്യുന്നതിനാൽ, ബിറ്റുമിന്റെ വില ബില്ലിൽ നിന്നും തിരികെ ഈടാക്കാമെന്നും നിബന്ധനയുള്ളതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) ഫയൽ നം A4-144/14-15

| | |
|---|---|
| പ്രൊജക്ട് നം. /പേര് | S0545/17(സ്പിൽ ഓവർ) അലങ്കാർ റോഡ് ടാറിംഗ് (എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്) (S0128/15,S0541/16) |
| എസ്റ്റിമേറ്റ് തുക | 1000000/- |
| കരാറുകാരൻ | ജോസഫ് ടൈറ്റസ് (എസ്റ്റിമേറ്റ് നിരക്ക്) |
| പി എ സി തുക | 951366/- |
| അളവുപുസ്തകം | 249/14-15 |
| എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത് നൽകുന്ന ബിറ്റുമിന്റെ അളവ്/ വില | 4117.89 കി ഗ്രാം, 180705 രൂപ. |
| ചെലവ് | 1)ഫസ്റ്റ്&പാർട്ട് ബിൽ 538651/ 16.12.2015 തുക 366965/- 2)സെക്കന്റ് & ഫൈനൽ ബിൽ തുക 617032/- |

സെക്കന്റ് പാർട്ട് ബിൽ നൽകിയ ഡി.ഡി.യുടെ വിശദ വിവരം ഫയലിലോ എം ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

2) ഫയൽ നം A4-147/14-15

| | |
|---|---|
| പ്രൊജക്ട് നം. /പേര് | S0560/17 (സ്പിൽ ഓവർ) പെരുമാൾ പടി ഈസ്റ്റ് റോഡ് (എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്) (S0127/15, S0539/16) |
| എസ്റ്റിമേറ്റ് തുക | 1000000/- |
| കരാറുകാരൻ | സിൻസൺ ജോസഫ്(.001% കുറവ്) |

| | |
|---|---|
| പി എ സി തുക | 951366/- |
| അളവുപുസ്തകം | 249/14-15 |
| എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത് നൽകുന്ന ബിറ്റുമിന്റെ അളവ്/ വില | 4808.25 കി ഗ്രാം, 243620 രൂപ. |
| ചെലവ് | 1) 583348/ 27.12.2016 തുക 894529/- |

ബിറ്റുമിന്റെ വിലയിനത്തിൽ നൽകിയ 424325 രൂപ (180705+243620) ബില്ലിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 09.11.2017 ൽ ഓഡിറ്റ് എൻക്വയറി (നം 6) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബിറ്റുമിൻ വിതരണ രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കാത്തതിനാൽ ഫയലിലെ സൂചനകളുടെ അടിസ്ഥാനത്തിലാണ് ബിറ്റുമിൻ വിതരണം ചെയ്തിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തിയിട്ടുള്ളത്. ബഹുവർഷ പ്രൊജക്ടുകളായി വിഭാവനം ചെയ്യുകയും നടപ്പാക്കുകയും ചെയ്തിട്ടുള്ള പ്രൊജക്ടുകളായതിനാൽ ബിറ്റുമിൻ വിതരണ തുക ഈടാക്കൽ എന്നിവയിലെ അപാകതകൾ പൂർണ്ണമായി കണക്കാക്കാൻ സാധിച്ചിട്ടില്ല.ബിറ്റുമിൻ വിതരണം ചെയ്ത പ്രൊജക്ടുകൾ/തുക ഈടാക്കൽ എന്നിവ സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. അന്വേഷണം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം- രൂ. 46,848 അധികം നൽകി

| | |
|---|---|
| പ്രൊജക്ട് നം./ പേര് | 918/17 പായിപ്ര സൗത്ത് എസ്.സി. കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം |
| അടങ്കൽ | 13,00,000രൂപ |
| നിർവ്വഹണം | എക്സിക്യൂട്ടീവ് എഞ്ചിനീയർ,എൽ.എസ്.ജി.ഡി. |
| കരാറുകാരൻ | ശ്രീ. എം.വി.ദിലീപ് കുമാർ |
| അളവ് പുസ്തകം | 634/15-16 |
| കരാർ നമ്പർ | 158/EE/LSGD/16-17 Dt. 30-01-2017 |
| ട്രഷറി ബിൽ നം. | 396/16-17 തീയതി 31-03-2017 രൂ. 9,12,204 |

ഈ പ്രവൃത്തി ഐറ്റം നിരക്ക് അടിസ്ഥാനത്തിൽ ഇ-ടെണ്ടർ നടത്തിയതിൽ, ശ്രീ. എം.വി.ദിലീപ് കുമാറിന്റെ 9,12,252 രൂപയുടെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു. സേവന നികുതിയിനത്തിൽ 1,21,252 രൂപ ഉൾപ്പെടെ ഈ പ്രവൃത്തിയുടെ ആകെ അടങ്കൽ 12,76,038 രൂപയായിരുന്നു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 29- ാമത് ഇനമായി ഉൾപ്പെട്ടിരുന്നത് $68.10m^2$ അളവിൽ

പി.വി.സി.പാനൽ ബോർഡ് ഉപയോഗിച്ചുള്ള ഫാൾസ് സീലിംഗാണ്. എസ്റ്റിമേറ്റിൽ 536.22/$m^2$ രൂപ എന്ന നിരക്ക് ഉൾപ്പെടുത്തിയിരുന്ന ഈയിനത്തിന് 423.61/$m^2$ രൂപ എന്ന നിരക്കാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ അളവ് പുസ്തകം 56-ാം പേജിലെ രേഖപ്പെടുത്തലനുസരിച്ച് ഈ പ്രവൃത്തി 140.20 $m^2$ അളവിൽ ചെയ്യുകയും ആയതിന് രൂ. 4123.61/$m^2$ നിരക്കിൽ 578130 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഫൈനൽ ബില്ലിൽ ആകെ പ്രവൃത്തി മൂല്യം 13,84,096 രൂപയായി കണക്കാക്കുകയും കരാർ തുക എന്ന നിലയിൽ 912204 രൂപയിൽ നിജപ്പെടുത്തി താഴെ പറയും പ്രകാരം ബിൽ തുക നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 13,84,096 |
| കരാർ തുകയിൽ നിജപ്പെടുത്തുന്നത് | 9,12,204 |
| വാറ്റ് @ 4% | 36,488 |
| ആദായ നികുതി 1% | 9,123 |
| ക്ഷേമനിധി വിഹിതം 1% | 9,122 |
| റീടെൻഷൻ | 10,000 |
| കരാറുകാരന് നൽകിയത് | 8,47,471 |

യഥാർത്ഥത്തിൽ ഈ പ്രവൃത്തിയുടെ ആകെ മൂല്യം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| കണക്കാക്കപ്പെട്ടിട്ടുള്ള പ്രവൃത്തി മൂല്യം | 13,84,096 |
| (-) ഇനം 29 ന് തെറ്റായി അനുവദിച്ച തുക | 5,78,130 |
| ആകെ | 8,05,966 |
| (+) ഇനം 29 ന് അനുവദിക്കാവുന്ന തുക (140.20 $m^2$ @ രൂ. 423.61) | 59,390 |
| ആകെ പ്രവൃത്തി മൂല്യം | 8,65,356 |

ആയതിനാൽ, മേൽപ്പറഞ്ഞ പ്രകാരം ആകെ പ്രവൃത്തി മൂല്യം 8,65,356 രൂപ മാത്രം വരുന്ന ഈ പ്രവൃത്തിയുടെ മൂല്യം 9,12,204 രൂപയായി കണക്കാക്കിയത് മൂലം 46,848 രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 59 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ 9,12,204 രൂപയ്ക്ക് മേലുള്ള 10.5% സേവന നികുതിയായി 95781 രൂപ കരാറുകാരൻ കേന്ദ്രസർക്കാരിലേക്ക് അടച്ചതിന്റെ രശീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിനുള്ള ഫൈനൽ ബില്ലും എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയതായി കാണുന്നുണ്ട്. ഈ തുകയും റീടെൻഷൻ തുകയും കരാറുകാരന് തിരികെ നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കാനും ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിനും മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയ 46,848 രൂപ തിരികെ ഈടാക്കുകയോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും വസൂലാക്കുകയോ ചെയ്യേണ്ടതാണ്.

## **3-15** ബിറ്റുമിൻ നൽകിയത് സംബന്ധിച്ച്

BPCL സമർപ്പിച്ച സ്റ്റേറ്റ് മെന്റ് പ്രകാരം 2013 – 14, 2014 – 15 വർഷം ബിറ്റുമിൻ വാങ്ങുന്നതിന് BPCL – ന് 6,28,90,685/- രൂപയും (മുൻ വർഷം അധികമായി നൽകിയ 62,33,643/- നീക്കി ബാക്കിയുൾപ്പെടെ). HPCL - സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 2013-14, 2014-15 വർഷം ബിറ്റുമിൻ വാങ്ങുന്നതിന് HPCL – ന് 12,05,03,688/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും

ലഭിച്ചിട്ടുണ്ട്. BPCL ന് 6,28,90,685/- രൂപ ലഭിച്ചതിൽ 6,81,53,731/- രൂപയുടെ ബിറ്റുമിനും HPCL ന് 12,05,03,688/- രൂപ ലഭിച്ചതിൽ11,59,70,845/- രൂപയുടെ ബിറ്റുമിനും മാത്രമാണ് ജില്ലാ പഞ്ചായത്തിന് നല്കിയത്. ബിറ്റുമിൻ വാങ്ങുന്നതിന് BPCLന്
അധികം ലഭിച്ച 9,70,190/- രൂപയും HPCL -ന് അധികം ലഭിച്ച 45,32,842/- രൂപയും 2016-17 വർഷം ജില്ലാ പഞ്ചായത്തിന് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ബിറ്റുമിൻ വാങ്ങുന്നതിന് ജില്ലാപഞ്ചായത്തിൽ നിന്നും BPCL, HPCL എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ജില്ലാ പഞ്ചായത്തിൽ ലഭ്യമല്ല. മാത്രമല്ല BPCL, HPCL എന്നീ സ്ഥാപനങ്ങൾ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് ശരിയാണോയെന്നും ഈ സ്ഥാപനങ്ങളിൽ നിന്ന് കിട്ടിയ ബിറ്റുമിൻ മുഴുവൻ ജില്ലാ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾക്ക് മാത്രമാണ് ഉപയോഗിച്ചത് എന്ന് പോലും പരിശോധിച്ചിട്ടില്ല. സ്ഥാപനങ്ങൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് മാത്രം കണക്കാക്കിയാണ് ബാക്കി തുക ജില്ലാ പഞ്ചായത്തിന് ലഭിച്ചത്.

BPCL, HPCL എന്നീ സ്ഥാപനങ്ങൾ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ജില്ലാ പഞ്ചായത്തിൽ നിന്നും ബിറ്റുമിൻ വാങ്ങുന്നതിനു നൽകിയ തുകകൾ, BPCL, HPCL എന്നീ സ്ഥാപനങ്ങൾ ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ

| ബിൽ നം | പ്രൊജക്റ്റ് നം./പ്രവൃത്തി | തുക | ഡി.ഡി. നം |
|---|---|---|---|
| 807/14-15 | SO 066/15/ | 3,64,125 | 975468/20-3-15 |
| 796/14-15 | SO 1793/15/ | 3,12,108 | 975491/20.3.15 |
| 450/14-15 | SO 0468/15/ | 4,43,953 | 625350/5-1-15 |
| ആകെ | | 11,20,186 | |

BPCL, HPCL സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്ത 11,20,186/- രൂപ ഈടാക്കേണ്ടതാണ്.

2. 2014-15 വർഷം ബിറ്റുമിൻ വാങ്ങുന്നതിന് തുക നൽകിയിട്ടും ഇതുവരെ ചെയ്യാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | | | ബിറ്റുമിൻ വാങ്ങുന്നതിന് നൽകിയ തുക | ബിൽ നം.. | ഡി.ഡി |
|---|---|---|---|---|---|
| 2014-15 | 2015-16 | 2016-17 | | | |
| 15/15 | 12/16 | 354/17 | 25,754 | 871/14-15 | |
| 254/15 | 782 | --- | 5,00,000 | 633/14-15 | 973522/27-2-15 |
| 305/15 | | | 52,018 | 789/14-15 | |
| 1803/15 | | | 13,005 | 759/14-15 | |
| ആകെ | | | 5,70,790 | | |

ഇതുവരെ പ്രവൃത്തി ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതും, മേൽ പ്രവൃത്തിയ്ക്കായി ബിറ്റുമിൻ വാങ്ങുന്നതിന് നൽകിയ 5,70,790/- ഈടാക്കേണ്ടതുമാണ്.

3. പ്രൊജക്റ്റ് നം. 879/14 – വാണിയപ്പള്ളി – ചൂണ്ടക്കുഴി കുറിച്ചലക്കോട് കൺവീനർ ശ്രീ. അനിൽകുമാർ – 2013-14 വർഷം ബിറ്റുമിൻ വാങ്ങുന്നതിന് 19.3.14 -ൽ 4,49,927/- (DD no

400207/26/3/14) നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഈ പ്രവൃത്തി 30.5.14 -ൽ പൂർത്തീകരിച്ചതാണെന്നും എന്നാൽ 19.5.2017 -ൽ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ second and final ബില്ല് തയ്യാറാക്കിയതും എന്നുമാണ്. (project no. 373/17). final ബില്ല് പ്രകാരം ഈ പ്രവൃത്തിയുടെ ആകെ മൂല്യം 10,45,473/- രൂപയാണ്. എന്നാൽ ഇതുവരെ ഈ പ്രവൃത്തിക്ക് തുക നൽകിയിട്ടില്ല.

ഈ പ്രവൃത്തിക്ക് 2012-13 വർഷം 31.3.14 -ൽ ഒന്നാം ഭാഗികബിൽ ഇനത്തിൽ 1,91,632/- രൂപ നൽകി ഒരു വർഷത്തിനുശേഷമാണ് 19.314 -ലാണ് ബിറ്റുമിൻ വാങ്ങുന്നതിന് തുക നല്കിയത്. 30.5.14 -ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിക്ക് മൂന്ന് വർഷം കഴിഞ്ഞ് 19.5.2017 -ൽ മാത്രമാണ് second and final ബില്ല് തയ്യാറാക്കിയത് എന്നതും ഈ പ്രവൃത്തി ചെയ്തത് സംബന്ധിച്ചും അന്വേഷിക്കേണ്ടതാണ്.

2013-14, 2014-15 വർഷം ബിറ്റുമിൻ വാങ്ങിയത് സംബന്ധിച്ച് വകുപ്പ്തല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-16 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S 1035/17, ഹരിതശ്രീ 2 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ മിഷൻ, കോ – ഓർഡിനേറ്റർ,കുടുംബശ്രീ |
| അടങ്കൽ | 15,00,000- വികസന ഫണ്ട് |
| ചെലവ് (ബിൽ നമ്പർ) | 04/2016-17/ 31.03.17= 15,00,000 - |

ജില്ലയിലെ പതിനാല് ബ്ലോക്കുകളിലെ 15,000 അയൽക്കൂട്ടങ്ങൾക്ക് പയർ, വെണ്ട, വഴുതന, തക്കാളി, മുളക് എന്നീ ഇനം പച്ചക്കറികളുടെ 6,00,018 തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിതരണ ,കൈപ്പറ്റ് രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.36) രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S1032/17,തൈക്കോണ്ടോ പരിശീലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെ.ഡയറക്ടർ (എഡ്യൂക്കേഷൻ) |
| അടങ്കൽ | 5,00,000- വികസന ഫണ്ട് |
| ചെലവ് | 5,00,000 -ബിൽ നമ്പർ 02/2016-17/ 09.03.17 |

ജില്ലയിലെ ഗവണ്മെന്റ് ഹൈസ്കൂളുകളിലെ പെൺകുട്ടികൾക്ക് തൈക്കോണ്ടോ പരിശീലനം നല്കുന്നതിനായി തുക വകയിരുത്തി. ജില്ലാ തൈക്കോണ്ടോ അസോസിയേഷനെയാണ് പരിശീലനം നൽകുന്നതിനായി നിയോഗിച്ചിട്ടുള്ളത് . ഇതിനായി താഴെപ്പറയും വിധം ധനസഹായം നൽകി.

| | | |
|---|---|---|
| ഡി.ഇ.ഒ. എറണാകുളം | ഗവ.ഹൈസ്കൂളുകൾ (എളങ്കുന്നപ്പുഴ, പുത്തൻതോട്) | 74,000 |
| ഡി.ഇ.ഒ. ആലുവ | ഗവ.ഹൈസ്കൂളുകൾ (ചേന്ദമംഗലം, കൈതാരം, മൂപ്പത്തടം, പഴന്തോട്ടം | 1,53,000 |
| ഡി.ഇ.ഒ. കോതമംഗലം | ഗവ.ഹൈസ്കൂളുകൾ(പൊയ്ക, നേര്യമംഗലം, പല്ലാരിമംഗലം, ഓടക്കാലി, ചെറുവത്തൂർ) | 1,94,000 |

| | | |
|---|---|---|
| ഡി.ഇ.ഒ.മൂവാറ്റുപുഴ | ഗവ.ഹൈസ്കൂളുകൾ (മണീട്, അത്താണിക്കൽ) | 79,000 |
| ആകെ | | 5,00,000 |

ഈ പ്രോജക്റ്റിലെ ചെലവുമായി ബന്ധപ്പെട്ട ബില്ലുകൾ , ഇൻവോയ്സുകൾ, പരിശീലനം നൽകിയ തീയതികൾ, കുട്ടികളുടെ ഹാജർ നില, തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.38) മറുപടി ലഭിച്ചില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-17 കരിങ്കോഴി ഗ്രാമ പദ്ധതി - അനുവദനീയമായതിലും അധികം ധനസഹായം നല്കി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S1039/17, കരിങ്കോഴി ഗ്രാമം |
| നിർവ്വഹണോദ്യോഗസ്ഥൻ | കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ |
| അടങ്കൽ | 10,00,000 – വികസന ഫണ്ട്<br>1,30,000- മറ്റുള്ളവ<br>--------------------<br>11,30,000 |
| ചെലവ് വിവരം - ബിൽ നം. തുക | 03/2016-17 / 31.03.17 = 5,20,000 |

എറണാകുളം ജില്ലയിലെ പതിമൂന്ന് ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട പത്ത് സ്ത്രീകൾക്ക് 200 രൂപ വീതം വില മതിക്കുന്ന 25 കരിങ്കോഴി കുഞ്ഞുങ്ങളെ വീതം വാങ്ങുവാൻ ധനസഹായം നൽകുക വഴി ഗ്രാമപ്രദേശങ്ങളിലെ തൊഴിലില്ലാത്ത സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഔഷധ ഗുണമുള്ളതും നല്ല വില ലഭിക്കുന്നതുമാണ് കരിങ്കോഴിയുടെ ഇറച്ചിയെന്ന് പ്രോജക്റ്റിൽ വിലയിരുത്തിയിട്ടുണ്ട്. ചോറ്റാനിക്കര, എടത്തല, കുന്നുകര, മുളന്തുരുത്തി, കീഴ് മാട്, പല്ലാരിമംഗലം, ആവോലി, മൂക്കന്നൂർ, മലയാറ്റൂർ-നീലേശ്വരം, പള്ളിപ്പുറം, വെങ്ങോല, തിരുമാറാടി, ശ്രീമൂലനഗരം എന്നീ പഞ്ചായത്തുകളിലെ സി.ഡി.എസുകളിൽ ഇതിനായി രൂപീകരിച്ച പതിമൂന്ന് ഗ്രൂപ്പുകൾക്ക് 40,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. സബ്സിഡിയ്ക്കു പുറമേ കൂട് നിർമ്മാണത്തിനും കോഴികുഞ്ഞുങ്ങളുടെ തീറ്റക്കുമായി ഗുണഭോക്തൃ വിഹിതം 10,000 രൂപയും ബാങ്ക് ലോണായി 1,00,000 രൂപയും സമാഹരിക്കുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 11.01.16 ലെ സർക്കാർ ഉത്തരവ് 04/2016/ ത.സ്വ.ഭ.വ. പ്രകാരം കോഴിക്കുഞ്ഞിന്റെ വിലയായ 200 രൂപയുടെ എഴുപത്തിഅഞ്ച് ശതമാനമാണ് വികസന ഫണ്ടിൽ നിന്ന് ധനസഹായമായി നൽകാവുന്നത്. ആയതിനാൽ ഒരു ഗ്രൂപ്പിലെ പത്ത് പേർക്ക് 25 കോഴിക്കുഞ്ഞുങ്ങൾക്ക് 150 രൂപ വീതം 37,500 രൂപയാണ് ഗ്രൂപ്പിന് നൽകാവുന്നത്. അധികമായി ഒരു ഗ്രൂപ്പിന് നല്കിയത് 2500/- രൂപ 13 ഗ്രൂപ്പുകൾക്ക് അധികമായി നല്കിയത് 32500/- രൂപ 10X25X150 = 37,500 രൂപയാണ് ഒരു ഗ്രൂപ്പിന് നൽകാവുന്നത് . അധികമായി നൽകിയത് 2500 X13 = 32,500 രൂപ.
2. 11-01-16 ലെ ഉത്തരവ് പ്രകാരം ഒരു കുടുംബത്തിന് പരമാവധി 500 രൂപയാണ് നൽകാവുന്നത്. എന്നാൽ ഒരാൾക്ക് 4000 രൂപ ധനസഹായമായി നൽകിയിരിക്കുന്നു.
3. വായ്പാ ബന്ധിത പ്രോജക്റ്റായതിനാൽ ഗ്രൂപ്പുകളുടെ ബാങ്ക് പാസ്സ് ബുക്ക്, കോഴിക്കുഞ്ഞുങ്ങളെ

വാങ്ങിയതിന്റെ ഇൻവോയ്സ്, ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം. 23 ) നൽകിയതിന് കീഴ്മാട് , ആവോലി, എടത്തല എന്നീ സി.ഡി.എസുകളും കാർത്തിക , ഗുഡ് മോർണിംഗ് , വാനംപാടി, നന്മ, സ്നേഹ, ജുവൽ എന്നീ ഗ്രൂപ്പുകൾ ലോൺ ലഭ്യാക്കിയതിന്റെയും ഗുഡ് മോർണിംഗ്, നന്മ, സ്നേഹ എന്നീ ഗ്രൂപ്പുകൾ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെയും കീഴ് മാട്, കാർത്തിക, നന്മ, ജുവൽ എന്നീ ഗ്രൂപ്പുകൾ കരിങ്കോഴിയെ വാങ്ങിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. നാല് ഗ്രൂപ്പുകൾ ലോൺ ലഭ്യമാക്കിയതിന്റെയും പത്ത് ഗ്രൂപ്പുകൾ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെയും , ഒൻപത് ഗ്രൂപ്പുകൾ കരിങ്കോഴിയെ വാങ്ങിയതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല.

അധികമായി നൽകിയ 32,500 രൂപ നഷ്ടത്തിനുത്തരവാദിയായ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ് മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-18 ക്ഷീരവർദ്ധിനി പദ്ധതി- ധനസഹായം കൈപ്പറ്റിയയാൾ പശുവിനെ വാങ്ങിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 1173/ 2016-17, ക്ഷീര വർദ്ധിനി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, ഡയറി |
| അടങ്കൽ | വികസന ഫണ്ട്- 2,50,00,000 |
| ചെലവ് വിവരം (ബിൽ നം./തുക) | 01/2016-17/ 31.03.17 - 80,00,000 02/2016-17 /31.03.17- 20,00,000 03/2016-17/31.03.17- 90,00,000 04/2016-17/31.03.17- 60,00,000 ആകെ 2,50,00,000 |

ക്ഷീരവർദ്ധിനി പ്രോജക്ട് പ്രകാരം കൃത്യമായി ഓഡിറ്റ് നടത്തിയതും 250 മുതൽ 500 ലിറ്റർ പാൽ സംഭരിക്കുന്ന ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നു. ഇപ്രകാരം ലഭിക്കുന്ന ഫണ്ടുപയോഗിച്ച് ഓരോ സംഘവും അഞ്ച് കർഷകർക്ക് പശുവിനെ വാങ്ങുന്നതിനായി 40,000 രൂപ വീതം പലിശ രഹിത വായ്പ നൽകുന്നു. കർഷകർ സംഘത്തിന് നൽകുന്ന പാലിന്റെ വിലയിൽ നിന്ന് 500 രൂപ വീതം ഓരോ ആഴ്ചയും തിരികെ ഈടാക്കി 40,000 രൂപ തിരികെ ലഭിക്കുന്ന മുറയ്ക്ക് അടുത്ത കർഷകന് പശുവിനെ വാങ്ങുന്നതിനായി വായ്പ അനുവദിക്കുകയും അഞ്ച് വർഷത്തിന് ശേഷം തുക സഹകരണ സംഘത്തിന്റെ പ്രവർത്തന ഫണ്ടായി മാറ്റുകയും വഴി കൂടുതൽ പാലുൽപാദനവും ഗുണമേൻമയുള്ള പാലിന്റെ ലഭ്യതയുമാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്.

ഓരോ ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നിന്നും അഞ്ച് പേർ വീതം 125 സഹകരണ സംഘങ്ങളിലെ 625 ക്ഷീര കർഷകർക്കാണ് 40,000 രൂപ വീതം 2,50,00,000 രൂപ നൽകിയിരിക്കുന്നത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം പനച്ചയം ക്ഷീരോത്പാദക സഹകരണ സംഘത്തിലെ അഞ്ച് പേർക്ക് ധനസഹായം നല്കിയിട്ടുണ്ടെങ്കിലും കുര്യാക്കോസ് ജേക്കബ് , നെല്ലിയ്ക്കാകുടി, പനച്ചയം എന്നയാൾ നാളിതുവരെ പശുവിനെ വാങ്ങിയിട്ടില്ല. 12.08.17 നകം

പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്ത് രേഖകൾ സംഘത്തിൽ ഏൽപ്പിക്കാത്ത പക്ഷം നിയമ നടപടികൾ സ്വീകരിക്കുമെന്ന് സഹകരണ സംഘം സെക്രട്ടറി ഇൻ ചാർജ് ശ്രീമതി എൻ.എൻ.പത്മാവതി ശ്രീ കുര്യാക്കോസ് ജേക്കബിന് 10.08.17 ന് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ശ്രീ കുര്യാക്കോസ് ജേക്കബ് പശുവിനെ വാങ്ങുകയോ തുക തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇതേ കർഷകന്റെ മറ്റൊരു പശുവിന്റെ പാലളവിൽ നിന്നും സംഘം ഇരുപതിനായിരം രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. ആയതിനാൽ തിരിച്ചടയ്ക്കാൻ ബാക്കിയായ 20,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ധനസഹായം ലഭിച്ചിട്ടും പശുവിനെ വാങ്ങാത്തതുമൂലം മറ്റൊരു ക്ഷീര കർഷകന് ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാതെ പോയി. ശ്രീ കുര്യാക്കോസ് ജേക്കബിൽ നിന്നും തുക പലിശ സഹിതം അടിയന്തിരമായി തിരികെ ഈടാക്കി അടുത്ത ക്ഷീരകർഷകന് നല്കുകയും ടിയാൾ പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം തുക പലിശ സഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.അടുത്ത ക്ഷീരകർഷകന് ധന സഹായം ലഭിച്ചതിനുശേഷം തിരിച്ചടവ് തുകയിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് പ്രൊജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ ധനസഹായം റിവോൾവ് ചെയ്യുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. അഞ്ച് വർഷത്തിനു ശേഷം ഈ തുക ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തന ഫണ്ടായിമാറുന്നുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8) തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 3-19 സി.ഡി. എസുകൾക്ക് മാർക്കറ്റിംഗ് കിയോസ്കുകൾ– മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം ചെയ്തു

| പ്രോജക്ടിന്റെ നമ്പർ, പേര് | S1037/17, സി.ഡി. എസുകൾക്ക് മാർക്കറ്റിംഗ് കിയോസ്കുകൾ. (എസ്.സി) | S1037/17, സി.ഡി. എസുകൾക്ക് മാർക്കറ്റിംഗ് കിയോ സ്കുകൾ.(ജനറൽ) |
|---|---|---|
| നിർവ്വണോദ്യോഗസ്ഥൻ | ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ, കുടുംബശ്രീ | |
| അടങ്കൽ | 17,17,500 – വികസന ഫണ്ട് (എസ്.സി.പി) | 9,44,625- വികസന ഫണ്ട് |
| ചെലവ് തുക, ബിൽ നം. | 17,17,500- 01/2016-17/ 31.03.17 | 9,44,625- 02/ 2016-17 /31.03.17 |

എറണാകുളം ജില്ലയിലെ 20 സി.ഡി.എസുകൾക്ക് എസ്.സി. ഫണ്ടുപയോഗിച്ചും 11 സി.ഡി.എസുകൾക്ക് ജനറൽ ഫണ്ടുപയോഗിച്ചും മാർക്കറ്റിംഗ് കിയോസ്കുകൾ നിർമ്മിച്ച് നൽകുകയാണ് പ്രോജക്ടിൽ വിഭാവനം ചെയ്യുന്നത്. ഇതിനായി 31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ക്വട്ടേഷൻ ക്ഷണിച്ചു. ഏറ്റവും കുറവ് തുകയായ 75,000 രൂപ ക്വോട്ട് ചെയ്ത സുരേഷ് എൻജിനീയറിംഗ് വർക്സിനെ കിയോസ്കുകളുടെ നിർമ്മാണം ഏല്പിച്ചു. കിയോസ്കുകൾ നിർമ്മിച്ച് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ ന്യൂനതകൾ താഴെച്ചേർക്കുന്നു.

1. 12.05.15 ലെ ജി.ഒ. (എം.എസ്). 13/2015 പ്രകാരം അഞ്ച് ലക്ഷം രൂപയിലധികം വരുന്ന പർച്ചേസുകൾക്ക് ഇ-ടെൻഡറുകൾ ക്ഷണിക്കേണ്ടതാണെങ്കിലും ക്വട്ടേഷനുകളാണ് ക്ഷണിച്ചത്.

2. 11.01.16 ലെ ജി.ഒ.( എം.എസ്. ) 04/2016 പ്രകാരം ശാരീരിക വൈകല്യമുള്ളവർക്ക് മാത്രം പെട്ടികട തുടങ്ങാനായി 25,000 രൂപ ധനസഹായം ചെയ്യാവുന്നതാണ്. സി.ഡി.എസുകൾക്ക് മാർക്കറ്റിംഗ് കിയോസ്കുകൾ നിർമ്മിച്ചു നൽകുന്നതിനായി ധനസഹായം ചെയ്തത് മേൽ സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. മേൽ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കാത്ത

ഏതെങ്കിലും ഇനത്തിന് പ്രോജക്ട് തയ്യാറാക്കിയാൽ, സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങി മാത്രം പ്രോജക്ട് നടപ്പാക്കേണ്ടതാണെന്ന് ഇതേ ഉത്തരവിൽ തന്നെ വ്യക്തമാക്കുന്നുണ്ട്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.35) മറുപടി ലഭിച്ചില്ല.ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-20 കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കൽ-അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നം., പേര് | S 1030/17കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 19,00,000/-(തനത്ഫണ്ട്)<br>16,00,000 (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ചെലവ് | 14,00,000 /-, ചെക്ക്നം. 648287/ 16.02.'17<br>16,00,000 (ബിൽ നം. 42/16-17/ 17.2.17) |

പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി 30,00,000/- രൂപ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ-ന് നല്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി ജില്ലാ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ, സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. ലിഫ്റ്റ് സ്ഥാപിക്കുന്നതിന് കൊച്ചിൻ കോർപ്പറേഷനിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് വാങ്ങിയിട്ടില്ല. തന്നെയുമല്ല ലിഫ്റ്റ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ഇലക്ട്രിക്കൽ സ്കീം വാങ്ങുകയോ ചെയ്തിട്ടില്ല. മേൽ സൂചിപ്പിച്ച പ്രവൃത്തികളൊന്നും പൂർത്തീകരിക്കാതെയാണ് ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള തുക പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ-ന് നൽകിയിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/ 15.11.2017) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ചെലവു രേഖകളുടെ അഭാവത്തിൽ ചെലവു തുകയായ 30,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 സുഭിക്ഷ -പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തു

| | |
|---|---|
| പ്രൊജക്ട് നം/പേര് | S 1024/17,<br>തീരദേശ ഉച്ചഭക്ഷണ പദ്ധതി |
| നിർവ്വണോദ്യോഗസ്ഥൻ | ഡെ. ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ |
| അടങ്കൽ | 10,00,000 (വികസനഫണ്ട്) |
| ചെലവ് വിവരം ബിൽ നം./തീയതി തുക | 03/2016-17 തീയതി.16.03.17<br>5,31,248 രൂപ |

തീരദേശ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്നതിനായി ജില്ലയിലെ താഴെപ്പറയുന്ന സ്കൂളുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

| | |
|---|---|
| ജി.എച്ച്.എസ്.എസ് പുത്തൻതോട് | 1,81,928 |
| ജി.എച്ച്.എസ്.എസ് കൈതാരം | 1,32,288 |
| ജി.എച്ച്.എസ്.എസ് എഴിക്കര | 48,680 |
| ജി.എച്ച്.എസ്.എസ് ചേന്ദമംഗലം | 66,700 |
| ജി.എച്ച്.എസ്.എസ് പുതിയകാവ് | 1,01,652 |
| ആകെ | 5,31,248 |

ജി.ഒ.എം.എസ്. 04/2016 / 11.01.16 പ്രകാരം സ്കൂൾ ഉച്ചഭക്ഷണ പരിപാടി വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്നതായതിനാൽ സർക്കാർ സ്കൂളുകളുടെ ഈ പരിപാടിയുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്, ഉച്ച ഭക്ഷണ പരിപാടിയ്ക്കായി വികസന ഫണ്ട് ഉപയോഗിക്കാവുന്നതല്ല. മേൽ ഉത്തരവിൽ ഉൾപ്പെടാത്ത ഇനങ്ങൾ ചേർത്ത് പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല .ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 39) മറുപടിനൽകിയില്ല. ആയതിനാൽ ചെലവ് തുക 531248/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-22 പി.എം.എ.വൈ ഭവനപദ്ധതി -വിഹിതം നല്കൽ -അപാകതകൾ

പ്രോജക്ട് ഡയറക്ടർ - ദാരിദ്ര്യലഘൂകരണ യൂണിറ്റ് നിർവഹണോദ്യോഗസ്ഥനായ 'പി.എം.എ.വൈ ഭവനപദ്ധതി – വിഹിതം നല്കൽ ' പദ്ധതികളുടെ നടത്തിപ്പിലേക്കായി ജില്ലാ പഞ്ചായത്ത് വിഹിതം - ജനറൽ , പട്ടികജാതി , പട്ടികവർഗം എന്നീ വിഭാഗങ്ങളിലായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നല്കിയിട്ടുണ്ട് . ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ അക്കൗണ്ടിൽ ഈ ആവശ്യത്തിനായി നിക്ഷേപിച്ച തുകകളും (ഹാജരാക്കിയ ലിസ്റ്റ് പ്രകാരമുള്ളത് ) അതാത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ഹാജരാക്കിയിട്ടുള്ള വിനിയോഗസാക്ഷ്യപത്രത്തിൽ കാണിച്ചിട്ടുള്ള കൈപ്പറ്റ് തുകയും തമ്മിൽ വ്യത്യാസം ഉണ്ട് . ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46 , 18.11.17) മറുപടി ലഭ്യമാക്കിയില്ല .

പ്രോജക്ട് തിരിച്ചുള്ള വിശദാംശങ്ങൾ താഴെ പറയുന്നു .

1)പ്രൊജക്ടിന്റെ നം., പേര് -എസ് 0704 /17 , പി.എം.എ.വൈ ഭവനപദ്ധതി (ജനറൽ)

അടങ്കൽ - 2,84,48,000 /-(വികസനഫണ്ട് -ജനറൽ)

ചെലവ് -2,84,48,000 /-

1)ബിൽ നം. 3/16-17 ; 14. 02.17 ; 80,00,000/-

2)ബിൽ നം. 4/16-17 ; 14.02. 17 ; 53,56,000/-

3)ബിൽ നം. 10/16-17 ; 22.02.17 ; 80,00,000/-

4)ബിൽ നം. 11/16-17 ; 22.02.17 ; 70,92,000/-

.

| ക്രമ നം. | ബ്ലോക്ക് പഞ്ചായത്ത് | ആകെ നല്കിയ തുക(എ) | വിനിയോഗസാക്ഷ്യപത്രം പ്രകാരം | | വ്യത്യാസം (a-b) |
|---|---|---|---|---|---|
| | | | കൈപ്പറ്റ് തുക | വിനിയോഗിച്ച തുക(ബി) | |
| 1 | അങ്കമാലി | 21,00,000/- | 10,36,000/- (09.05. 17) | 4,20,000/- | 16,80,000/- |
| 2 | മൂവാറ്റുപുഴ | 21,84,000/- | 33,60,000/- (07.04. 17) | 33,60,000/- | 0 |
| 3 | പള്ളുരുത്തി | 14,56,000/- | 13,16,000/- (27.04. 17) | 3,92,000/- | 10,64,000/- |
| 4 | കോതമംഗലം | 27,44,000/- | 31,10,565/-(08.05. 17) | 14,00,000/- | 13,44,000/- |
| 5 | വൈപ്പിൻ | 20,72,000/- | 18,91,201/- (10.05. 17) | 4,20,000/- | 16,52,000/- |
| 6 | പറവൂർ | 18,76,000/- | 18,76,000/- (12.05. 17) | 1,96,000/- | 16,80,000/- |
| 7 | ആലങ്ങാട് | 15,96,000/- | ഹാജരാക്കിയില്ല | | 15,96,000/- |
| 8 | ഇടപ്പള്ളി | 14,56,000/- | ഹാജരാക്കിയില്ല | | 14,56,000/- |
| 9 | കൂവപ്പടി | 26,88,000/- | ഹാജരാക്കിയില്ല | | 26,88,000/- |
| 10 | മുളന്തുരുത്തി | 17,36,000/- | ഹാജരാക്കിയില്ല | | 17,36,000/- |
| 11 | പാമ്പാക്കുട | 24,08,000/- | ഹാജരാക്കിയില്ല | | 24,08,000/- |
| 12 | പാറക്കടവ് | 21,28,000/- | ഹാജരാക്കിയില്ല | | 21,28,000/- |
| 13 | വടവുകോട് | 19,04,000/- | ഹാജരാക്കിയില്ല | | 19,04,000/- |
| 14 | വാഴക്കുളം | 21,00,000/- | ഹാജരാക്കിയില്ല | | 21,00,000/- |
| ആകെ വ്യത്യാസം | | | | | 2,34,36,000/- |

മൂവാറ്റുപുഴ, കോതമംഗലം ബ്ലോക്കുകൾക്ക് നല്കിയ തുകയെക്കാൾ കൂടുതൽ തുക കൈപ്പറ്റിയതായി അതാത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ഹാജരാക്കിയ വിനിയോഗസാക്ഷ്യപത്രത്തിൽ കാണിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയ ബ്ലോക്കുകളിൽ ഓരോ ബ്ലോക്കിനും നല്കിയ തുകയും വിനിയോഗിച്ച തുകയും തമ്മിലുള്ള ആകെ വ്യത്യാസം (a-b) 2,34,36,000/- രൂപ

2) പ്രൊജക്റ്റിന്റെ നം., പേര് -എസ് 0705/17, പി എം എ വൈ ഭവനപദ്ധതി (എസ് സി പി)
അടങ്കൽ - 6,17,60,081/- (എസ് സി പി )
ചെലവ് - 6,17,60,081/-
1)ബിൽ നം. - 1/16-17 ; 20.02.17 ; 33,97,109/-
2)ബിൽ നം. - 2/16-17 ; 20.02.17 ; 90,00,000/-
3)ബിൽ നം. - 6/16-17 ; 22.02.17 ; 95,00,000/-
4)ബിൽ നം. - 7/16-17 ; 22.02.17 ; 95,00,000/-
5)ബിൽ നം. - 8/16 -17 ; 22.02.17 ; 88,33,753/-
6)ബിൽ നം. -17/16-17 ; 20.03.17 ; 95,00,000/-
7)ബിൽ നം. -18/16-17 ; 20.03.17 ; 8,20,000/-
8)ബിൽ നം. -14/16-17 ; 29.03.17 ; 80,00,000/-
9)ബിൽ നം. -15/16-17 ; 29.03.17 ; 32,09,219/-

| ക്രമ നം. | ബ്ലോക്ക് പഞ്ചായത്ത് | ആകെ നല്കിയ | വിനിയോഗസാക്ഷ്യ പത്രം പ്രകാരം | വ്യത്യാസം (എ)-(ബി) |
|---|---|---|---|---|

| | | തുക(എ) | കൈപ്പറ്റ് തുക | വിനിയോഗിച്ച തുക(ബി) | |
|---|---|---|---|---|---|
| 1 | അങ്കമാലി | 13,57,927/- | 3,92,001/- (09.05.17) | 0 | 13,57,927/- |
| 2 | മൂവാറ്റുപുഴ | 47,92,883/- | 43,42,871/- (07.04.17) | 43,42,871/- | 4,50,012/- |
| 3 | പള്ളുരുത്തി | 4,57,168/- | 1,96,000/- (27.04.17) | 28,000/- | 4,29,168/- |
| 4 | ഇടപ്പള്ളി | 22,52,053/- | ഹാജരാക്കിയില്ല | | 22,52,053/- |
| 5 | പറവൂർ | 42,83,748/- | 11,18,306/- 12.05.17) | 28,000/- | 42,55,748/- |
| 6 | വൈപ്പിൻ | 52,50,411/- | 55,81,179/- (10.05.17) | 45,88,380/- | 6,62,031/- |
| 7 | കോതമംഗലം | 91,69,028/- | 86,08,621/- (27.04.17 & 08.05.17) | 79,98,428/- | 11,70,600/- |
| 8 | വാഴക്കുളം | 57,26,678/- | 50,14,548/- (09.05.17) | 50,14,548/- | 7,12,130/- |
| 9 | കൂവപ്പടി | 57,67,472/- | 34,65,000/- (12.05.17) | 34,65,000/- | 23,02,472/- |
| 10 | ആലങ്ങാട് | 43,60,562/- | ഹാജരാക്കിയില്ല | | 43,60,562/- |
| 11 | മുളന്തുരുത്തി | 54,03,709/- | ഹാജരാക്കിയില്ല | | 54,03,709/- |
| 12 | വടവുകോട് | 58,81,965/- | ഹാജരാക്കിയില്ല | | 58,81,965/- |
| 13 | പാമ്പാക്കുട | 37,51,461/- | ഹാജരാക്കിയില്ല | | 37,51,461/- |
| 14 | പാറക്കടവ് | 33,05,016/- | ഹാജരാക്കിയില്ല | | 33,05,016/- |
| ആകെ വ്യത്യാസം | | | | | 3,62,94,854/- |

3)പ്രൊജക്ടിന്റെ നം., പേര് - എസ് 0706 / 17 , പി എം എ വൈ ഭവനപദ്ധതി (ടി എസ് പി)
അടങ്കൽ - 38,15,000/- (ടി എസ് പി )
ചെലവ് - 38,15,000/-
ബിൽ നം. 5/16-17 ; 14.01.17 ; 8,15,000/-
ബിൽ നം. 9/16-17 ; 22.02.17 ; 30,00,000/-

| ക്രമ നം. | ബ്ലോക്ക് പഞ്ചായത്ത് | ആകെ നല്കിയ തുക | വിനിയോഗസാക്ഷ്യപത്രം പ്രകാരം | വ്യത്യാസം (എ)-(ബി) |
|---|---|---|---|---|

| | | (എ) | കൈപ്പറ്റിയ തുക | വിനിയോഗിച്ച തുക (ബി) | |
|---|---|---|---|---|---|
| 1 | ആലങ്ങാട് | 1,71,086/- | ഹാജരാക്കിയില്ല | | 1,71,086/- |
| 2 | അങ്കമാലി | 21,386/- | 21,386/- (09.05.17) | 0 | 21,386/- |
| 3 | ഇടപ്പള്ളി | 64,157/- | ഹാജരാക്കിയില്ല | | 64,157/- |
| 4 | കൂവപ്പടി | 7,17,999/- | ഹാജരാക്കിയില്ല | | 7,17,999/- |
| 5 | കോതമംഗലം | 15,95,938/- | 6,88,008/- (08.05.17) | 6,88,008/- | 90,930/- |
| 6 | മുളന്തുരുത്തി | 1,59,429/- | ഹാജരാക്കിയില്ല | | 1,59,429/- |
| 7 | മൂവാറ്റുപുഴ | 1,69,303/- | 1,69,302/- (07.04.17) | 1,69,302/- | 0 |
| 8 | പാമ്പാക്കുട | 85,543/- | ഹാജരാക്കിയില്ല | | 85,543/- |
| 9 | പാറക്കടവ് | 1,3,043/- | ഹാജരാക്കിയില്ല | | 1,03,043/- |
| 10 | പറവൂർ | 1,6,929/- | 1,06,929/- (12.05.17) | 0 | 1,06,929/- |
| 11 | വടവുകോട് | 3,20,786/- | ഹാജരാക്കിയില്ല | | 3,20,786/- |
| 12 | വാഴക്കുളം | 2,13,858/- | ഹാജരാക്കിയില്ല | | 2,13,858/- |
| 13 | വൈപ്പിൻ | 85,543/- | 85,543/- (10.05.17) | 0 | 85,543/- |
| ആകെ വ്യത്യാസം | | | | | 29,57,689/- |

മൂന്നു പ്രൊജക്ടുകളിലായി ആകെ വ്യത്യാസം 6,26,88,543/-.രൂപയാണ്.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് നല്കിയ തുകയിൽ വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകയായ 6,26,88,543/- രൂപ തടസ്സപ്പെടുത്തുന്നു .

## 3-23 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി തുടർ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S1110/17, പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം |
| നിർവ്വഹണോദ്യോഗസ്ഥൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 50,00,000 -വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് (ബിൽ നം. / തിയതി) | 01/16-17/ 30.01.2017 = 27,17,316-<br>03/16-17/ 20.03.2017 = 5,28,459-<br>04/16-17/ 30.03.2017 = 10,18,506- |

| | |
|---|---|
| | ആകെ = 42,64,281 |

15.06.1999 ലെ സ.ഉ (എം.എസ്) നം. 28/99 / പ്ലാനിംഗ് പ്രകാരം നാലാം ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളെ തെരഞ്ഞെടുത്ത് അഞ്ചാം ക്ലാസ്സിൽ പ്രവേശനം നൽകി, പ്ലസ് ടു വരെ ധനസഹായം നൽകാവുന്നതാണ്. ഇങ്ങനെ പ്രവേശനം നൽകി ധനസഹായം നൽകുമ്പോൾ അൻപത് ശതമാനം വീതം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം നൽകി ധനസഹായം നൽകേണ്ടതാണ്. 2016-17 വർഷം പുതിയതായി പ്രവേശനം ലഭിച്ച 19 കുട്ടികൾക്കും പഠനം തുടരുന്ന 75 കുട്ടികൾക്കും ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കുട്ടികളുടെ കാര്യത്തിൽ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ചിട്ടില്ല.

| ക്രമ നം | സ്കൂളിന്റെ പേര് | വിദ്യാർത്ഥി/ വിദ്യർത്ഥിനിയുടെ പേര് | വിഭാഗം | പ്രവേശനം നൽകിയ ക്ലാസ്സ് |
|---|---|---|---|---|
| 1 | സെയിന്റ് പോൾസ് എച്ച്.എസ് മുത്തോലിപുരം | കെ.ആർ ഭാരതപ്രിയ | പെൺകുട്ടി | VII |
| 2 | ,, | വൈഷ്ണവി രാജു | ,, | VI |
| 3 | ,, | ഉത്തര പ്രസാദ് | ,, | VI |
| 4 | ,, | ഐശ്വര്യ മനോജ് | ,, | V |
| 5 | സെയിന്റ് ജോസഫ്സ് ജി.എച്ച്.എസ്.ആരക്കുഴ | കാവ്യ എൻ.എസ് | ,, | VI |
| 6 | “ | സജനാ ഷാജു | ,, | VI |
| 7 | “ | സജിതാ ഷാജു | ,, | VII |
| 8 | “ | ദേവികാ പ്രസാദ് | ,, | V |
| 9 | “ | ദുർഗ്ഗാ പ്രസാദ് | ,, | V |
| 10 | “ | അഞ്ജന റ്റി.ബി | ,, | V |
| 11 | “ | ദേവികാ ചന്ദ്രൻ | ,, | V |
| 12 | “ | ഷാമിലി ഷാജി | ,, | V |
| 13 | “ | സൂര്യ ഉത്തമൻ | ,, | V |
| 14 | “ | റോഷ്നി രാജേഷ് | ,, | VI |
| 15 | സെയിന്റ് അഗസ്റ്റ്യൻസ് ജി.എച്ച്.എസ്.എസ് കോതമംഗലം | അശ്വതി മണി | ,, | VII |
| 16 | “ | അശ്വതി കെ. മനോജ് | ,, | V |

| | | | | |
|---|---|---|---|---|
| 17 | " | ലക്ഷ്മിപ്രിയ കെ.കെ | ,, | V |
| 18 | " | മിൻസാര സജി | ,, | V |
| 19 | " | സന്യുജ്യാ സുഭാഷ് | ,, | VII |
| 20 | സെയിന്റ് തോമസ് എച്ച്.എസ്. കീഴില്ലം | അഭയ് ഗോപി | ആൺകുട്ടി | VII |

<u>അപാകതകൾ</u>

1.മേൽ വിവരങ്ങൾ പ്രകാരം ഒരു ആൺകുട്ടിയേയും പത്തൊൻപത് പെൺകുട്ടികളെയുമാണ് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുവാനായി തെരഞ്ഞെടുത്തിരിക്കുന്നത്.സർക്കാർ ഉത്തരവിൽ 5-ാം ക്ലാസ്സിൽ പ്രവേശനം നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പത്തുകുട്ടികൾക്ക് ആറാം ക്ലാസ്സുമുതൽ മുകളിലേക്കുള്ള ക്ലാസുകളിലാണ് പ്രവേശനം ലഭിച്ചിരിക്കുന്നത്. കാവ്യ എൻ.എസ്. എന്ന കുട്ടി 2016 സെപ്റ്റംബർ മാസത്തിനു ശേഷം സെയിന്റ് ജോസഫ്സ് ഹൈസ്കൂൾ ആരക്കുഴയിൽ പഠനം തുടർന്നിട്ടില്ല.

2.ധന സഹായം നൽകുന്നതിനു പുറമേ ഈ കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച തുടർന്നുള്ള മോണിട്ടറിംഗും മേൽ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ കാവ്യ എൻ.എസ്. എന്ന കുട്ടി 2016 സെപ്റ്റംബർ മാസത്തിനു ശേഷം സെയിന്റ് ജോസഫ്സ് ഹൈസ്കൂൾ ആരക്കുഴയിൽ ഹാജരായിട്ടില്ലായെന്നുള്ള വിവരം സ്കൂൾ അധികൃതർ ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല. കുട്ടികളുടെ പഠനം വിലയിരുത്തുന്നതിന് ജില്ലാ പഞ്ചായത്ത് അധികൃതർ സ്കൂളുകൾ സന്ദർശനം നടത്തുകയോ മറ്റേതെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

3.പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വികസന ഫണ്ടിൽ നിന്നും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനു മുന്നോടിയായി ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുക്കേണ്ടതുണ്ട് എന്നാൽ ഇന്റർവ്യൂ നടത്തിയാണ് ജില്ലാ പഞ്ചായത്ത് കുട്ടികളെ തെരെഞ്ഞെടുത്തത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 49) മറുപടി ലഭിച്ചില്ല. വികസന ഫണ്ടിൽ നിന്നുള്ള ചെലവുകൾ സർക്കാർ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും പാലിച്ച മാത്രം നടത്തേണ്ടതാണ്.

## **3-24** <u>ഡെപ്പോസിറ്റ് വർക്ക് -ചെലവ് രേഖകൾ ഹാജരാക്കിയില്ല</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്ക് നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് / പ്രൊജക്ട് നം | ബിൽ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | പരാമർശം |
|---|---|---|---|---|---|
| | നിർവ്വഹണോദ്യോഗസ്ഥൻ: സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) | | | | |
| 1 | പൊതു മരാമത്ത് വകുപ്പ് | ഫിലിംലെസ് എക്സ്-റേ, അനുബന്ധ വർക്കുകൾഎസ് | 11/16-17 തീയതി 31.03.2017 | 4,50,000/- | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | 1190 / 17 | | | |
| | നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി | | | | |
| 2 | ഫിർമ എക്സിക്യൂട്ടീവ് ഡയറക്ടർ | മത്സ്യവിത്ത് ഉല്പാദനകേന്ദ്രം -കാരുകുളം എസ് 030 / 17 | 1)23 /16 –17/ 16.11.'16 – 25,00,000 2) 67 /16-'17 ; 03.03.'17 70,99,137 /- 3)107/16-'17/ 28.03.'17 – 29,00,863 /- | 1,25,00,000 | ക്രമനം. 2,3 എന്നിവ പ്രകാരമുള്ള തുക കളുടെ കൈപ്പറ്റ രസീത് ഇല്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 3 | എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം. | ഐ.കെ.എം. ന് ജില്ലാ പഞ്ചായത്ത് വിഹിതം നല്കൽ എസ് 0974 / 17 | ബിൽ നം.66 / 16-'17 , 07.03.'17 | 4,03,201/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 4 | ജില്ലാ ഓഫീസർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | നേര്യമംഗലം ജി.വി.എച്ച്. എസ്. എസ് കുഴൽ കിണർ പൂർത്തീകരണം എസ്1093/ 17 | ബിൽ നം. 46 / 16-'17, 31.01. '17 | 2,56,000/- | പണി പൂർത്തീ കരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല. പദ്ധതിയുടെ വിനിയോഗ- സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

ഓഡിറ്റ് റിക്വിസിഷൻ പ്രകാരം (3/15.11.2017)രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ക്രമ നം.1 പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദികരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് (ക്രമനം.2,3) നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.16/13.11.2017, 28/16.11.2017, ) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി 51/22.11.2017 (ക്രമനം.4) നുള്ള മറുപടിയിൽ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ 1,36,09,201/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-25** കൊയ്ത്തു മെതിയന്ത്രത്തിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ/ തീയതി | നൽകിയ തുക | പഞ്ചായത്തിന്റെ പേര് |
|---|---|---|---|
| S0720/17 | 4/16-17/ 31.03.17 | 25,50,000 | മണീട് ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| S0010/17 | 5/16-17/ 31.03.17 | 26,80,000 | മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് |
| S0719/17 | 7/16-17/ 31.03.17 | 25,50,000 | വാളകം ഗ്രാമ പഞ്ചായത്ത് |

എറണാകുളം ജില്ലാപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (കൃഷി) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലേക്ക് ടെണ്ടർ നടപടികൾ മുഖേന റെയ്ഡ്കോയിൽ നിന്നും കൊയ്ത്ത് മെതിയന്ത്രം വാങ്ങി നൽകിയിരുന്നു. വിവിധ പാടശേഖര സമിതികളിലേക്ക് കൈമാറിയിട്ടുള്ള കൊയ്ത്ത് മെതിയന്ത്രങ്ങളുടെ ലോഗ് ബുക്ക് എഴുതാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (07/2017,തീ. 09.11.2017) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ലോഗ് ബുക്ക് തയ്യാറാക്കൽ, മെയിന്റനൻസ് മുതലായവ നടപ്പിലാക്കുന്നതിന് പാടശേഖര സമിതിക്കാരെ പഞ്ചായത്ത് സെക്രട്ടറിയുടെ മോണിട്ടറിംഗിൽ ചുമതലപ്പെടുത്തിയതായി ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (കൃഷി) അറിയിച്ചു. ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറിയ കൊയ്ത്ത് മെതിയന്ത്രങ്ങളുടെ ലോഗ് ബുക്ക് നാളിതു വരെയും എഴുതി തുടങ്ങിയിട്ടില്ല എന്നാണ് വ്യക്തമാക്കിയത്. ലോഗ് ബുക്ക് പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കാത്തത് അപാകതയായി വിലയിരുത്തുന്നു. ആയതിനാൽ ജില്ലാ പഞ്ചായത്ത് വിവിധ പദ്ധതികളിലൂടെ വാങ്ങി നൽകിയ എല്ലാ കൊയ്ത്തു മെതിയന്ത്രങ്ങളുടെയും ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-26 കൊയ്ത്തു മെതിയന്ത്രം വാങ്ങൽ -ടെണ്ടറിംഗ് നടപടിയിലെ അപാകത മൂലം അധികം തുക നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ /പേര് | S010/17/ കൊയ്ത്ത് മെതിയന്ത്രം വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എക്സി. എഞ്ചിനിയർ (കൃഷി) |
| നൽകിയ തുക | 26,80,000 (നികുതികൾ ഉൾപ്പെടെ) |
| ബിൽ നമ്പർ/തീയതി | 05/16-17 / 31.03.17 |

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലേക്ക് കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണിത്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ സംഭവിച്ച അപാകതകൾ താഴെ ചേർക്കുന്നു.

കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനു വേണ്ടി പത്രപ്പരസ്യം നടത്തുകയും ആയതിൻ പ്രകാരം 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. റെയ്ഡ്കോ, പിറവം, വർഷപ്രിയ അഗ്രോടെക്ക് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്, പാൻവേൾഡ് എക്യുപ്പ്മെന്റ്സ് സർവ്വീസസ്, ആലപ്പുഴ, കൃഷിമിത്ര എക്യുപ്പ്മെന്റ്സ്, പാലക്കാട് എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങൾ ഓരോ ഇനത്തിനും ക്വാട്ട് ചെയ്ത നിരക്കുകൾ വിശദമായി പരിശോധിക്കാതെയും താരതമ്യ പത്രിക ശരിയായി വിശകലനം ചെയ്യാതിരുന്നത് കാരണവും ജില്ലാപഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച വർഷപ്രിയ അഗ്രോടെക്ക് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് (കുറഞ്ഞ നിരക്കാണെങ്കിലും 14-3-17 ലെ ഫീൽഡ് ഡെമോൺസ്ട്രേഷനിൽ പങ്കെടുത്തില്ല), പാൻവേൾഡ് എക്യുപ്പ്മെന്റ്സ് സർവ്വീസസ്, ആലപ്പുഴ (ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തു) എന്നീ സ്ഥാപനങ്ങളുടെ ടെണ്ടർ നിരസിച്ചിട്ടുണ്ട്. എന്നാൽ താരതമ്യേന കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റെയ്ഡ്കോ, പിറവം, കൃഷിമിത്ര എക്യുപ്പ്മെന്റ്സ്, പാലക്കാട് എന്നിവർ നൽകിയ ക്വട്ടേഷന്റെ താരതമ്യ പത്രിക ചുവടെ ചേർക്കുന്നു.

| റെയ്ഡ്കോ, പിറവം രേഖപ്പെടു ത്തിയ നിരക്ക്/തുക | കൃഷിമിത്ര എക്യുപ്പ്മെന്റ്സ്, പാലക്കാട് രേഖപ്പെടുത്തിയ നിരക്ക്/തുക/ഇനം | വാങ്ങിയ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|
| 26,80,000<br>C Class Terra Track CT 30, model combine Harvester with aluminium ladder | 25,80,000<br>Kubota model DC 68G Harvest king Track Type (variant) | 01 | 1,00,000 |

മേൽ സൂചിപ്പിച്ചതിൽ റെയ്ഡ്കോ, പിറവം എന്ന സ്ഥാപനത്തിൽ നിന്നുമാണ് കൊയ്ത്ത് മെതിയന്ത്രം വാങ്ങിയിട്ടുള്ളത്. ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ 06/03/2017 ലെ തീരുമാനം 1(5) പ്രകാരം കൃഷി അസി. എക്സി. എഞ്ചിനിയർ മുഖാന്തിരം ടെണ്ടർ സ്പെസിഫിക്കേഷൻ നിബന്ധനകൾക്ക് വിധേയമായി വാങ്ങുന്നതിനും, മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ പങ്ങാരപ്പിള്ളി നെല്ലുല്പാദക സമിതിയിൽ നിന്നും 10% ഗുണഭോക്തൃ വിഹിതമായി ഈടാക്കാനും, ഭാവിയിലെ അറ്റകുറ്റപ്പണി മറ്റ് ആവർത്തന ചെലവ് എന്നിവയ്ക്ക് നെല്ലുല്പാദക സമിതിയുമായി കരാർ ചമയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മണീട് ഗ്രാമപഞ്ചായത്തിലെ കുരുർ പാടശേഖരത്തിൽ വച്ച് 14/03/2017 ൽ ഫീൽഡ് ഡെമോൺസ്ട്രേഷൻ നടത്തുന്നതിനും മോണിട്ടറിംഗ് കമ്മിറ്റിയുടെ വിലയിരുത്തലിന് വിധേയമായി വാങ്ങുന്നതിനും തീരുമാനിച്ചു.

14/03/2017 ൽ നടന്ന പരിശോധനയിൽ റെയ്ഡ്കോ, പിറവം എന്ന സ്ഥാപനം ഹാജരാക്കിയ കൊയ്ത്ത് മെതിയന്ത്രവും, കൃഷിമിത്ര എക്യുപ്പ്മെന്റ്സ്, പാലക്കാട് ഹാജരാക്കിയ Kubota model No.DC.68G Harvesking Track type(Variant) എന്ന കൊയ്ത്ത് മെതിയന്ത്രവുമാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. പരിശോധനയിൽ കേരള സർക്കാർ അംഗീകാരമുള്ളത് കൃഷിമിത്ര എക്യുപ്പ്മെന്റ്സ്, പാലക്കാട് ഹാജരാക്കിയ Kubota model No.DC.68G Harvesking Track type (Variant) എന്ന കൊയ്ത്ത് മെതിയന്ത്രത്തിനാണ്. കൂടാതെ എഞ്ചിനുൾപ്പെടെ വാറന്റിയുള്ളത് കൃഷിമിത്ര എക്യുപ്പ്മെന്റ്സ് ഹാജരാക്കിയ കൊയ്ത്ത് മെതിയന്ത്രത്തിനാണ്. ആയതിനാൽ അധികമായി തുക നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി (04/17 / 08.11.17) മുഖേന ആവശ്യപ്പെട്ടിരുന്നു. ലഭിച്ച മറുപടിയിൽ റെയ്ഡ്കോ, പിറവം എന്ന സ്ഥാപനം ക്ലാസ്സ് ടെറാ ട്രാക്ക് മോഡൽ കൊയ്ത്ത് മെതിയന്ത്രം കൂടി കാട്ട് ചെയ്തിരുന്നതായും ഇത് വാങ്ങുന്നതിനായി തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി അറിയിച്ചു. കൂടാതെ ഈ കൊയ്ത്ത് മെതിയന്ത്രത്തിന് ഗ്യാരന്റി നൽകുന്നത് ടാറ്റ മോട്ടോഴ്സ് എന്ന സ്ഥാപനമായതിനാലും ഗവൺമെന്റ് അംഗീകൃത ടെസ്റ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതിനാലും പരാമർശം ഒഴിവാക്കേണ്ടതാണെന്ന് അറിയിച്ചു. എന്നാൽ ഡെമോൺസ്ട്രേഷൻ നടത്തിയപ്പോൾ ക്ലാസ്സ് ടെറാ ട്രാക്ക് മോഡൽ കൊയ്ത്ത് മെതിയന്ത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഗവൺമെന്റ് അംഗീകൃത ടെസ്റ്റ് സർട്ടിഫിക്കറ്റ് മാത്രമേ ലഭിച്ചിട്ടുള്ളൂ ഗ്യാരന്റിയെപ്പറ്റി യാതൊരുവിധ റിപ്പോർട്ടും ലഭിച്ചിട്ടില്ല. മേൽ അപാകതകൾ കാരണം അധികമായി നൽകിയ 1,00,000/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-27 എസ്.സി. വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരിപഠനം -അപാകതകൾ

| പ്രൊജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരിപഠനം | |
|---|---|---|
| പ്രൊജക്ട് നം. | അടങ്കൽ/ഫണ്ടിനം | ചെലവ് |
| എസ് 0996 / 17 | 29,00,000/-<br>(വികസനഫണ്ട് - എസ് സി പി ) | 1) ബിൽ നം.17/16-17/ 31.10.2016 = 495841/-<br>2) ബിൽ നം. 18/16-17/ 31.10.2016 = 181800/-<br>3)ബിൽ നം.28/ 16-17/ 22.12.2016 = 337492/- |

| | | |
|---|---|---|
| | | 4)ബിൽ നം. 30/16-17/ 24.12.2016 = 807750/-<br>5) ബിൽ നം. 80/16 -17/ 22.3.2017 = 883969/-<br>6) ബിൽനം. 99/16-17/ 22.3.2017 = 59557/-<br>ആകെ = 27,66,409 /- |
| എസ് 0015 / 17 | 1918506 (വികസനഫണ്ട്-എസ്.സി.പി.) | 1)ബിൽ നം. 6/16 -17/ 25.8.2016 = 1133399/-<br>2) ബിൽ നം. 7/16 -17/ 19.9.2016 = 643778/-<br>ആകെ = 17,77,177/- |
| എസ് 0997 / 17 (വനിത) | 3800000 (വികസനഫണ്ട്-എസ്.സി.പി. ) | 1) ബിൽ നം. 14/16-17/ 24.10.2016 = 378985/-<br>2) ബിൽ നം. 16/ 16-17/ 31.10.2016 = 1000000/-<br>3) ബിൽ നം. 31 / 16-17/ 29.12.2016 = 454348/-<br>4)ബിൽ നം. 44 /16-17/ 28.1.2017 = 428982/-<br>5)ബിൽ നം. 59/ 16-17/ 28.2.2.17 = 372989<br>6) ബിൽനം. 60/ 16 – 17/ 28.2.2017 = 472719<br>7)ബിൽനം.76/ 16-17/ 10.3.2017 = 11200/-<br>8)ബിൽ നം.78 / 16-17/ 22.3.2017= 465570/-<br>9)ബിൽ നം. 98/ 16-17/ 30.3.2017 – 215207/-<br>ആകെ = 3800000 |

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരിപഠനം നടത്തുന്നതിന് ധനസഹായം നല്കുന്നതിനാണ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഈ പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുള്ളത്. പ്രോജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) 2016-'17 വർഷം മുതൽ നടപ്പിലാക്കുന്ന പ്രോജക്ടുകളിലെ ഒരു ഗുണഭോക്താവിന് 3 വർഷത്തെ കോഴ്സിന് അനുവദിക്കാവുന്ന പരമാവധി തുക 25,00,000 /- രൂപയും (പ്രതിവർഷം 8,33,333/- രൂപ)രണ്ടു വർഷത്തെ കോഴ്സിന് 20,00,000 ലക്ഷം രൂപയും (പ്രതിവർഷം 10,00,000/- രൂപ) എന്ന് ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട് . എന്നാൽ 2015-'16 വർഷം മുതൽ തുടർന്നു വരുന്ന പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിന് പരിധി ബാധകമാക്കാത്തതിനാൽ ടി ഗുണഭോക്താക്കൾക്ക് വൻ തുകയാണ് 2016-'17 വർഷത്തെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളത്.

2) ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നില്ല . കൂടാതെ പ്രൊജക്ട് നം. എസ് 0015/17 ലെ (സ്പിൽ ഓവർ) ഗുണഭോക്താക്കൾക്ക് മറ്റ് രണ്ട് പ്രൊജക്ടുകൾ മുഖേനയും (എസ് 0996/17 , എസ് 0997/17 ) ധനസഹായം അനുവദിച്ചിട്ടുണ്ട് .

3) പദ്ധതി മോണിട്ടറിംഗ് നടത്തിയിട്ടില്ല. ആദ്യത്തെ ധനസഹായം അനുവദിച്ചതിന് ശേഷം വിദ്യാർത്ഥികൾ ഹാജരാക്കുന്ന അപേക്ഷകളനുസരിച്ചാണ് തുടർന്ന് ധനസഹായം അനുവദിച്ചിരിക്കുന്നതെങ്കിലും പഠനം തുടരുന്നുണ്ടെന്നതിന് വേണ്ട രേഖകൾ ജില്ലാ പഞ്ചായത്ത് ആവശ്യപ്പെടുന്നില്ല .

4) 2014 മാർച്ചിൽ കേരളത്തിൽ നിന്നും നഴ്സിംഗിൽ ബാച്ചിലർ ബിരുദം നേടിയതിനുശേഷമാണ് വിദ്യ . വി എന്ന ഗുണഭോക്താവ് ഓസ്ട്രേലിയയിലെ UNIVERSITY OF WOLLONGONG -ൽ മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് അഡ്വാൻസ്ഡ് കോഴ്സ് പഠിക്കുന്നതിനുവേണ്ടി ധനസഹായത്തിന് അപേക്ഷിച്ചത്. 2015-'16 ൽ 14,55,231/- രൂപ കുമാരി വിദ്യ കൈപ്പറ്റിയിട്ടുണ്ട് . 2016 ജനുവരി 13 ലെ പ്രസ്തുത യൂണിവേഴ്സിറ്റിയുടെ സ്റ്റുഡന്റ് സർവീസസ് ഡിവിഷൻ ഡയറക്ടറുടെ കത്തിൽ വിദ്യ ബാച്ചിലർ ഓഫ് നഴ്സിംഗ് ഫോർ ഓവർസീസ് ക്വാളിഫൈഡ് നഴ്സസ് എന്ന കോഴ്സിലേക്ക് പഠനം മാറ്റിയതായി അറിയിച്ചിട്ടുണ്ട് . തുടർന്നും വിദ്യക്ക് 2016-'17 സാമ്പത്തികവർഷത്തിൽ മേൽ പറഞ്ഞ മൂന്ന് പ്രൊജക്ടുകളിലായി ആകെ 19,95,191/- രൂപ അനുവദിച്ചിട്ടുണ്ട് .

5) 2015-'16 സാമ്പത്തികവർഷത്തിൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി ധനസഹായം നല്കിയിരുന്ന സോമരാജൻ.പി.എസ് എന്ന ഗുണഭോക്താവ് 02.03.2016 ൽ രസീത് നം.11504100270 പ്രകാരം 39,796/- തുക തിരിച്ചടച്ചിട്ടുണ്ട് . 2016-17 സാമ്പത്തികവർഷത്തിൽ സോമരാജന് പോളണ്ടിലെ വിൻസെന്റ് പോൾ യൂണിവേഴ്സിറ്റി , ലബ്ലിനിൽ മാസ്റ്റേർസ് സ്റ്റഡീസ് ഇൻ ഇന്റർനാഷണൽ ടൂറിസം എന്ന കോഴ്സ് ചെയ്യുന്നതിനായി 08.03.16 ൽ 2,70,684/- രൂപയും 2016-17 ൽ 6,43,778/- രൂപയും നല്കിയിട്ടുണ്ട്.

പ്രൊജക്ടുകളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ അപാകതകൾ ശ്രദ്ധയിൽപെട്ടതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുന്നു .

1) ഓരോ പ്രൊജക്ടിനും ബ്ലോക്ക് / ഗ്രാമ പഞ്ചായത്തുകൾ മുഖേന ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ പരിഗണിച്ച് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഒരു പ്രൊജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് മാത്രമേ ആ പ്രൊജക്ടിന്റെ ആനുകൂല്യം നല്കുവാൻ പാടുള്ളൂ.
2) പദ്ധതി മോണിട്ടറിംഗ് ഫലപ്രദമാക്കേണ്ടതാണ് . ഓരോ തവണയും വിദ്യാർത്ഥികൾ പഠനം തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ ആനുകൂല്യം നൽകുന്നുള്ളൂ എന്ന് തീരുമാനിക്കുന്നത് ഉചിതമായിരിക്കും.

# 3-28 ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

ജില്ലാ പഞ്ചായത്ത് തൻവർഷം വിവിധ പഞ്ചായത്തുകളിൽ കുടിവെള്ളപദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കുകയും തുക വാട്ടർ അതോറിട്ടിക്ക് കൈമാറുകയും ചെയ്തു. എന്നാൽ പല പദ്ധതികളും ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

<u>നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി</u>

<u>1) മലനിരപ്പ് കുടിവെള്ളപദ്ധതി- എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്</u> ( പ്രോ.നം.എസ്.0024/17)

കുടിവെള്ളക്ഷാമം നേരിടുന്ന എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 11-ലെ മലനിരപ്പ് എസ്.സി. കോളനിയിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. ആയതിന് നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിട്ടിയിൽ നിന്നും 59.00,000/- രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിട്ടുള്ളത്. ആയതിലേക്ക് തൻവർഷം വകയിരുത്തിയ തുകയായ 45,00,000/- രൂപയാണ് (ബിൽ നം.109/16-17/30.3.17 = 45,00,000) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിട്ടി, പി.എച്ച്. ഡിവിഷൻ മൂവാറ്റുപുഴ ഓഫീസിലേക്ക് കൈമാറിയിട്ടുള്ളത്. എന്നാൽ നാളിതുവരെ പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. പ്രോജക്ട് നടപ്പിലാക്കുന്നതിന് റോഡ് കട്ടിംഗ് ആവശ്യമാണെന്നും ആയതിന് പി.ഡബ്ല്യ.ഡി യിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല എന്നും, ആയതിനാലാണ് പ്രോജക്ട് നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, (കേരള വാട്ടർ അതോറിട്ടി,പി.എച്ച്. ഡിവിഷൻ മൂവാറ്റുപുഴ,) 22.9.17-ൽ ജില്ലാ പഞ്ചായത്തിലേക്ക് അയച്ച കത്തിൽ (എ3-929/17-18/) സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പി.ഡബ്ല്യ.ഡി -യുമായി നടത്തിയ കത്തിടപാടുകളുടെ വിവരം ഫയലിൽ ചേർത്തിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 14/ 17.11.2017) മറുപടിയിൽ റോഡ് കട്ടിംഗ് ആവശ്യമായതിനാൽ അനുമതി PWD യിൽ നിന്നും വാട്ടർ അതോറിറ്റി അനുമതി ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ചെലവു തുകയായ 45,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) പ്രളയക്കാട് കുടിവെള്ള പദ്ധതി- മുടക്കുഴ (പ്രോ.നം.എസ്.0024/17)

മുടക്കുഴ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ഈ പ്രോജക്റ്റിന്റെ നടത്തിപ്പിലേക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിട്ടി, പി.എച്ച്. ഡിവിഷൻ , ആലുവ-ക്ക് 1000000/- രൂപ കൈമാറിയതായി (ബിൽ നം.120/16-17 /30.3.17- 9,00,000; ചെക്ക് നം. 2188780 /31.3.2017- 1,00,000/-) ഫയലിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ഇല്ല. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/17.11.2017) മറുപടിയിൽ തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ രേഖ ഹാജരാക്കിയില്ല ആയതിനാൽ ചെലവു തുകയായ 1000000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3)തൃക്കളത്തൂർ -പള്ളിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം (പ്രോ.നം.എസ്.0035/17).

പായിപ്ര ഗ്രാമപഞ്ചായത്തിൽ 2013-14 വർഷം മുതൽ തുടർന്നു വരുന്ന പ്രോജക്റ്റിന്റെ നടത്തിപ്പിലേക്ക് തൻവർഷം 561850/- രൂപ (ബിൽ നം. 127/16-17/ 31.3.17) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 505665/- രൂപ കരാറുകാരന് നൽകിയിട്ടുള്ളതായും 56285/-രൂപ റിട്ടെൻഷൻ ആയി വരവു വെച്ചിട്ടുണ്ടെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ തുക കൈപ്പറ്റിയതിന്റെ വിവരം ഇല്ല. പ്രോജക്റ്റിനായി നാളിതുവരെ 1611850/- രൂപ ജില്ലാ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് ഏത് ഘട്ടം വരെയാണ് പൂർത്തിയാക്കിയത് എന്നത് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. പ്രോജക്റ്റിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കരാറുകാരന്റെ വാറ്റ് അക്കൗണ്ടിലേക്കാണ് തുക നൽകിയതെന്നറിയിച്ചിട്ടുണ്ട്. എന്നാൽ ആയതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ചെലവു തുകയായ 561850/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-29 ജില്ലാ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

എറണാകുളം ജില്ലാ ആശുപത്രി (അലോപ്പതി) സൂപ്രണ്ട് നടപ്പിലാക്കിയ പ്രോജക്റ്റുകളിൽ ആലുവയിലെ കെ കരുണാകരൻ മെമ്മോറിയൽ ഓപ്പറേഷൻ തിയറ്ററിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 2016-17 വർഷം 3 പ്രോജക്റ്റുകളിലായി ആകെ 71,94,278/-രൂപ ചെലവഴിച്ചിട്ടുണ്ട്. നാളിതു വരെ പണി പൂർത്തീകരിക്കാത്ത ഓപ്പറേഷൻ തിയറ്ററിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ വിശദാംശം താഴെ ചേർക്കുന്നു.
1.

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | 1025/17,കെ കരുണാകരൻ മെമ്മോറിയൽ ഓപ്പറേഷൻ തിയറ്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 45,00,000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് | 44,94,406/- |

1. എ.എസ്.മെഡിടെക്ക്, മാവേലിക്കര എന്ന സ്ഥാപനത്തിൽ നിന്നും 136530/-രൂപയുടെ യു പി എസ് വാങ്ങുന്നതിനും, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും 19,68,367/- രൂപയുള്ള താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ആകെ 21,04,897/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നം | ഉപകരണത്തിന്റെ പേര് | നിരക്ക് | എണ്ണം | ആകെ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Multiparameter Monitor | 98025/- | 3 | 294075/- |
| 2 | Multiparameter Monitor with capnogram | 212903/- | 1 | 212903/- |
| 3 | Pulse Oxymeter with reusable Adult Probe | 41816/- | 3 | 125448/- |
| 4 | Air Conditioner 2 ton | 59379/- | 8 | 475032/- |
| 5 | OT Light LED without camera | 758363/- | 1 | 758363/- |
| 6 | X Ray Lobby 3 Film LED | 34182/- | 3 | 102546/- |
| | ആകെ | | | 1968367/- |

എന്നാൽ ഈ ഉപകരണങ്ങൾ ലഭ്യമാക്കിയതായി ഫയലിലോ, സ്റ്റോക്ക് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ ചെലവ് രേഖകൾ പ്രകാരം ടി പ്രോജക്ടിൽ ആകെ 44,94,406/-രൂപയുടെ ചെലവ് നടന്നിട്ടുണ്ട്. ബില്ല് മാറിയതിന്റെയും തുക വിനിയോഗിച്ചതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 17.11.2017ലെ 42ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല.

2.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | S1026/17, കെ കരുണാകരൻ മെമ്മോറിയൽ ഓപ്പറേഷൻ തിയറ്ററിലേക്ക് യു പി എസ് ജനറേറ്റർ വാങ്ങൽ |
| അടങ്കൽ | 12,00,000/- (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) |
| ചെലവ് | 12,00,000/- |
| ബിൽ നമ്പർ / തീയതി | 8/16-17 /29.03.17 |

100 KVA ഡീസൽ ജനറേറ്റർ വാങ്ങുന്നതിനായി 12,00,000/-രൂപ അക്കൌണ്ട് ട്രാൻസ്ഫർ മുഖേന 29.03.2017 ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. എന്നാൽ കെ എം എസ് സി എൽ ഇതു വരെയും ജനറേറ്റർ സപ്ലൈ ചെയ്തിട്ടില്ല എന്നാണ് ഇത് സംബന്ധിച്ച് നൽകിയ 17.11.2017 ലെ 40ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി. ജനറേറ്റർ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3.

| | |
|---|---|
| പ്രോജക്ട് നം,പേര് | 1229/17,ആലുവ ജില്ലാ ആശുപത്രി ഓപ്പറേഷൻ തിയറ്ററിലേക്ക് ഒ ടി ലൈറ്റ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ഒ ടി ടേബിൾ,ഓട്ടോ ക്ലേവ് മെഷീൻ വാങ്ങൽ |
| അടങ്കൽ | 15,00,000/- (വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | 14,99,872/- |
| ബിൽ നമ്പർ | 10/16-17 തീയതി 29.03.17 തുക 14,01,847/-<br>17/16-17 തീയതി 31.03.17 തുക 98,025/- |
| നിർവ്വഹണം | സൂപ്രണ്ട്, ജില്ലാ ആശുപത്രി |

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ഒ ടി ലൈറ്റ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ഒ ടി ടേബിൾ, ഓട്ടോ ക്ലേവ് മെഷീൻ, മൾട്ടി പരാമീറ്റർ മോണിറ്റർ എന്നിവ വാങ്ങുന്നതിനായി കേരള സംസ്ഥാന മെഡിക്കൽ സർവീസസ് കോർപ്പറേഷന് 29.03.2017, 31.03.2017 എന്നീ

തീയതികളിലായി തുക കൈമാറിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കി സ്ഥാപിച്ചതിന് രേഖയില്ല. ഫയലിൽ ചേർത്തിരിക്കുന്ന കേരള സംസ്ഥാന മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ സൈറ്റ് റെഡിനെസ്/ കൺസൈൻമെന്റ് റെസീപ്റ്റ് ഫോമിൽ 22.05.2017 തീയതിക്കു ശേഷവും സൈറ്റ് 'Not ready' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പണി പൂർത്തിയാകാത്ത ഓപ്പറേഷൻ തിയേറ്ററിലേക്ക് 14,99,872/-രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും അവ ലഭ്യമാക്കി സ്ഥാപിക്കുന്നതിനു മുൻപു തന്നെ മുഴുവൻ തുകയും കൈമാറുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് 17.11.2017 ൽ നൽകിയ 44ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച മറുപടി പ്ലാൻ ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിനും നഷ്ടപ്പെടാതിരിക്കുന്നതിനും വേണ്ടിയാണ് ഗവൺമെന്റ് സ്ഥാപനമായ കെ.എം.എസ്. സി.എൽ. ന് തുക കൈമാറിയതെന്നാണ്.

ഫയൽ പരിശോധിച്ചതിൽ നിന്നും പണി പൂർത്തീകരിക്കാത്ത ഓപ്പറേഷൻ തിയറ്ററിലേക്കാണ് 71,94,278/-രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക കൈമാറിയിരിക്കുന്നതെന്ന് വ്യക്തമാണ്. ഉപകരണങ്ങൾ ലഭ്യമായതിന് രേഖയില്ല. കൂടാതെ ഇത്ര വലിയ തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. വില കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനു മുൻപു തന്നെ മുഴുവൻ തുകയും കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ഉപകരണങ്ങൾ ലഭ്യമാക്കി സ്ഥാപിച്ച് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-30 ഓപ്പറേഷൻ തീയറ്റർ - നിർമ്മാണം പൂർത്തീകരിച്ചില്ല.

എറണാകുളം ജില്ലാ ആശുപത്രിയിൽ (ആലുവ) ഗൈനക്ക് ഓപ്പറേഷൻ തിയറ്റർ നിർമ്മിക്കുന്നതിന് 2014-15 ൽ പ്രോജക്ട് ആവിഷ്കരിച്ച് നിർമ്മാണം തുടങ്ങിയെങ്കിലും നാളിതു വരെ പൂർത്തീകരിച്ചില്ല.

പ്രോജക്ടിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നം | ഫയൽ നം - A4-598/15 |
| പ്രോജക്ട് നം | 562/17 |
| പ്രോജക്ടിന്റെ പേര് | ഗൈനിക്ക് ഓപ്പറേഷൻ തീയറ്റർ, ജില്ലാ ആശുപത്രി, ആലുവ. |
| അടങ്കൽ | 100,00,000.00 |
| എം ബുക്ക് നം/ ഫീൽഡ് ബുക്ക് നം | 9/15-16,212-15/16, 759/15-16,834/15-16 |

പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന ഇനങ്ങൾ താഴെ പറയുന്നവയാണ്.

| ക്രമ നം | ഇനം |
|---|---|
| 1 | സിവിൽ വർക്കുകൾ |
| 2 | ഇലക്ട്രിക്കൽ |
| 3 | ലാമിനാർ ഫ്ലോ എസി |
| 4 | സ്പെഷ്യൽ വർക്ക് |

ഇതിൽ സിവിൽ വർക്കുകളും, ഇലക്ട്രിക്കൽ വർക്കുകളും മാത്രമാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്.

പ്രോജക്ട് സംബന്ധിച്ച താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണമെന്നാവശ്യപ്പെട്ട് 15.11.2017 ൽ നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം 25) മറുപടിയിൽ നിലവിലുള്ള ഷെഡ്യൂൾ അനുസരിച്ചുള്ള പ്രവൃത്തി ഓപ്പറേഷൻ തിയറ്ററിന് അനുയോജ്യമല്ലെന്ന് ഡോക്ടർ അറിയിച്ചു. കരാറുകാരൻ ഷെഡ്യൂളിൽ നിന്നും വ്യത്യസ്തപ്പെടുത്തി പ്രവൃത്തി ചെയ്യാൻ തയ്യാറാകാത്തതിനാൽ ക്ലോഷർ എഗ്രിമെന്റ് വെച്ച് പണി റീ ടെണ്ടർ നടത്തുവാൻ തീരുമാനിച്ചു.

1. ലാമിനാർ ഫ്ലോ എസി യുടെ കരാർ ശ്രീ. എസ് ഉണ്ണികൃഷ്ണൻ എന്നയാളെ ഏൽപ്പിക്കുകയും ടിയാൻ 08.02.2017 ന് കരാർ ഒപ്പ് വെക്കുകയും ചെയ്തു. ( എഗ്രിമെന്റ് നം 177/EE /LSGD/ 16-17/ 08.02.2017). എന്നാൽ ഷെഡ്യൂൾ അനുസരിച്ച് പ്രവൃത്തി ചെയ്യാനൊരുങ്ങിയപ്പോൾ ജില്ലാ ആശുപത്രിയിലെ ഡോക്ടർ, ഷെഡ്യൂളിൽ നിന്ന് വ്യത്യസ്തമായ ചില പ്രവൃത്തികൾ ചെയ്യുവാൻ കോൺട്രാക്ടറോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് NABH (National Accreditation Board for Hospitals & Healthcare )പ്രകാരം തയ്യാറാക്കുകയും പ്രോജക്ട് നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന ഇലക്ട്രിക്കൽ വിഭാഗം പ്രസ്തുത നിർദ്ദേശം സ്വീകാര്യമല്ലെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ ജില്ലാ പഞ്ചായത്ത് മേൽ നിർദ്ദേശം നിലനിൽക്കെ 10.05.2017 ന് ക്ലോഷർ എഗ്രിമെന്റ് ഒപ്പുവെച്ചു. പ്രോജക്ട് നാളിതു വരെ റീ ടെണ്ടർ ചെയ്തിട്ടില്ല.

2.പ്രോജക്ടിന്റെ സ്പെഷ്യൽ വർക്ക് നാളിതു വരെ കരാർ നൽകിയിട്ടില്ല. ടെണ്ടർ ചെയ്യാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പ്രോജക്ടിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ഡി ഡി നം | തുക |
|---|---|---|
| 1 | 538232/1.12.2015 | 1691649.00 |
| 2 | 579222/8.4.2016 | 3075003.00 |
| 3 | 575944/12.4.2016 | 1267607.00 |
| | ആകെ | 6034259.00 |

പ്രോജക്ട് പൂർത്തീകരണത്തിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-31 സംസ്ഥാന വിത്തുല്പാദന കേന്ദ്രം,ഒക്കൽ-വാഹനവാടക നൽകിയതിൽ അപാകത

എ) ഫയൽ നമ്പർ ഒ.എഫ്.ആർ. 50/16-17 - ഗ്രോബാഗ് വിതരണം

ഗ്രോ ബാഗ് വിതരണം ചെയ്യുന്നതിനായി വാഹനം വാടകയ്ക്ക് എടുത്തതിന് 07.03.2017 മുതൽ 22.03.2017 വരെ വാഹനം ഓടിയ വകയിൽ 29/- രൂപ നിരക്കിൽ 29174/- രൂപയുടെ കണക്കാണ് വാഹന ഉടമ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനം തയ്യാറാക്കിയ സ്റ്റേറ്റ്മെന്റിൽ 17 ദിവസങ്ങളിലായി വാഹനം ഓടിയതിന് 49677/- രൂപയുടെ ചെലവ് രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. മേൽ ദിവസങ്ങളിൽ ഫാമിൽ നിന്നും ഗ്രോ ബാഗ് വിതരണം ചെയ്തതിന് രേഖയില്ല. എന്ത് വാഹനമാണ് ഉപയോഗിച്ചതെന്നോ, ഒരു തവണ എത്ര വീതം ഗ്രോ ബാഗ് ട്രാൻസ്പോർട്ട് ചെയ്തിട്ടുണ്ടെന്നോ വ്യക്തമല്ല.

ബി) ഫയൽ നമ്പർ ഒ എഫ് ആർ 43/16-17 – തൈകളുടെ വിതരണം

24-11-2016 മുതൽ 03.03.2017 വരെ പച്ചക്കറിതൈകൾ വിതരണം നടത്തിയതിന് 16095/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ ദിവസങ്ങളിൽ പച്ചക്കറി തൈകൾ സ്ഥാപനത്തിൽ

നിന്നും വിതരണം ചെയ്യപ്പെട്ടതിന് രേഖയില്ല. എന്ത് വാഹനമാണ് ഉപയോഗിച്ചതെന്നോ, വാഹനത്തിൽ ഒരു തവണ എത്ര വീതം തൈകൾ ട്രാൻസ്പോർട്ട് ചെയ്തിട്ടുണ്ടെന്നോ വ്യക്തമല്ല.

സി) ഫയൽ നമ്പർ ഒ എഫ് ആർ 43/16-17 – ഫാമിലേക്ക് മണ്ണടിച്ചത്

ഗ്രോ ബാഗിൽ നിറയ്ക്കുന്നതിന് ഫാമിലേക്ക് മണ്ണടിച്ചതിന് ശ്രീ ജോണി സി പി, ചിറ്റപറമ്പൻ, ഒക്കൽ എന്ന വ്യക്തിക്ക് 94,724/- രൂപ നൽകിയിട്ടുണ്ട്. 28 ലോഡ് മണ്ണടിച്ചതിന് 3383/-രൂപ നിരക്കിൽ ആകെ 94,724/- നല്കുന്നതായാണ് വൌച്ചറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ലഭിച്ചിരുന്ന ക്വട്ടേഷനുകൾ പരിശോധിച്ചതിൽ 1ലോഡ് (200 അടി) മണ്ണിന് 4050/-രൂപ, ചെറിയ ലോഡ് (100 അടി) മണ്ണിന് 2025/-എന്നിങ്ങനെ വ്യക്തമായി അളവും നിരക്കും രേഖപ്പെടുത്തിയ ക്വട്ടേഷനുകളും ലഭ്യമായിട്ടുള്ളതായി കാണുന്നുണ്ട്. എന്നാൽ മണ്ണടിച്ചതിന് തുക കൈപ്പറ്റിയ വ്യക്തി സമർപ്പിച്ച ക്വട്ടേഷനിൽ ഒന്നര യൂണിറ്റിന് 3383/-രൂപ എന്ന നിരക്ക് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 28 ലോഡ് മണ്ണടിച്ചതിന് 3383/-രൂപ നിരക്കിൽ ആകെ 94,724/- നൽകിയത് എത്ര അളവ് മണ്ണടിച്ചതിനാണെന്നോ, എന്ത് വാഹനമുപയോഗിച്ചാണെന്നോ വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് സ്ഥാപന മേധാവിക്ക് എൻക്വയറി 21.11.2017 ൽ നൽകിയെങ്കിലും വിശദീകരണം ലഭിച്ചില്ല. വാഹന വാടക നൽകിയതിലെ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-32 ജില്ലാ ആയുർവേദ ആശുപത്രി സമയബന്ധിതമായി മരുന്ന് ലഭിക്കുന്നില്ല.

എറണാകുളം ജില്ലാ ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ഔഷധിക്ക് തുക നൽകിയെങ്കിലും നാളിതുവരെ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S1209/17 |
| അടങ്കൽ തുക | 500000/-രൂപ |
| പ്രോജക്ടിന്റെ പേര് | മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം |
| ചെലവഴിച്ച തുകയുടെ വിവരം | ബിൽനം129/16-17/24.03.17 തുക-500000/-രൂപ |

എറണാകുളം ജില്ലാ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിന് ഔഷധിക്ക് തുക നല്കിയെങ്കിലും താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് മാത്രമാണ് ലഭിച്ചത്.

| | ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|
| 1 | നം.4938/29.03.2017 | 239499 |
| 2 | നം.5151/31.03.2017 | 54562 |
| | ആകെ | 294061 |

ബാക്കി ലഭിക്കേണ്ട 205939/- (500000 – 294061)രൂപയുടെ മരുന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ബി)

| | |
|---|---|
| പ്രോജക്ട് നം | S1209/17 |
| അടങ്കൽ തുക | 70,00,000/-രൂപ |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വൃദ്ധ ജനങ്ങൾക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫിസർ,ആയുർവേദം |
| ചെലവഴിച്ച തുകയുടെ വിവരം | ബിൽനം129/16-17/24.03.17<br>തുക-70,00,000/-രൂപ |

താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് മാത്രമാണ് മരുന്ന് ലഭിച്ചിരിക്കുന്നത്.

| | ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|
| 1 | നം.5083/31.03.2017 | 12,59,447 |
| 2 | നം.4961/30.03.2017 | 15,00,000 |
| 3 | നം.0188/18.08.2017 | 40517 |
| 4 | നം.0231/18.08.2017 | 1541805 |
| 5 | നം.0232/18.08.2017 | 120660 |
| 6 | നം.5783/30.09.2017 | 9,14,432 |
| 7 | നം.9466/08.11.2017 | 24682 |
| 8 | നം.9482/09.11.2017 | 10,49,876 |
| | ആകെ | 64,51,419 |

ബാക്കി ലഭിക്കേണ്ട 548581/-(70,00,000-64,51,419)രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-33 ഖനനം ചെയ്ത - മണ്ണ് ലേലം ചെയ്തില്ല – ഇതര അപാകതകൾ

ജില്ലാ പഞ്ചായത്ത് വാട്ടർ റിച്ച് പ്രോജക്ടിന്റെ ഭാഗമായും സൈഡ് പ്രൊട്ടക്ഷന്റെ ഭാഗമായും ഖനനം ചെയ്തത മണ്ണ ലേലം ചെയ്തതിൽ അപാകത സംഭവിച്ചു.

1. വാട്ടർ റിച്ച് പ്രോജക്ടിന്റെ ഭാഗമായി ചിറ നവീകരണ പ്രോജക്ടിന്റെ അപാകതകൾ ചുവടെ ചേർക്കുന്നു.

a. മനമൂട്ടിൽ ചിറ കുടിവെള്ള പദ്ധതി ലഭിച്ച മണ്ണ് ലേലം ചെയ്തില്ല

വാട്ടർ റിച്ച് പ്രോജക്ടിന്റെ ഭാഗമായി ചിറ നവീകരിച്ചപ്പോൾ ലഭിച്ച മണ്ണ് ലേലം ചെയ്തില്ല. പ്രോജക്ടിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നം | ഫയൽ നം - A4-70/17 |
| പ്രോജക്ട് നം | 314/17 |
| പ്രോജക്ടിന്റെ പേര് | മനമൂട്ടിൽ ചിറ കുടിവെള്ള പദ്ധതി,<br>തിരുമാറാടി പഞ്ചായത്ത് |
| അടങ്കൽ | 25,00,000.00 |
| എം ബുക്ക് നം/ഫീൽഡ് ബുക്ക് നം | 521/15-16,19/15-16 |
| കരാറുകാരൻ | സുബി പോൾ (എസ്റ്റിമേറ്റി നേക്കാൾ 21.77 % കുറവ്) |

അളവു പുസ്തകം പേജ് നം 79, 80 എന്നിവ പ്രകാരം 554.57 എം ക്യൂബ് മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ആയതിന് 200 രൂപ /m3 നിരക്കിൽ 110914 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു. എന്നാൽ ലഭിച്ച മണ്ണ് ലേലം ചെയ്ത് തുക ഈടാക്കിയില്ല.

ചെലവിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | തുക | ബിൽ നം/ ഡി ഡി നം /ചെക്ക് നം |
|---|---|---|
| 1 | 910752 | 3748495/ 17.5.2017 |
| 2 | 727401 (2017-18) | 2477852/ 25.10.2017 |

ലഭിച്ച മണ്ണ് ചെളി മണ്ണാണെന്നും കുളത്തിന്റെ സൗത്ത് വെസ്റ്റ് ഭാഗത്ത് ഡമ്പ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ അളവു പുസ്തകത്തിൽ ഇക്കാര്യങ്ങൾ രേഖപ്പെടുത്താതെ പിന്നീട് ഇക്കാര്യങ്ങൾ വിശദീകരിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

(b) മണ്ണ് ലേലം ചെയ്തതിലെ അപാകത – ചെന്നുള്ളിച്ചിറ പുത്തുക്ക വാട്ടർ റിച്ച് പ്രോജക്ട്

| | |
|---|---|
| ഫയൽ നം | ഫയൽ നം - A1-471/16 |
| പ്രോജക്ട് നം | 323/17 |
| പ്രോജക്ടിന്റെ പേര് | ചെന്നുള്ളിച്ചിറ പൂതുക്ക വാട്ടർ റിച്ച് പ്രോജക്ട്, പൂതുക്ക പഞ്ചായത്ത് |
| അടങ്കൽ | 25,00,000.00 |
| എം ബുക്ക് നം/ ഫീൽഡ് ബുക്ക് നം | 2/16-17,15/12-13 |
| കരാറുകാരൻ | ഡോ. സോണി കല്ലൂർ (എസ്റ്റിമേറ്റിനേക്കാൾ 24.93 % കുറവ്) |

എം ബുക്ക് പേജ് നം 47 പ്രകാരം 2059.01 എം ക്യൂബ് മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ആയതിന് 225.20/എം ക്യൂബ് നിരക്കിൽ 463689.05 രൂപ അനുവദിക്കുകയും ചെയ്തു. കുഴിച്ചെടുത്ത മണ്ണ് ശ്രീ ദീപക് വർക്കി ശശി എന്നയാളുടെ ഭൂമിയിൽ നിക്ഷേപിച്ച് പിന്നീട് ലേലം ചെയ്തു. ലേല നടപടികൾ താഴെ ചേർക്കുന്നു.

അസി: എഞ്ചിനീയർ നിർണ്ണയിച്ച മണ്ണിന്റെ അളവ് ,വില എന്നിവ താഴെ കൊടുക്കുന്നു.

| | |
|---|---|
| മണ്ണിന്റെ അളവ് | 1072 എം ക്യൂബ് |
| നിരക്ക് | 43.43/എം ക്യൂബ് |
| വില | 1072X43.43 = 46,557 |
| കുറവ് (ചളി മണ്ണ്) | 30% |
| കുറവ് (ബാക്ക് ഫില്ലിംഗ്) | 200 എം ക്യൂബ് |
| അവശേഷിക്കുന്ന അളവ് | 872 എം ക്യൂബ് |
| വില | 37871 രൂപ |

വടവുകോട് ബ്ലോക്ക് പഞ്ചായത്ത് 27.04.2017 ൽ 190/AEE/LSGD/VBP പ്രകാരം ലേല നോട്ടീസ് പുറപ്പെടുവിക്കുകയും 08.05.2017 ന് ലേലം നടത്തുകയും ചെയ്തു.ബാബുരാജ് കെ പി,രാമമംഗലം എന്നയാളുടെ 35100 രൂപയുടെ ലേലം ജില്ലാ പഞ്ചായത്ത് കമ്മറ്റി 17.05.2017 ലെ 11-ാം നം കമ്മറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. ലേലക്കാരൻ 10.04.2017 ലെ 117040100021 പ്രകാരം തുക അടച്ചു. നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 14.11.2017 ൽ ഓഡിറ്റ് എൻക്വയറി (നം 24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. ലേലം സംബന്ധിച്ച വിവരങ്ങൾ/രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല (മേൽ പറഞ്ഞ വിവരങ്ങൾ ഒഴികെ). ആയത് പരിശോധനക്ക് ലഭ്യമാക്കേണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.
2. കുഴിച്ചെടുത്ത മണ്ണ് 2059.01 എം ക്യൂബ് ആണെങ്കിലും ലേലം ചെയ്യുന്നതിന് കണക്കാക്കിയിരിക്കുന്ന അളവ് 1072 എം ക്യൂബ് ആണ്. 987 എം ക്യൂബ് മണ്ണ് കുറവായാണ് കണക്കാക്കിയിട്ടുള്ളത്.
3.ഒരു എം ക്യൂബ് മണ്ണിന്റെ 43.43 രൂപയായി നിർണ്ണയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല.

ചെലവിന്റ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| തുക | 2368945 |
| ട്രഷറി ബിൽ നം | 289/17/ 30.03.2017 |

അപാകത സംബന്ധിച്ച് പരിശോധിക്കേണ്ടതും യുക്തമായ തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

2) സൈഡ് പ്രൊട്ടക്ഷൻ വർക്കിന്റെ ഫലമായി ലഭിച്ച മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 260/17 |
| പ്രോജക്ടിന്റെ പേര് | ചാലു-ചെലക്കക്കടവ് റോഡ് ടാറിംഗ് സൈഡ് പ്രൊട്ടക്ഷൻ |
| അടങ്കൽ | 1500000 രൂപ |
| നിർവ്വഹണം | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കൺവീനർ | നാസർ ടി കെ (14.24% below estimate rate) |
| അളവ് പുസ്തകം | 349/15-16 |
| സാങ്കേതികാനുമതി | 317/EE/lsgd/15-16 dt. 01-10-2015 |
| കരാർ വിവരം | 332/EE/2015-16 തീ.28-12-2015 |
| ചെലവ് വിവരം (ചെക്ക് നമ്പർ/ തുക) | 579591/ 08.02.16 = 187952<br>585382 / 21.11.16 = 1020212 |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകത്തിന്റെ പേജ് 1,2 ലെ രേഖപ്പെടുത്തൽ പ്രകാരം 300 ഘനമീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഈ കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗ് വർക്കിന് ഉപയോഗിച്ചിട്ടില്ല. ഇനം ഒന്ന് പ്രകാരം കുഴിച്ചെടുത്ത മണ്ണിന് ഘനമീറ്ററിന് 225/-രൂപ നിരക്കിൽ 300m3 ന് 67500/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ മണ്ണിന്റെ വിനിയോഗ വിവരം സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലും അളവ് പുസ്തകത്തിൽ ഇല്ല. ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി ( 12/17,10.11.17)മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ടി പ്രവൃത്തിയിൽ മണ്ണ് അവിടെ തന്നെ ഫില്ല് ചെയ്തതായും,അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും അറിയിച്ചു. എന്നാൽ ഫയൽ പരിശോധിച്ചതിൽ മണ്ണ് ഫില്ല് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ഇത് എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിട്ടില്ല. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതാണ് എന്ന മറുപടിയും അംഗീകരിക്കുന്നില്ല. മണ്ണിന്റെ വിനിയോഗ വിവരം വിശദീകരിക്കേണ്ടതാണ്.

വാട്ടർ റിച്ച് പ്രോജക്ടിന്റേയും ഇതര മരാമത്ത് വേലകളുടേയും ഫലമായി ലഭിക്കുന്ന മണ്ണ് സുതാര്യമായ രീതിയിൽ ലേലം ചെയ്ത് ലേല തുക ജില്ലാ പഞ്ചായത്തിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

# 3-34 ആവശ്യമായതിലും അധിക അളവിൽ കമ്പി ഉപയോഗിച്ചത് -

1)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രവൃത്തി | പള്ളിനിലം റോഡ്- വരാപ്പുഴ ഗ്രാ.പ |
| പ്രോജക്ട് | So 1409/16 |
| കൺവീനർ | ശ്രീ. ടി. വി ഔസേപ്പച്ചൻ |
| എം ബുക്ക് | 522/14-15, 792/14-15 |
| ചെലവഴിച്ച തുക | Rs. 10,49,101/- |

റോഡിന്റെ സൈഡിൽ കാന പണിത് മുകളിൽ കോൺക്രീറ്റിംഗ് സ്ലാബ് വിരിക്കുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത് . എസ്റ്റിമേറ്റ് പ്രകാരം കോൺക്രീറ്റിംഗ് സ്ലാബ് അളവ് 40 m3 (69.00/10dm3 = 2,76,000/-) ആണ്. ഇതിന് ആവശ്യമായ കമ്പിയുടെ ഭാരം 80kg/ m3 ആയി കണക്കാക്കി 32 qtl.കമ്പി ( Rs.6,339/qtl = 202848) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എം ബുക്ക് പ്രകാരം ചെയ്ത കോൺക്രീറ്റിംഗ് സ്ലാബ് അളവ് 33.738 m3 മാത്രമാണ്. എന്നാൽ കമ്പിയുടെ ഭാരം എസ്റ്റിമേറ്റ് പ്രകാരം ലിമിറ്റ് ചെയ്തു എന്ന് രേഖപ്പെടുത്തി 46.9681 qtl കമ്പിയുടെ വിലയായി 2,97,731/- രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം കമ്പിയുടെ ഭാരം ലിമിറ്റ് ചെയ്യേണ്ടത് 26.99 qtl മാത്രമാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.58) ലഭിച്ച മറുപടിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമാണ് കമ്പി ഉപയോഗിച്ചത് എന്നാണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള കോൺക്രീറ്റിംഗ് ചെയ്തിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ശരിയായ കമ്പിയുടെ അളവ് കണക്കാക്കി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നം. | So 673/17, വയലകം - വാഴവളപ്പ് റോഡ് , പുത്തൻവേലിക്കര ഗ്രാ.പ |
| കരാറുകാരൻ | ശ്രീ. വി.ഒ ജോസ്. |
| എം ബുക്ക് | 844/15-16 |
| ചെലവ് തുക | Rs. 6,92,767/- |

റോഡിന്റെ സൈഡിൽ കാന പണിത് മുകളിൽ കോൺക്രീറ്റിംഗ് സ്ലാബ് ഇടുന്നതാണ് പ്രവൃത്തി. എസ്റ്റിമേറ്റ് പ്രകാരം കോൺക്രീറ്റിംഗ് സ്ലാബ് അളവ് 21/42 m3 (86.85/10dm3 = 1,86,039/-)ആണ്. ഇതിന് ആവശ്യമായ കമ്പിയുടെ ഭാരം 70kg/m3 ആയി കണക്കാക്കി 1.5 qtl കമ്പി ( Rs.93367/qtl=1,40,050.5) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല എസ്റ്റിമേറ്റ് പ്രകാരം സ്ലാബ് സൈസ് - 336 nos x .75 x .85 x .100 = 21.42m3 ആണ് . എം ബുക്ക് പ്രകാരം 15 cm കനത്തിലും 12 cm കനത്തിലുമാണ് സ്ലാബ് പണിതിരിക്കുന്നത്. എം.ബുക്ക് പ്രകാരം ചെയ്ത കോൺക്രീറ്റിംഗ് സ്ലാബ് അളവ് 12.945 m3 മാത്രമാണ്. എന്നാൽ കമ്പിയുടെ ഭാരം കണക്കാക്കിയിരിക്കുന്നത് 1900.526 kg കമ്പിയുടെ വിലയായി 1,33,306/- (70/kg) രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം കമ്പിയുടെ ഭാരം ലിമിറ്റ് ചെയ്യേണ്ടത് 906.15 kg മാത്രമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 61) മറുപടിയൊന്നുംനൽകിയില്ല. അധിക അളവിൽ കമ്പിയുടെ ഉപയോഗം വരാനിടയായതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

3)

| | |
|---|---|
| പ്രോജക്ട് നം. | So 600/17, പത്തകുത്തി സാംസ്കാരിക നിലയം നിർമ്മാണം , കല്ലൂർക്കാട് ഗ്രാ.പ |
| കരാറുകാരൻ | ശ്രീ.നെൽസൺ ജോസഫ് |
| എം ബുക്ക് | 301/15-16,337/15-16 |
| ചെലവ് തുക | Bill no. 452/2016-17 dtd 31/03/17 Rs. 16,46,270/- |

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ പത്തകുത്തി എന്ന സ്ഥലത്ത് സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനാണ് ഈ പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം ഈ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ RCC കോൺക്രീറ്റിന്റെ അളവ് താഴെ ചേർക്കുന്നു.

| ഇനം | കോൺക്രീറ്റിന്റെ അളവ് | എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തിയുടെ അളവ് | എസ്റ്റിമേറ്റ് ആവശ്യമായ കമ്പിയുടെ അളവ് | എം ബുക്ക് പ്രകാരം ഉപയോഗിച്ച കമ്പിയുടെ അളവ് |
|---|---|---|---|---|
| Column footing | 49.321m3 | 20.093m3 | 93.884x90kg/m3 =84.50quintal | 67.7987m3 |
| Column | 9.18m3 | 8.293m3 | | |
| Beam,Lintel | 16.270m3 | 11.506m3 | | |
| Slab | 16.539m3 | 16.673m3 | | |
| Sunshade | 2.574m3 | Not done | | |
| ആകെ | 93.884 | 56.565m3 | | |

67.7987m3 കമ്പിയുടെ വിലയായി ഒരു ക്വിന്റൽ കമ്പിയുടെ വിലയായി 7290/quintal 494253/- രൂപ നൽകിയിട്ടുണ്ട്. എം ബുക്ക് പ്രകാരം ചെയ്ത 56.565m3 പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് അനുസരിച്ച്(90kg/m3) 50.9085quintal കമ്പി മാത്രമാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ ഒരു ഘനമീറ്റർ കോൺക്രീറ്റ് ചെയ്തതിന് 120kg കമ്പി ഉപയോഗിച്ചിട്ടുണ്ട്. അധിക അളവിൽ കമ്പിയുടെ ഉപയോഗം വരാനിടയായത് വിശദീകരിക്കേണ്ടതാണ്.

# 3-35 തനത് ഫണ്ട് ചെലവ് രേഖകളിലെ അപാകതകൾ

1.താഴെ ചേർത്തിരിക്കുന്ന വൗച്ചറുകളിൽ ചെലവ് രേഖ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | തുക | തുക നൽകിയ വ്യക്തി/സ്ഥാപനം | അപാകത |
|---|---|---|---|---|
| 1 | 62/10/2016 | 1,50,000 | പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര ലഘൂകരണ യൂണിറ്റ്. | ചെലവ് രേഖ ലഭ്യമാക്കിയില്ല. |
| 2 | 59/11/2016 | 9,173 | ബൊലേറോ സർവ്വീസ് | ചെലവ് രേഖ ലഭ്യമാക്കിയില്ല. |
| 3 | 68/06/2016 | 64,000 | ബിൽഡിംഗ് ഡിസൈനിംഗ് ചാർജ്ജ് | ചെലവ് രേഖ ലഭ്യമാക്കിയില്ല. |

| | | | | |
|---|---|---|---|---|
| | ആകെ | 2,23,173 | | |

2. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഇംപ്രസ്റ്റ് അക്കൗണ്ടിൽ നിന്ന് 01.04.16 മുതൽ 31.03.2017 വരെ ചെലവു ചെയ്ത തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. എഞ്ചിനീയറുടെ വാഹനത്തിന് മേൽ കാലയളവിൽ ഡീസൽ നിറച്ചതിന്റെ ചെലവ് രേഖകളും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3. ജില്ലാ പഞ്ചായത്ത് സാക്ഷരത പ്രേരക് ശ്രീമതി കെ.കെ.റസിയക്കും,അസിസ്റ്റന്റ് പ്രേരക് ശ്രീ എ.കെ.രഘു എന്നിവർക്ക് പ്രതി മാസഹോണറേറിയമായ യഥാക്രമം 3,800 രൂപയും 2,900 രൂപയും വീതം വൗച്ചർ നം. 39/11/2016 പ്രകാരം (ഒക്ടോബർ മാസത്തെ ഹോണറേറിയം) 6,700 രൂപയും വൗച്ചർ നം 28/1/2017 പ്രകാരം (നവംബർ, ഡിസംബർ മാസങ്ങളിലെ ഹോണറേറിയം) 13,400 രൂപയും അടക്കം ആകെ 20,100 രൂപയും നൽകിയതായി കാണുന്നു. സാക്ഷരത മിഷനിൽ നിന്ന് തിരികെ ലഭ്യമാക്കാം എന്ന വ്യവസ്ഥയിൽ നടത്തിയ മേൽ ചെലവ് തുക സാക്ഷരത മിഷനിൽനിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ബിനു ബർനാഡ് എന്ന ജീവനക്കാരന്റെ കോൺട്രിബ്യൂട്ടറി പെൻഷൻ തുകയായ 1853 രൂപ 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ ജീവനക്കാരനിൽ നിന്ന് പിടിച്ചിട്ടുണ്ടെങ്കിലും പെൻഷൻ അക്കൗണ്ടിലേക്ക് ഒടുക്കിയതായി കാണുന്നില്ല. തുക ഒടുക്കി രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

5. ജീവനക്കാരിൽ നിന്നും പിടിക്കുന്ന വാട്ടർ ചാർജ്ജ് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുന്നില്ല. ആയത് ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## **3-36** ഡ്രൈ റബിൾ മേസണറി - തെറ്റായ അളവ് രേഖപ്പെടുത്തി അധിക തുക നൽകി

എൻ.എച്ച്. 47 നിലത്തിൽ പാടം റോഡ് എന്ന പ്രവൃത്തിയിൽ ഡ്രൈ റബിൾ മേസണറിയുടെ അളവ് രേഖപ്പെടുത്തിയപ്പോൾ പിശക് വന്നതു മൂലം അധിക തുക നൽകാനിടയായിട്ടുണ്ട്. അളവു പുസ്തകം 17/16-17 പേജ് 6 ഒന്നാം വരിയിലെ അളവ് പ്രകാരം 1x 40.0 x (0.50 + 0.40 )/ 2 = 18 എന്നാണ് രേഖ പ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈയിനത്തിൽ depth 0.50 mtr രേഖപ്പെടുത്താൻ വിട്ടുപോയിട്ടുണ്ട്. അളവു പുസ്തകത്തിൽ depth ഉൾപ്പെട്ട അളവ് രേഖപ്പെടുത്തിയത് വെട്ടി തിരുത്തി അധിക ഏരിയ കണക്കാക്കിയിരിക്കുന്നു. യഥാർത്ഥത്തിൽ രേഖപ്പെടുത്തേണ്ടത് 1x 40.0 x (0.50 + 0.40 )/ 2 × 0.50 = 9 $m^3$ ആണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രൊജക്ട് നം. / പേര് | S0263/17/ എൻ.എച്ച്. 47 നിലത്തിൽ പാടം റോഡ് (ഐക്കരനാട് ഗ്രാമ പഞ്ചായത്ത്) |
| കരാറുകാരൻ | എൻ.വി. മോഹനൻ |
| അളവു പുസ്തകം | 17/16-17 |

| | |
|---|---|
| ചെലവ് | 428/ 16-17/ 29.3.2017 = 903267/-<br>2477861/ 2.11.2017 = 219320 |
| ഇനം 5 പ്രകാരം ഡ്രൈ റബിൾ മേസണറി നൽകിയ തുക | 100.52 $m^3$ x 2722/$m^3$ = 273615.40 |
| നൽകാവുന്ന തുക | 91.52 $m^3$ x 2722/ $m^3$ = 249117.44 |
| അധികം | 24498/- രൂപ |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.63) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുകയായ 24498/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-37 അധിക അളവ് പ്രവൃത്തിക്ക് ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | എസ്. 1051/ 17/ എലുവുച്ചിറ കോളനി പാർശ്വഭിത്തി നിർമ്മാണം- ആവോലി |
| നിർവ്വഹണം | എക്സി. എഞ്ചിനീയർ |
| അടങ്കൽ | രൂ. 20,00,000 |
| കരാറുകാരൻ | ശ്രീ. ടെല്ലസ് സ്റ്റീഫൻ |
| അളവുപുസ്തകം | 640/15-16 |
| ചെലവ് | 1466870/- (2017-18) |

ഈ പ്രവൃത്തി ഐറ്റം നിരക്ക് അടിസ്ഥാനത്തിൽ ഈ-ടെണ്ടർ നടത്തിയതിൽ ശ്രീ. ടെല്ലസ് സ്റ്റീഫൻ സമർപ്പിച്ച 14,73,335 രൂപയുടെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ (26.30% കുറവ്) അംഗീകരിച്ചു. ഈ പ്രവൃത്തിയുടെ ചില ഇനങ്ങൾ കരാർ അളവിലും അധികമായി ചെയ്യുകയും അധിക അളവിന് ഈയിനങ്ങൾക്ക് അദ്ദേഹം പ്രത്യേകമായി ക്വോട്ട് ചെയ്ത നിരക്കിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ ഈ പ്രവൃത്തിക്ക് ശരാശരി 26.30% കുറവ് ക്വോട്ട് ചെയ്തപ്പോൾ അധിക പ്രവൃത്തി ചെയ്ത ഇനങ്ങൾക്ക് 12 ശതമാനവും 16 ശതമാനവും കുറഞ്ഞ നിരക്കാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. കരാർ അളവിലും അധികമായി ചെയ്ത പ്രവൃത്തിയുടെ അളവിന് ശരാശരി ടെണ്ടർ നിരക്കാണ് അനുവദിക്കേണ്ടത്.'ഏതെങ്കിലും ഒരു ഐറ്റത്തിന്റെ അളവ് കരാറുടമ്പടിയിലും കൂടുന്ന പക്ഷം അധികരിച്ച അളവിന് നൽകാവുന്ന നിരക്ക് കരാറുകാരൻ ടി പ്രവൃത്തിക്ക് ക്വോട്ട് ചെയ്ത നിരക്കോ, എസ്റ്റിമേറ്റ് നിരക്കോ ഏതാണ് കുറവ് എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ' എന്ന പൊതുവായ ടെണ്ടർ വ്യവസ്ഥ പ്രകാരം ഈ പ്രവൃത്തിയിൽ താഴെ പറയും പ്രകാരം അധികം തുക കരാറുകാരന് നൽകാൻ ഇടയായിട്ടുണ്ട്.

<table>
<tr><th rowspan="2">ക്രമ നം.</th><th rowspan="2">ഇനം</th><th colspan="2">എസ്റ്റിമേറ്റ് പ്രകാരം ($m^3$)</th><th colspan="2">ക്വോട്ട് ചെയ്തത്</th><th rowspan="2">ചെയ്ത അളവ്</th><th colspan="2">അനുവദിച്ചത്</th><th colspan="3">അനുവദിക്കാവുന്നത്</th><th rowspan="2">അധികം</th></tr>
<tr><th>അളവ്</th><th>നിരക്ക്</th><th>നിരക്ക്</th><th>കുറവ്</th><th>നിരക്ക്</th><th>തുക</th><th>അളവ്</th><th>നിരക്ക്</th><th>തുക</th></tr>
<tr><td rowspan="3">1</td><td rowspan="3">CC 1:2:4</td><td rowspan="3">53.60</td><td rowspan="3">9510.73</td><td rowspan="3">8000</td><td rowspan="3">16%</td><td rowspan="3">60.045</td><td rowspan="3">8000</td><td rowspan="3">480360</td><td>53.60</td><td>8000</td><td>428800</td><td rowspan="3">5588</td></tr>
<tr><td>6.445</td><td>7133</td><td>45972</td></tr>
<tr><td colspan="2">ആകെ</td><td>474772</td></tr>
</table>

<table>
<tr><td rowspan="3">2</td><td rowspan="3">CC 1:3:6</td><td rowspan="3">37.617</td><td rowspan="3">8187.92</td><td rowspan="3">7200</td><td rowspan="3">12%</td><td rowspan="3">67.428</td><td rowspan="3">7200</td><td>485482</td><td>37.617</td><td>7200</td><td>270842</td><td rowspan="3">31571</td></tr>
<tr><td rowspan="2"></td><td>29.811</td><td>6141</td><td>183069</td></tr>
<tr><td colspan="2">ആകെ</td><td>453911</td></tr>
<tr><td colspan="12">ആകെ</td><td>37159</td></tr>
</table>

മേൽപ്പറഞ്ഞ പ്രകാരം കരാർ അളവിനേക്കാൾ അധികരിച്ച പ്രവൃത്തിയുടെ അളവിന് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചതിനാൽ ഈ പ്രവൃത്തിയിൽ 37159 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.60 ) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുകയായ 37159 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## **3-38** എക്സ്ട്രാ ഐറ്റത്തിന് ടെണ്ടർ കുറവ് ബാധകമാക്കിയില്ല-രൂപ **7194** നഷ്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | എസ്. 0957/17 / മാടശ്ശേരി കോളനി വികസനം – കുന്നത്തുനാട് |
| അടങ്കൽ | രു. 10,00,000 |
| കരാറുകാരൻ | ശ്രീ. എൻ.വി.മോഹനൻ |
| അളവുപുസ്തകം | 09//16-17 |
| ചെലവ് | 71/17-18 തീയതി 21-06-2017 രു. 807376/- |
| കരാർ | 180/EE/LSGD/161-17 തീയതി 14-02-2017 |

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഈ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതിൽ 878106 രൂപ ക്വോട്ട് ചെയ്ത ശ്രീ. എൻ.വി.മോഹനന്റെ 12.13 % കുറവ് നിരക്ക് ടെണ്ടർ അംഗീകരിച്ചു. ഈ പ്രവൃത്തിയിൽ എക്സ്ട്രാ ഇനമായി ചെയ്ത താഴെ പറയുന്ന പ്രവൃത്തികളിൽ മേൽപ്പറഞ്ഞ ടെണ്ടർ കുറവ് ബാധകമാക്കാതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്.

| അനുവദിച്ചത് | | | | | അനുവദിക്കാവുന്നത് | | അധികം |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക് | തുക | നിരക്ക് (12.13%കുറവ്) | തുക | |
| 1 | ക്വാറി മക്ക് ഫില്ലിംഗ് | 63 എം.3 | 941.30 | 59,302 | 827.12 | 52108 | 7194 |

എക്സ്ട്രാ ഐറ്റത്തിന് പ്രവൃത്തി ചെയ്യുന്ന കരാറുകാരന്റെ അംഗീകൃത ടെണ്ടർ നിരക്ക് മാത്രമാണ് അനുവദിക്കാവുന്നത്. അതായത്, കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കുകൾ പ്രകാരമുള്ള ആകെ തുക PAC യുടെ എത്ര ശതമാനം കുറവാണെന്ന് കണക്കാക്കി അത്രയും ശതമാനം മാത്രമാണ് എക്സ്ട്രാ ഐറ്റത്തിന്റെ നിരക്കിലും അനുവദിക്കാവുന്നത്. ഇത് ടെണ്ടർ നോട്ടീസിലെ അംഗീകരിക്കപ്പെട്ട വ്യവസ്ഥയാണ്. അതനുസരിച്ച്, മേൽപ്പറഞ്ഞ പ്രകാരം എക്സ്ട്രാ ഇനമായി ചെയ്ത പ്രവൃത്തികളിൽ ടെണ്ടർ കുറവ് ബാധകമാക്കാതെ ബിൽ തുക നൽകിയതിനാൽ മേൽപ്പറഞ്ഞ പ്രകാരം 7194/- രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.62) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുകയായ 7194/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ്

എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നഗരസഭ | 2016-17 | 1.ഏലൂർ നഗരസഭ (5,00,000 രൂപ) | Water rich district (പ്രൊജക്ട് നം.1613/15 ) | 0 | 5,00,000 |
| | | 2.ആലുവ നഗരസഭ (3,00,000 രൂപ) | മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ പ്രൊജക്ട് നം.1425/16 | | 3,00,000 |
| | | 3.ഏലൂർ നഗരസഭ (5,00,000 രൂപ) | മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ (പ്രൊജക്ട് നം.1425/16 ) | | 5,00,000 |
| ഗ്രാമ പഞ്ചായത്ത് | 2016-17 | 1.തിരുമാറാടി ഗ്രാ.പ (2,33,561 രൂപ ) | Water rich district പ്രൊജക്ട് നം.1613/15 | 0 | 2,33,561 |
| | | 2.മുളന്തുരുത്തി ഗ്രാ.പ ( 2,35,914രൂപ ) | | | 2,35,914 |
| | | 3.ആലങ്ങാട് ഗ്രാ.പ (3,00,000 രൂപ ) | | | 3,00,000 |
| | | 4.കരുമാല്ലൂർ ഗ്രാ.പ (3,00,000 രൂപ ) | | | 3,00,000 |
| | | 5.കടുങ്ങല്ലൂർ ഗ്രാ.പ . 10,00,000 രൂപ | ആധുനിക ഗ്യാസിഫയർ ക്രിമറ്റോറിയം | | 10,00,000 |
| | | 6.എളങ്കുന്നപ്പുഴ ഗ്രാ.പ 10,00,000 രൂപ | | | 10,00,000 |
| | | 7.ഞാറക്കൽ ഗ്രാ.പ 10,00,000 രൂപ | | | 10,00,000 |
| | | 8.ആമ്പല്ലൂർ ഗ്രാ.പ 7,50,000 രൂപ | | | 7,50,000 |
| ഗ്രാമ പഞ്ചായത്ത് | 2016-17 | 9.മുളന്തുരുത്തി ഗ്രാ.പ 1,99,248 രൂപ | മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ (പ്രൊജക്ട് നം.1425/16 ) | 0 | 1,99,248 |

| | | | | | |
|---|---|---|---|---|---|
| | | 10.ചെല്ലാനം ഗ്രാ.പ 19,000 രൂപ | സ്റ്റുഡന്റ്സ് ഹോസ്റ്റൽ പ്രൊ.നം.(1277/16 ) | | 19,000 |
| | | 11.ചോറ്റാനിക്കര ഗ്രാ.പ 1,00,000 രൂപ | | | 1,00,000 |
| | | 12.എടവനക്കാട് ഗ്രാ.പ 2,000 രൂപ | | | 2,000 |
| | | 13.തിരുമാറാടി ഗ്രാ.പ ( 9,334 രൂപ ) | | | 9,334 |
| | | 14ശ്രീമൂലനഗരം ഗ്രാ.പ 11,20,000 രൂപ | ഐസ്ക്രീം കനോപ്പി വെഹിക്കിൾ പ്രൊ.നം.(299/16 ) | | 11,20,000 |
| | | 15.ആലങ്ങാട് ഗ്രാ.പ 1,00,000 രൂപ | മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ പ്രൊജക്റ്റ് നം.1425/16 ) | | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1.കോതമംഗലം ബ്ലോ.പ 10,00,000 രൂപ | ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ (പ്രൊ.നം.680/16 ) | 0 | 10,00,000 |
| | | 2.കോതമംഗലം ബ്ലോ.പ ( 9,334 രൂപ ) | സ്റ്റുഡന്റ്സ് ഹോസ്റ്റൽ പ്രൊ.നം.(1277/16 ) | | 9,334 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എക്സിക്യൂട്ടീവ് എൻജിനീയർ, PWDElectrical division, തൃശ്ശൂർ | എസ് 1030/17 (കച്ചേരിപ്പടി ആയുർവേദ ആശുപത്രി ലിഫ്റ്റ്) | വൌച്ചർ നമ്പർ -21601266, 21601270 18.02.2017 | 30,00,000 | 0 | 30,00,000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | നേര്യമംഗലം ജി.വി. എച്.എസ്.എസ് ലെ ബോർവെൽ നിർമ്മാണം | വൌച്ചർ നം. 21601178, 31.01.17 | 2,56,000 | 0 | 2,56,000 |
| കേരള വാട്ടർ അതോറിറ്റി | 1.മലനിരപ്പ് എസ്.സി കോളനി | വൌച്ചർ നം-21601658/ 30.03.2017 | 45,00,000 | 0 | 45,00,000 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി (എടക്കാട്ടു വയൽ ഗ്രാ.പ. ) | | | | |
| | 2.പ്രളയക്കാട് കുടിവെള്ള പദ്ധതി (മുടക്കുഴ ഗ്രാ.പ) പ്രൊ.നം.1271/17 | വൌച്ചർ നമ്പർ -21601730, 21601731, 21601812 31.03.2017 | 10,00,000 | | 10,00,000 |
| | 3.മണിയംതടം കുടിവെള്ള പദ്ധതി (പ്രൊ. നം. 920/17) | വൌച്ചർ നമ്പർ- 21601813, 31.03.2017 | 10,00,000 | | 10,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

മൊബിലൈസേഷൻ അഡ്വാൻസായി 2016-17 വർഷത്തിൽ ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ വായ്പതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

2016-17 വർഷത്തിലെ വാർഷിക കണക്കുകൾ പ്രകാരമുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,35,05,533 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 3,35,05,533 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 31,20,710 |
| വർഷാവസാനം അവശേഷിക്കുന്നസ്ഥിര നിക്ഷേപം | 3,03,84,823 |
| തൻവർഷം പലിശയിനത്തിൽ ലഭിച്ച തുക | 2,02,222 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | A/c no.0137106000014465 dt 03.01.2016 IDBI Bank Elamkulam Branch | 15,60,355 |
| 2 | A/c no.0137106000014474 dt 03.01.2016 IDBI Bank Elamkulam Branch | 15,60,355 |

| | | |
|---|---|---|
| 3 | A/c no.0137106000019017 dt 03.01.2016 IDBI Bank Elamkulam Branch | 15,60,355 |
| 4 | A/c no.0137106000014580 dt 03.01.2016 IDBI Bank Elamkulam Branch | 15,60,355 |
| 5 | A/c no.0137106000014599 dt 03.01.2016 IDBI Bank Elamkulam Branch | 15,60,355 |
| 6 | A/c no.0137106000014571dt 03.01.2016 IDBI Bank Elamkulam Branch | 15,60,355 |
| 7 | A/c no.0137106000019035 dt 03.01.2016 IDBI Bank Elamkulam Branch | 15,60,355 |
| 8 | A/c no.0137106000019062 dt 03.01.2016 IDBI Bank Elamkulam Branch | 15,60,355 |
| 9 | A/c no.0137106000010557 dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| 10 | A/c no.0137106000010566 dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| 11 | A/c no.0137106000010575 dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| 12 | A/c no.0137106000010609 dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| 13 | A/c no.0137106000010584 dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| 14 | A/c no.0137106000010593dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| 15 | A/c no.0137106000010618dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| 16 | A/c no.0137106000010627 dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| 17 | A/c no.0137106000010636 dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| 18 | A/c no.0137106000010645 dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| 19 | A/c no.0137106000010654 dt 17.02.2016 IDBI Bank Elamkulam Branch | 16,27,453 |
| | Total | 3,03,84,823 |

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ 2016-17 വർഷത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 28 | 2005-06 | 1 | റോഡ് പുനരുദ്ധാരണം ടാർ വില ഈടാക്കിയില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2006-07 | 3-16 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(1) | ആസ്തി സംരക്ഷണ ത്തിൽ വീഴ്ച | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(2) | ഫാം കൃഷി ഭൂമികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. | മറുപടി സർക്കാരിന് സമർപ്പിച്ചു. |
| 2012-13 പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2012-13 | 3.2.6(3) | കെട്ടിട സൗകര്യങ്ങൾ അപര്യാപ്തം | മറുപടി സർക്കാരിന് സമർപ്പിച്ചു. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66,69,28,625 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62,63,20,459 |
| വരവിനങ്ങളിലുള്ള നഷ്ടം | 13,790 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,84,151 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,90,52,967 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-3 | 13790 | - | ശ്രീമതി സജിമോൾ, സൂപ്രണ്ട്, നേര്യമംഗലം കൃഷി ഫാം |
| 3-1-1 | - | 36266 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-1-2 | - | 33532 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | - | 19619 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3-1 | - | 2887 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3-2 | - | 5597 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4-1 | - | 29528 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4-2 | - | 34971 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | - | 24748 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7 | - | 42995 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8 | - | 26910 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | - | 9078 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-14 | - | 46848 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-17 | - | 32500 | ശ്രീമതി ടാനി തോമസ്, ജില്ലാ മിഷൻ കോ ഓർഡിനേറ്റർ, കുടുംബശ്രീ |
| 3-18 | - | 20000 | ശ്രീ ജോസ് ജേക്കബ്, ഡെപ്യൂട്ടിഡയറക്ടർ, ഡയറി |
| 3-26 | - | 100000 | ശ്രീമതി ഷൈലജ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| 3-36 | - | 24498 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| ആകെ | 13790 | 4,89,977 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-16 | 500000 | ശ്രീമതി ടാനി തോമസ്, ജില്ലാ മിഷൻ കോ ഓർഡിനേറ്റർ, കുടുംബശ്രീ |
| 3-19 | 2662125 | ശ്രീമതി ടാനി തോമസ്, ജില്ലാ മിഷൻ കോ ഓർഡിനേറ്റർ, കുടുംബശ്രീ |
| 3-20 | 3000000 | കെ കെ അബ്ദുൾ റഷീദ് , സെക്രട്ടറി |
| 3-21 | 531248 | ശ്രീ സി.എ. സന്തോഷ്, ഡെപ്യൂട്ടിഡയറക്ടർ , വിദ്യാഭ്യാസം |
| 3-22 | 62688543 | ശ്രീ ബിൻസ് സി. തോമസ്, പ്രൊജക്ട് ഡയറക്ടർ ദാരിദ്ര ലഘൂകരണ യൂണിറ്റ് |
| 3-24-1 | 450000 | ഡോ. പ്രസന്ന ഷാജൻ, സൂപ്രണ്ട്, ജില്ലാആശുപത്രി, അലോപ്പതി |
| 3-24-2,3,4 | 13159201 | കെ കെ അബ്ദുൾ റഷീദ് , സെക്രട്ടറി |
| 3-28-1 | 4500000 | കെ കെ അബ്ദുൾ റഷീദ് , സെക്രട്ടറി |
| 3-28-2 | 1000000 | കെ കെ അബ്ദുൾ റഷീദ് , സെക്രട്ടറി |
| 3-28-3 | 561850 | കെ കെ അബ്ദുൾ റഷീദ് , സെക്രട്ടറി |
| | 89052967 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 8018 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-12 | 86156 | ശ്രീമതി ജലജാമണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 94174 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| കെ കെ അബ്ദുൾ റഷീദ് , സെക്രട്ടറി | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, എറണാകുളം | കോട്ടത്തറ ഹൗസ്, പാനായിക്കുളം.പി ഒ, ആലങ്ങാട്,പിൻ 683511 |
| ശ്രീമതി ജലജാ മണി വി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളം ജില്ലാ പഞ്ചായത്ത് | സൗപർണിക, പെരിങ്ങഴ, HMT. കോളനി. പി.ഒ., കളമശ്ശേരി, എറണാകുളം |
| ശ്രീ സി.എ. സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | ഡെപ്യൂട്ടിഡയറക്ടർ, വിദ്യാഭ്യാസം, എറണാകുളം | ചെറുമുട്ടത്ത് ഹൗസ്, കിഴുമുറി പി.ഒ. രാമമംഗലം , എറണാകുളം |
| ശ്രീമതി ടാനി തോമസ്, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | ജില്ലാ മിഷൻ കോ ഓർഡിനേറ്റർ, കുടുംബശ്രീ, എറണാകുളം | ലൗഷോർ, മസ്ജിദ് റോഡ്, HMT കോളനിപി.ഒ., കളമശ്ശേരി, എറണാകുളം |
| ശ്രീമതി ഷൈലജ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | ശ്രീജയം, കുന്നംഭാഗം റോഡ്, പൊന്നുരുന്നി |
| ഡോ. പ്രസന്ന ഷാജൻ, സൂപ്രണ്ട്, | ജില്ലാ ആശുപത്രി, ആലുവ | വാലിച്ചിറ, പറമ്പിൽ, ഏലൂർ നോർത്ത്, ഉദ്യോഗമണ്ഡൽ, എറണാകുളം |
| ശ്രീമതി സജിമോൾ, സൂപ്രണ്ട്, കൃഷി ത്തോട്ടം, നേര്യ മംഗലം | ലഭ്യമാക്കിയില്ല | കുഞ്ഞാറ്റ ഹൗസ്, ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ റോഡ്, മൂവാറ്റുപുഴ – 686 661, എറണാകുളം |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡി കകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.(സി 1) 310/05തീ. 5.12.2005 | 19 |
| 1997-98 | എൽ.എഫ്.ഇ.(സി 1) 458/03,തീ.04.10.06 | 96 |
| 1998-99 | എൽ.എഫ്.ഇ.(സി 1) 396/10,തീ.10.05.10 | 83 |
| 1999-00 | എൽ.എഫ്.ഇ.(സി 1) 162/05,തീ.02.11.06 | 43 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.ഇ.(സി 1) 1308(2)/07 /30.1.08 | 32 |
| 2001-02 | എൽ.എഫ്.ഇ.(സി 1) 725(1)/06 / 5.2.2008 | 14 |
| 2002-03 | എൽ.എഫ്.ഇ.(സി 1) 736/09 / 10.03.2010 | 31 |
| 2003-04 | എൽ.എഫ്.ഇ. (സി 1)353(1) /09 / 08.04.09 | 23 |
| 2004-05 | എൽ.എഫ്.ഇ.(സി 1) 1642/10,തീ.19.06.12 | 27 |
| 2005-06 | എൽ.എഫ്.ഇ.(സി 1) 1202/12 /10.07.12 | 21 |
| 2006-07 | എൽ.എഫ്.ഇ.(സി1) 442/10 , തീ.21.01.15 | 68 |
| 2007-08 | എൽ.എഫ്.ഇ.(സി 1)1659/10 /12.02.15 | 20 |
| 2008-09 | എൽ.എഫ്.ഇ.(ഇ4)122/12 ,തീ. 01.06.15 | 33 |
| 2009-10 | എൽ.എഫ്.ഇ.(ഡി.പി )1137/14/ 19.2.2015 | 30 |
| 2010-11 | എൽ.എഫ്.ഇ.(ഇ4)1059/13 ,തീ. 18.02.15 | 32 |
| 2011-12 | എൽ.എഫ്.19426/ സ്പെഷ്യൽ സെൽ /തീ.07.07.2015 | 34 |
| 2012-13 | എൽ.എഫ്.ഇ.(എം2) 207/14 ,തീ. 03.12.14 | 17 |
| 2013-14 | KSAEKM (ബി.പി3) 2134/15,തീ.02.04.16 | 30 |
| 2014-15 | KSAEKM (ബി.പി)457/17 | 29 |
| 2015-16 | KSAEKM (ബി.പി)/17/ 31.5.17 | 40 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്,

എറണാകുളം

# അനുബന്ധം- 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(ഡി.പി.)2204/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി :23/12/2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

.

APPENDIX 1

No. KSA-EKM(D.P) 2204/17

Kerala State Audit Department,
District Audit Office, Ernakulam
Date: 23.12.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Ernakulam District Panchayat for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Ernakulam District panchayat for the year 2016-17 properly presents the picture of income and expenditure.

JOINT DIRECTOR

.

# അനുബന്ധം - 5

## ജില്ലാപഞ്ചായത്ത് വിഭാവനം ചെയ്ത പദ്ധതികൾ

1. തെങ്ങുകയറ്റം തൊഴിലും തൊഴിലാളിയും ( പരിശീലനം )- 15 ലക്ഷം

2. എന്റെ കൃഷി- ഗ്രോ ബാഗ് കൃഷി - 25 ലക്ഷം

3. മത്സ്യ വർഷം -10 ലക്ഷം

4. ആധുനിക ദ്രുത സംരംഭാലയം (സ്റ്റാർട്ട്- അപ്പ്) - 25 ലക്ഷം

5. ഓപ്പൺ എയർ സ്റ്റേജ്- 10 ലക്ഷം

6. അതിരടയാള ശിലകൾ- 5 ലക്ഷം

7. ഇരുളിൽ ഒരു ഇരുപ്പിടം- 21 ലക്ഷം

8. ഇ -ഫയൽ സമ്പ്രദായം,ജില്ല പഞ്ചായത്ത് കാര്യാലയത്തിൽ -7ലക്ഷം

9.ചരിത്രം സൃഷ്ടിക്കപ്പെടുന്ന -ഡോക്യുമെന്ററി-5ലക്ഷം

10.സൗരോർജ്ജ ജലധാര പദ്ധതി -10ലക്ഷം

11.ഗോകുലം -ക്ഷീരകുലം പദ്ധതി -10ലക്ഷം

12.കയ്യാല -കയ്യാലക്കെട്ട്-പദ്ധതി -1കോടി

13.നെല്ലറ, സർവ്വേ -1ലക്ഷം

14.മരം -ധനം -പദ്ധതി -10ലക്ഷം

15.പൊക്കാളി -ഒരു പെരുമയും നൂറുമേനിയും പദ്ധതി-40ലക്ഷം

16.കുട്ടിപ്പശു -വെച്ചൂർ പശു -10ലക്ഷം

17.കണ്ടൽക്കാടുകൾ കരുതലും കാവലും പദ്ധതി -1ലക്ഷം

18.മത്സ്യ ശീതീകരണി -10ലക്ഷം

19.കൈത്തറി വിപണന കേന്ദ്രങ്ങൾ -10ലക്ഷം

20.പാൽ പാക്കിംഗ് യന്ത്ര വിതരണം -10ലക്ഷം

21.വിജയവീഥി -12ലക്ഷം

22.കടമ്പകൾ,മോചനം,വിമോചനം -പദ്ധതി -10ലക്ഷം

23.കാതോരം – പദ്ധതി -5ലക്ഷം

24.ജീവനികുഞ്ജം -10ലക്ഷം

25.വിഭിന്നം -പരിരക്ഷപദ്ധതി -53ലക്ഷം

26.വയോധിക സദിരുകൾ -പദ്ധതി -1ലക്ഷം

27.നവം,നവീനം, പഠനാലയം പദ്ധതി( സ്മാർട്ട് ക്ളാസ്സ് റൂം) -75ലക്ഷം

28.കൃഷിപാഠം -പദ്ധതി -5ലക്ഷം

29.പഠനാമൃതം -പദ്ധതി -5ലക്ഷം

30.വാചികഭാഷ്യം -പദ്ധതി -1ലക്ഷം

31.സാഹിതീയം -പദ്ധതി -2ലക്ഷം

32.കാർഷികവേദി -പരിപാടി -2ലക്ഷം

33.മുഖമുദ്ര -തിരിച്ചറിയൽ കാർഡ് പദ്ധതി -2ലക്ഷം

34.വിദ്യാദാനം -പദ്ധതി -50ലക്ഷം

35.ഭക്ഷ്യതരംഗം പദ്ധതി -10ലക്ഷം

36.വിവരം വിനിമയം പദ്ധതി -1കോടി

37.വിവര സാങ്കേതിക വ്യൂഹം -പദ്ധതി -30ലക്ഷം

38.അഗ്നി രക്ഷാകവചം -പദ്ധതി -10ലക്ഷം

39.മാതൃകാ വിദ്യാലയ പദ്ധതി -2കോടി

40.രചനോത്സവം -1ലക്ഷം

41.ഈ പുഴ എന്റെ പുഴ -1ലക്ഷം

42.ആരോഗ്യ ബോധിനി -പദ്ധതി -2ലക്ഷം

43.യാത്രാപഥം ബോധന പരിപാടി -2ലക്ഷം

44.നിയമ പരിപാലനം -ഒരറിവേട് -2ലക്ഷം

45.നിയമപാഠ പരിപാടി -2ലക്ഷം

46.യുവതയും യുവപ്രഭാവവും -പദ്ധതി -2ലക്ഷം

47.കൌമാരം,കർമ്മ കാണ്ഡം -പദ്ധതി -2ലക്ഷം

48.പ്രവാസി,വിദ്യാദാന പദ്ധതി -2ലക്ഷം

49.വിദ്യാർജ്ജന പുരസ്കാരം പദ്ധതി -10ലക്ഷം

50.വിദ്യാലയ സൂര്യായാനം -പദ്ധതി-5ലക്ഷം

51.ജില്ലാ ആശുപത്രി,വികസന പദ്ധതി -1.5കോടി

52.തണൽപുരകൾ തണ്ണീർ പന്തൽ പദ്ധതി-25ലക്ഷം

53.കാൻസർകരുതലും കണ്ടെത്തലും -പദ്ധതി -1കോടി

54.കൈത്താങ്ങ്- പദ്ധതി -5ലക്ഷം

55.ജില്ലാ ആയുർവേദ ആശുപത്രിയിൽ സോളാർ പാനൽ -5 ലക്ഷം

56.സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് – (4 കോടി,ജില്ലാപഞ്ചായത്ത് വിഹിതം-60 ലക്ഷം)

57.ആധുനിക അറവുശാലകൾ- (12.5 കോടി – ജില്ലാപഞ്ചായത്ത് വിഹിതം -1.875 കോടി)

58.ജീവ ശുദ്ധി പദ്ധതി-12.5 ലക്ഷം

59.പാതയോര ശൗചാലയങ്ങളും വഴിയോര വിശ്രമ കേന്ദ്രങ്ങളും -1 കോടി

60.ജീവതരംഗം -സാന്ത്വന പദ്ധതി -3 ലക്ഷം

61.വൈദ്യ കലാനിധി പദ്ധതി -3 ലക്ഷം

62.ആതുരം -ഗൃഹാതുരം -പദ്ധതി -10 ലക്ഷം

63.പ്രവാസി- ആരോഗ്യ സുരക്ഷ പദ്ധതി-10ലക്ഷം

64.വിധവകൾക്ക് കിയോസ്കുകൾ-1കോടി

65.സ്ത്രീ ജ്വാലാ പദ്ധതി-20ലക്ഷം

66.പെൺ വിജ്ഞാനം -പദ്ധതി -10ലക്ഷം

67.ഐസ് ക്രീം കനോപ്പികൾ -1കോടി

68.ഗ്രന്ഥദാനം പദ്ധതി -14ലക്ഷം

69.വേഴാമ്പൽ കുടിനീർ പദ്ധതി -1കോടി

70.ഗാണ്ഡീവം -പദ്ധതി -5ലക്ഷം

71.ഗോത്രഗാഥ -സാംസ്കാരിക സമുച്ചയം -25ലക്ഷം